
82
1934-2016
TRICHUR
ARCHDIOCESAN
BULLETIN
AUGUST 2016

പാവനസ്മരണയ്ക്ക്



# റവ. ഫാ. പോൾ വട്ടക്കുഴി

21.09.1956 – 30.06.2016

അതിരൂപതയുടെ
പ്രാർത്ഥനാഞ്ജലികൾ

TRICHUR
ARCHDIOCESAN
**Bulletin**

പുസ്തകം : 83
ആഗസ്റ്റ് 2016
ലക്കം : 8

# ഈ ലക്കത്തിൽ


- ❖ സർക്കുലർ 5
- ❖ കച്ചേരികാര്യം 18
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ആഗസ്റ്റ് 27
- ❖ സഹായമെത്രാന്റെ പരിപാടികൾ - ആഗസ്റ്റ് 28
- ❖ നാളാഗമം 31
- ❖ സാമ്പത്തിക കാര്യാലയം 33
- ❖ വൈദികർ 38
- ❖ പാസ്റ്ററൽ കൗൺസിൽ 41
- ❖ അതിരൂപത അസംബ്ലി 44
- ❖ സന്യസ്തർ 46
- ❖ സ്ഥാപനങ്ങൾ 50
- ❖ സാന്ത്വനം 75
- ❖ സംഘടനകൾ 78


*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

1282/2016 C-9
02/06/2016

# സർക്കുലർ

പ്രിയ ബഹു. വൈദികരേ, ബ്രദേഴ്സ്, സിസ്റ്റേഴ്സ്,

അതിരൂപതമന്ദിരത്തിൽനിന്നും നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹാശംസകൾ!

ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കത്തിനായി നാം പ്രത്യകമായി നീക്കിവെച്ചിട്ടുള്ള മാസമാണല്ലോ ജൂൺമാസം. ഈശോയുടെ തിരുഹൃദയത്തിന്റെ കൃപകൾ നിങ്ങൾക്ക് സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് ഈ അവസരത്തിൽ ഞാൻ പ്രാർത്ഥിക്കുന്നു.
നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കേണ്ട ആരാധനക്രമ നിർദ്ദേശങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കാനാണ് ഞാൻ ഈ സർക്കുലർ നിങ്ങൾക്ക് അയക്കുന്നത്. ദീർഘനാളത്തെ ചർച്ചകൾക്കും പരിചിന്തനത്തിനും ശേഷമാണ് സഭയുടെ പൊതു നിർദ്ദേശങ്ങൾക്ക് വിധേയമായി നമ്മുടെ അതിരുപതയിൽ പ്രാവർത്തികമാക്കേണ്ട ആരാധനക്രമരീതികളെക്കുറിച്ച് 2014 ഏപ്രിൽ മാസം ഇടയലേഖനത്തിലൂടെ നിങ്ങളെ അറിയിച്ചത്. ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ഈ അടുത്ത കാലത്തായി പല പള്ളികളിലും സ്ഥാപനങ്ങളിലും പല തരത്തിൽ വി. കുർബാന അർപ്പിക്കുന്നതായി പരാതി ലഭിച്ചിരിക്കുന്ന സാഹചര്യത്തിലാണ് ഇക്കാര്യം വീണ്ടും നിങ്ങളെ ഓർമിപ്പിക്കുന്നത്.
ആരാധനക്രമവുമായി ബന്ധപ്പെട്ട് ഏതാനും കാര്യങ്ങൾ കൂടി നിങ്ങളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

**1. ആരാധനക്രമ വിശ്വാസപരിശീലനം (Mystegogical Catechesis)**

സീറോ മലബാർ സഭയുടെ ആരാധനക്രമത്തിന്റെ അന്തസത്ത, ചരിത്രം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, പ്രായോഗിക നിർദ്ദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി തീവ്ര നിലപാടുകൾ ഒഴിവാക്കി മെത്രാൻമാരുടെ സിനഡ് 2015 ഓഗസ്റ്റിൽ പുറത്തിറക്കിയ ഗ്രന്ഥമാണ് "സീറോമലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം". സീറോമലബാർ സഭയിലെ ഏല്ലാ വൈദികരും സമർപ്പിതരും മതാദ്ധ്യാപകരും അവശ്യം

അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് ഇതിലുള്ളത്, ഈ പുസ്തകം പഠിക്കാനും പഠിപ്പിക്കാനും നടപടികൾ സ്വീകരിക്കുമല്ലോ.

**2. ദപ്പ (കുർബാനക്കല്ല്)**

സീറോ മലബാർ സഭയുടെ ആരാധനക്രമ നിയമമനുസരിച്ച് വി. തൈലം ഉപയോഗിച്ച് കൂദാശ ചെയ്ത അൾത്താരയിലല്ലാതെ മറ്റു പീഠങ്ങളിൽ കുർബാന അർപ്പിക്കുന്നുണ്ടെങ്കിൽ നിർബന്ധമായും കൂദാശ ചെയ്ത ദപ്പ അഥവ കുർബാനക്കല്ല് ഉപയോഗിക്കേണ്ടതാണ്. 2016 ജനുവരിയിലെ സിനഡ് വീണ്ടും ഇക്കാര്യം ഓർമ്മപ്പെടുത്തുകയുണ്ടായി. അതിനാൽ നമ്മുടെ അതിരൂപതയിലെ പള്ളികളിലും, സന്യാസ ഭവനങ്ങളിലും, സ്ഥാപനങ്ങളിലും കുർബാന അർപ്പിക്കുന്നത് കൂദാശ ചെയ്ത അൾത്താരയിലല്ലെങ്കിൽ ദപ്പ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അൾത്താരയിലല്ലാതെ മറ്റു സ്ഥലങ്ങളിൽ കുർബാന (പലപ്പോഴും) ചൊല്ലേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്ത് എല്ലാ ഇടവക പള്ളികളിലും ദപ്പ ഉണ്ടാകേണ്ടതാണ്. ഈ ആവശ്യത്തിനായി ദപ്പ അതിരൂപതയിൽ തന്നെ നിർമ്മിക്കാൻ ഉദ്ദശിക്കുന്നു. ദപ്പ ആവശ്യമുള്ള പള്ളികളും സന്യാസഭവനങ്ങളും സ്ഥാപനങ്ങളും അവയുടെ എണ്ണം 2016 ജൂലൈ 15ന് മുൻപായി അതിരൂപതാകാര്യാലയത്തിൽ (Finance Office) അറിയിക്കേണ്ടതാണ്.

**3. പള്ളിയുടെ ഘടന/ ബേമ്മ**

പുതിയ പള്ളികൾ നിർമ്മിക്കുമ്പോൾ സീറോ മലബാർ സഭയുടെ ആരാധനക്രമമനുസരിച്ചുള്ള ഘടനയാണ് ഉള്ളതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സാർവ്വത്രിക സഭയുടെ പൊതുആരാധനക്രമചൈതന്യവും സീറോ മലബാർ സഭയുടെ പ്രത്യേക നിയമവും അനുസരിച്ച് ബലിപീഠത്തിൽ (അൾത്താര) നിന്നും വ്യത്യസ്തമായി വചനവേദി അഥവാ ബേമ്മ ഉണ്ടായിരിക്കേണ്ടതാണ്. 2014 ഏപ്രിലിലെ ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ പൊതു നിയമത്തിൽ നിന്നും ചുരുക്കം ചെറിയ കപ്പേളകൾക്കുമാത്രമേ (ഉദാ. സ്യാസ ഭവനത്തിലെ ചെറിയ കപ്പേള) ഒഴിവുനൽകിയിട്ടുള്ളു. നിലവിലുള്ള പള്ളിയിലെ പ്രത്യേക ഘടനകൊണ്ട് വചനവേദി അസാധ്യമായ സ്ഥലങ്ങളിൽ പ്രത്യേകം അനുവാദം രേഖാമൂലം വാങ്ങിക്കേണ്ടതാണ്.

**4. കുർബാനയിലെ Posture കളും ഗാനങ്ങളും**

സമൂഹബലി, നിൽക്കുക, ഇരിക്കുക, മുട്ടുകുത്തുക, കാഴ്ച്ചവെപ്പ്, അൾത്താര പ്രവേശനം, ധൂപാർപ്പണം, മണിയടിക്കൽ തുടങ്ങിയവക്കുള്ള ക്രമങ്ങൾക്ക് കുർബാന തക്സയുടെ ആമുഖത്തിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളാണ് നമ്മുടെ അതിരൂപതയിൽ പാലിക്കേണ്ടത്. വൈദികന്റെ പ്രത്യേക താത്പര്യത്തിൻ മാറ്റങ്ങൾ വരുത്തുത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതികളുണ്ട്. കുർബാനക്ക് സഹകാർമ്മികരുണ്ടെങ്കിൽ, സാധാരണ നിലയിൽ, സഹകാർമ്മികനാണ് കാഴ്ച്ചവെപ്പ് നടത്തുന്നത്.

കുർബാന ഗാനങ്ങൾക്ക് ഓർക്കസ്ട്ര രീതിയാകാതെ, ആരാധനക്രമ ചൈതന്യത്തിൽ ആലാപനം നടത്തുന്നുണ്ടെ് ഉറപ്പുവരുത്തേണ്ടതാണ്. അംഗീകൃതമായ പാട്ടുകൾ മാത്രമേ വി. കുർബാനമദ്ധ്യേ ഉപയോഗിക്കാൻ പാടുള്ളു.

ധ്യാനകേന്ദ്രങ്ങളിലും ആരാധനക്രമനിയമങ്ങൾ പാലിക്കുന്നുണ്ടെ് ഉറപ്പുവരുത്തേണ്ടതാണ്.

**5. സ്വയം പ്രേരിത പ്രാർത്ഥനകൾ**

തക്സയിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾക്കുപകരം സ്വയം പ്രേരിത പ്രാർത്ഥനകളും ഭാഗിക പ്രാർത്ഥനകളും മറ്റും ചൊല്ലുരീതി ചില വൈദികരുടെ ഭാഗത്തുനിന്നും ഉള്ളതായി മനസ്സിലാക്കുന്നു. ഈ പ്രവണത തെറ്റാണ്. അനുവദനീയമായ ഭാഗങ്ങളിൽ മാത്രമെ സ്വയം പ്രേരിത പ്രാർത്ഥനകൾ/പ്രത്യേക പ്രാർത്ഥനകൾ പാടുള്ളു (ഉദാ. കാറോസൂസ). കുർബാനയുടെ ആമുഖത്തിൽ പ്രത്യേക നിയോഗം പറയാവുതാണ്. സീറോ മലബാർ സഭയുടെ പ്രോപ്രിയകൾ/ ആരാധനാക്രമവത്സരത്തിലെ കാലങ്ങൾ, തിരുനാളുകൾ എന്നിവയ്ക്ക് അനുയോജ്യമായി സമയകാലമനുസരിച്ച് നാം ഉപയോഗിക്കാൻ ശ്രമിക്കണം.

**6. തിരുക്കർമ്മ ധർമ്മം**

തിരുക്കർമ്മങ്ങളുടെ ധർമ്മം സ്വീകരിക്കുന്നത് അതിരൂപതാ മാർഗ്ഗരേഖപ്രകാരം മാത്രമെ പാടുള്ളു. തിരുക്കർമ്മങ്ങൾ സ്വീകരിക്കുന്ന പണത്തിന് രശീതി നൽകേണ്ടതാണ്. ഉത്തരിപ്പുകടമുള്ള ഇക്കാര്യത്തെ സംബന്ധിച്ച് വികാരിമാരുടെ സൂക്ഷം നിർബന്ധമായും ഉണ്ടാകേണ്ടതാണ്. ചൊല്ലിയ തിരുകർമ്മത്തിന്റെ വിഹിതം മാത്രമെ വൈദികൻ,

പള്ളി, കപ്യാർ, പാട്ടുകാർ തുടങ്ങിയവർക്ക് വീതിച്ചുകൊടുക്കാൻ പാടുള്ളു. ഒരു വൈദികന് ചൊല്ലാൻ പറ്റുന്നതിലധികം തിരുക്കർമ്മങ്ങൾ ലഭിക്കുന്നങ്കെിൽ, അവ എത്രയും വേഗം അതിരൂപതാ കാര്യാലയത്തിൽ ഏല്പ്പിക്കേണ്ടതാണ്. ഓരോ പള്ളിയിലും ഏല്പിച്ചിരിക്കുന്ന നിത്യ കുർബാനകൾ നിർദ്ദശിക്കപ്പെട്ടിട്ടുള്ള തിയ്യതികളിൽ ചൊല്ലുന്നതിന് വികാരിമാർ ശ്രദ്ധിക്കണം. കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും വേണം.

തീർത്ഥകേന്ദ്രങ്ങളിലാണെങ്കിലും, പള്ളികളിലെ തിരുനാളുകൾ, പ്രത്യേക നൊവേന ദിവസങ്ങൾ തുടങ്ങിയ അവസരങ്ങളിലാണെങ്കിലും അതിരൂപതാ തിരുകർമ്മ ധർമ്മവിവര പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന സംഖ്യ മാത്രമെ വാങ്ങുവാൻ പാടുള്ളൂ. തിരുനാൾ ചെലവുകൾ ഉൾപ്പെടുത്തി സംഖ്യ വാങ്ങുന്നുണ്ടെങ്കിൽ, തിരുക്കർമ്മ സംഖ്യക്ക് പുറമെ, അലങ്കാരം, ലൈറ്റ്, T.A, സംഭാവന, തുടങ്ങിയ കാര്യങ്ങൾ കൃത്യം രശീതിയിൽ എഴുതിവേണം വാങ്ങിക്കുവാൻ (ഉദാ. തിരുനാൾ കുർബാന: 2000 രൂപ എന്ന് പൊതുവെ എഴുതി വാങ്ങാൻ പാടില്ല). സാധാരണ നിലയിൽ ഇടവക പള്ളിയിലാണ് തിരുക്കർമ്മങ്ങൾക്കുള്ള ധർമ്മം സ്വീകരിക്കേണ്ടത്.

സഭയുടെ വിശ്വാസം ഏറ്റവും നന്നായി അവതരിപ്പിക്കുന്നതും അനുഷ്ഠിക്കുന്നതും ആരാധനക്രമത്തിലൂടെയാണ്. ഒരു ഇടവകയുടെ/സമൂഹത്തിന്റെ വിശ്വാസ ജീവിതത്തെ മാറ്റുരച്ച് നോക്കാനുള്ള പ്രധാന ഉരകല്ല് ആരാധനക്രമ ജീവിതമാണ്. നമ്മുടെ അതിരൂപതയിലെ ആരാധനക്രമ ജീവിതം ദൈവവും സഭയും ആഗ്രഹിക്കുന്ന രീതിയിലാണെന്ന് നാം ഉറപ്പുവരുത്തണം. നിങ്ങൾ ചെയ്യുന്ന എല്ലാപ്രവർത്തനങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

1490/2016 C-11
12/07/2016

# സർക്കുലർ

പ്രിയ ബഹു. വൈദികരേ, ബ്രദേഴ്സ്, സിസ്റ്റേഴ്സ്, അത്മായസഹോദര രേ,

അവിഭക്ത തൃശ്ശൂർ അതിരൂപതയുടെ അംഗവും ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാനുമായ മാർ ജെയിംസ് പഴയാറ്റിൽ (82) ജൂലൈ 10ന് ദിവംഗതനായി. അദ്ദേഹത്തിന്റെ മൃതസംസ്കാരശുശ്രൂഷ കൾ ജൂലൈ 13ന് ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇരിങ്ങാലക്കുട കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നു. 1934 ജൂലൈ 26ന് ജനിച്ച അദ്ദേഹം 1961 ഒക്ടോബർ 3ന് പുരോഹിതനായും 1978 സെപ്തംബർ 10ന് മെത്രാ നായും അഭിഷിക്തനായി. 2010 ജനുവരി 15 മുതൽ അദ്ദേഹം വിശ്രമജീ വിതം നയിച്ചുവരികയായിരുന്നു.

ലാളിത്യത്തിന്റെ പര്യായവും അജഗണങ്ങളോടുള്ള സ്നേഹത്തിന്റെ മാതൃകയുമായിരുന്നു അദ്ദേഹം. 54 വർഷങ്ങൾ നീണ്ട പുരോ ഹിതശുശ്രൂഷയിലൂടെ തന്റെ കർമ്മമണ്ഡലങ്ങളിലെല്ലാം അദ്ദേഹം വിശുദ്ധിയുടെ സൗരഭ്യം പരത്തി. 37 വർഷം മെത്രാനായി ഇരിങ്ങാല ക്കുട രൂപതയെ നയിച്ച അദ്ദേഹം പ്രസരിപ്പിച്ച നന്മയുടെ പ്രകാശം നമ്മുടെ മനസ്സിൽ എന്നും ദീപ്തമായി നിലനില്ക്കും. അവിഭക്ത തൃശ്ശൂർ അതിരൂപതയ്ക്ക് അദ്ദേഹം ചെയ്ത നിസ്തുല സേവനങ്ങളെ നന്ദി യോടെ സ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. ജൂലൈ 13 ബുധനാഴ്ച നമ്മുടെ എല്ലാ ഇടവകപള്ളിക ളിലും സ്ഥാപനങ്ങളിലും മാർ ജെയിംസ് പഴയാറ്റിൽ പിതാവിനുവേണ്ടി ദിവ്യബലിയർപ്പിക്കുകയും ഒപ്പീസ് ചൊല്ലുകയും ചെയ്യണമെന്ന് അറിയി ക്കു. സാധിക്കുന്നവരെല്ലാം അദ്ദേഹത്തിന്റെ മൃതസംസ്കാരശുശ്രൂഷ കളിൽ പങ്കെടുക്കുകയും അദ്ദേഹത്തോടുള്ള നമ്മുടെ ആദരവും സ്നേഹവും പ്രകടമാക്കുകയും ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

1554/2016
19.07.2016 C- 12

## സർക്കുലർ

# വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

സ്വർഗ്ഗത്തെ ലക്ഷ്യമാക്കി തീർത്ഥാടനം നടത്തുന്നവരാണല്ലോ നാമെല്ലാവരും. നമുക്കു മുൻപേ സ്വർഗ്ഗത്തിൽ പേരുചേർക്കപ്പെട്ട വിശുദ്ധരുടെ വലിയൊരു സമൂഹം നമ്മുടെ ചുറ്റും ഉണ്ടെന്നുള്ളത് നമുക്ക് ഏറെ ആശ്വാസം തരുന്നതാണ്. വിശുദ്ധരുടെ മാദ്ധ്യസ്ഥം തേടുന്നതും, അവരുടെ മാതൃക പിൻചെല്ലുന്നതും ഈ ലോകതീർത്ഥാടനത്തിൽ നമുക്ക് താങ്ങും തണലുമാണ്. ഒരുകാലത്ത് വിശുദ്ധരുടെ കബറിടങ്ങൾ സന്ദർശിക്കാൻ നമുക്ക് വിദേശ രാജ്യങ്ങളിലേക്ക് പോകേണ്ടിയിരുന്നു. എന്നാൽ, ഈ കാലഘട്ടത്തിൽ നമ്മുടെ ഇടയിൽ നിന്നും വിശുദ്ധരെ നല്കി ദൈവം നമ്മെ, പ്രത്യേകിച്ചും, തൃശൂർ അതിരൂപതയെ, അനുഗ്രഹിക്കാൻ തിരുമനസ്സായിരിക്കുന്നു. വിശുദ്ധരുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുന്നത്, വിശുദ്ധിയുടെ വഴിയെ ചരിക്കുന്നതിന് നമുക്ക് ശക്തിയും പ്രചോദനവും നൽകുന്ന ഒന്നാണ്.

നിരന്തരം എളിമയുടെ വഴിയിലൂടെ ചരിച്ച് സാധാരണക്കാരിൽ സാധാരണക്കാരിയായി ജീവിച്ച ഒരു കർമ്മലീത്ത സന്യാസിനിയാണ് വി. എവുപ്രാസ്യമ്മ. താൻ അനുഭവിച്ച രോഗപീഡകളും മറ്റ് എല്ലാവിധ സഹനങ്ങളും, പാപികളുടെ മാനസാന്തരത്തിനും, ലോകത്തിലെ മുഴുവൻ മനുഷ്യരുടേയും രക്ഷയ്ക്കും വേണ്ടി സ്നേഹത്തോടെ സഹിച്ച് അവർക്കായി കാഴ്ചവെച്ചു എന്നതാണ് അമ്മയുടെ ജീവിതത്തെ ധന്യമാക്കിയത്. ശുദ്ധീകരണാത്മാക്കളുടെ മോചനത്തിനായും, പാപികളുടെ രക്ഷയ്ക്കു വേണ്ടിയും, ദൈവത്തെ മറന്ന് ജീവിക്കുന്നവരുടെ മാനസാന്തരത്തിനായും, പലവിധത്തിൽ വേദനിക്കുന്ന മനുഷ്യരുടെ ആശ്വാസത്തിനായും, വൈദികരും സമർപ്പിതരും വിശുദ്ധിയിൽ ജീവിക്കുന്നതിന് വേണ്ടിയും, തിരുസ്സഭയ്ക്കു വേണ്ടിയും എവുപ്രാസ്യമ്മ, നിരന്തരം ദൈവതിരുമുൻപിൽ ഈ സഹനങ്ങളെല്ലാം കാഴ്ചവെച്ച് പ്രാർത്ഥിച്ചിരുന്നു.

വിശുദ്ധരാകാനാണ് നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധരാകാനുള്ള വഴി അന്വേഷിച്ച് നമ്മൾ ഒരിടത്തും പോകേണ്ടതില്ല എന്ന് വി. എവുപ്രാസ്യമ്മ തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. അത് ഇങ്ങനെ സംഗ്രഹിക്കാം – സംസാരത്തിലും, പ്രവൃത്തിയിലും നിരന്തരം വിശുദ്ധി പാലിക്കുക, എളിമയോടെ ജീവിക്കുക, ദൈവാനുഗ്രഹങ്ങളും സഹനങ്ങളും നന്ദിയോടെ ദൈവതൃക്കരങ്ങളിൽ നിന്ന് സ്വീകരിക്കുക, എല്ലാ കാര്യങ്ങളും ദൈവസ്നേഹത്തോടെ നിർവഹിക്കുക. വി. എവുപ്രാസ്യാമ്മയുടെ തിരുനാളിലൂടെ വി. എവുപ്രാസ്യാമ്മയുടെ സുകൃതങ്ങൾ സ്വന്തമാക്കാനും മാദ്ധ്യസ്ഥ്യം തേടാനുമായി തിരുസഭാ മാതാവ് നമുക്ക് നല്ല ഒരവസരം ഒരുക്കിതന്നിരിക്കുകയാണ്.

വി. എവുപ്രാസ്യമ്മയുടെ തിരുനാൾ, ആഗസ്റ്റ് 29ന് ഒല്ലൂർ വി. എവുപ്രാസ്യ അതിരൂപതാ തീർത്ഥകേന്ദ്രത്തിൽ വെച്ച് സാഘോഷം കൊണ്ടാടുന്ന വിവരം നിങ്ങളെ അറിയിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. അതിനൊരുക്കമായി, ആഗസ്റ്റ് 20 മുതൽ ആരംഭിക്കുന്ന നൊവേന ദിനങ്ങളും തിരുനാളും, നമുക്ക് വി. എവുപ്രാസ്യമ്മയുടെ ജീവിതവിശുദ്ധിയിൽ പങ്കുപറ്റാൻ ദൈവം ഒരുക്കിതരുന്ന വിശുദ്ധ ദിനങ്ങളായി മാറട്ടെ. ഈ ദിവസങ്ങളിൽ, മരിച്ചിട്ടും നമ്മെ മറക്കാത്ത വി. എവുപ്രാസ്യമ്മയുടെ കബറിടത്തിൽ പോയി തിരുകർമ്മങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹങ്ങളേറ്റുവാങ്ങാൻ നിങ്ങളെ ഓരോരുത്തരേയും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. തൃശൂർ അതിരൂപതയിലെ ദൈവജനം മുഴുവനേയും എല്ലാ കുടുംബങ്ങളേയും വി. എവുപ്രാസ്യമ്മയുടെ മാധ്യസ്ഥ്യം വഴി, ഈശോയുടെ തിരുഹൃദയത്തിലേക്ക് സമർപ്പിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലറിലെ ആശയങ്ങൾ 2016 ആഗസ്റ്റ് 14ന് വി. കുർബാന മധ്യേ ജനങ്ങളെ അറിയിക്കേണ്ടതാണ്.

+AT

Ref: 2967/K-5/KCBC/OL/DS
11.7.2016

## 2016 ആഗസ്റ്റ് 14
## ഞായർ തടവറ പ്രേഷിത ദിനം

**കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ടുവന്ന വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ തിരുനാളായ ഇന്ന് (ആഗസ്റ്റ് 14) തടവറപ്രേഷിത ദിനമായി ആചരിക്കുന്നു. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു (മത്താ 25:36) എന്നാണ് യേശു പറയുന്നത്. നമ്മെ നിത്യസമ്മാനത്തിന് അർഹരാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. തടവറക്കാരുടെ കൂടെയാണ് യേശു, പുറത്തല്ല എന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നത് ചിന്തനീയമാണ്. അനീതി നിറഞ്ഞ വ്യവസ്ഥിതിയുടെ ഫലമായി, ഏറ്റവും ദുർബലർ ശിക്ഷിക്കപ്പെടുകയും വലിയ മത്സ്യങ്ങൾ സ്വതന്ത്രമായി വിഹരിക്കുകയും ചെയ്യുന്നുവെന്നും പാപ്പാ പറയുന്നു. തത്ഫലമായി കർത്താവ് ഇന്നും തടവറയിൽ കഴിയാനിടയാകുന്നു. അവിടന്ന് അന്യായമായി തടവറയിൽ കഴിയേണ്ടി വന്നവനാണല്ലോ!

ഇന്ത്യൻ ജയിലുകളിൽ രണ്ടു ലക്ഷത്തിലേറെ തടവുകാരുണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60-ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. 4663 തടവുകാരിൽ 1632 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്നു മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. ജയിലിലുള്ളവരെക്കാൾ കൂടുതൽ ജയിലിലായിരിക്കാൻ കാരണമായവർ പുറത്തായിരിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പാ അദ്ഭുതപ്പെട്ടിട്ടുണ്ട്. എല്ലാവർക്കുമുള്ള ദൗർബല്യം ഒന്നുപോലെയാണ്. ജയിലിലുള്ളവർ വീണുപോയവരും നാം വീഴാതിരിക്കുന്നവരുമാകുന്നത് ഒരു വലിയ രഹസ്യമാണ്. ബന്ധനസ്ഥർക്കുവേണ്ടി പ്രാർത്ഥിക്കാനും അവർക്കു ശുശ്രൂഷ ചെയ്യാനും അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും ഇതു നമ്മെ പ്രേരിപ്പിക്കേണ്ടതല്ലേ?

കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? ഉത്തരം ഇതാണ്: സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്കണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യപ്പെടുന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാലപ്രവർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ മഹത്ത്വമുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). മനുഷ്യന്റെ പാപം പോലും ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥ

യില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവിടന്നു നീതിമാന്മാരുടെ മേലും നീതിരഹിതരുടെ മേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ

കേന്ദ്രത്തിൽ നിർവചിക്കപ്പെടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വത്താലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്.

താൻ കണ്ടുമുട്ടിയ എല്ലാ പാപികളുടെയും മാനസാന്തരം ഈശോ ആവശ്യപ്പെടുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. അവരുടെ മനുഷ്യത്വത്തിന്റെ പൂർണത അവിടന്ന് ആഗ്രഹിച്ചു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടുള്ള ഈശോയുടെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക: "ഞാനും നിന്നെ വിധിക്കുന്നില്ല. മേലിൽ പാപം ചെയ്യരുത്" (യോഹ 8:11). കൃപയാൽ, അതായത് ദൈവസ്നേഹത്താൽ, സ്പർശിക്കപ്പെടുമ്പോൾ ആളുകൾ മാനസാന്തരപ്പെടുമെന്നത് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനബോധ്യമാണ്. നല്ല കള്ളന്റെ സംഭവം തന്നെ ഒന്നാംതരം ഉദാഹരണമാണ്. (ലൂക്കാ 23:39-43). അതിനാൽ, കുറ്റവാളികളിൽ പ്രത്യാശ വളർത്തുക എന്നതാണ് തടവറ ശുശ്രൂഷയുടെ ലക്ഷ്യം. പ്രതീക്ഷ ഇല്ലാതിരുന്നാൽ, ആളുകൾ തങ്ങളുടെ തന്നെ ഭൂതകാലത്തിൽ അടയ്ക്കപ്പെടും; കുറ്റവാളികൾ തങ്ങളുടെതന്നെ അക്രമത്തിൽ ബന്ധിതരാകും.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട് കുറ്റകൃത്യങ്ങളുടെ നാടായി മാറിയിരിക്കുകയല്ലേ എന്ന് സംശയിക്കുന്നു. 57-ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തിലാണ് ഏറ്റവും കൂടതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) യുടെ കണക്കുകൾ വ്യക്തമാക്കുന്നു.

യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനാല് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തി യിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലു മാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം

പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31- രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46- ഓളം യൂണിറ്റുകളിലായി 1000 -ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ.

കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യ ത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസ ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

N:B: 2016 ആഗസ്റ്റ് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാ ലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊ ടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ആഗസ്റ്റ് 1 : വി. അൽഫോൻസ് ലിഗോരി
4 : വി. ജോൺ മരിയ വിയാനി
5 : വി. ശ്മോനിയും ഏഴുമക്കളും
6 : ന. കർത്താവിന്റെ രൂപാന്തരീകരണം
7 : **കൈത്താക്കാലം ആറാം ഞായർ**
8 : വി. ഡൊമിനിക്
11 : വി. ക്ലാര
12 : വി. ശെമയോൻ ബർസബായും സഹരക്തസാക്ഷികളും
13 : വി. മാക്സ്മില്യൻ കോൾബെ
14 : **കൈത്താക്കാലം ഏഴാം ഞായർ**
15 : **പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണം**
ഇന്ത്യൻ സ്വാതന്ത്ര്യദിനം
20 : വി. പത്താം പിയൂസ് മാർപ്പാപ്പ
21 : **ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ**
24 : വി. ബർത്തലോമിയോ ശ്ലീഹാ
27 : വി. അഗസ്റ്റിൻ
28 : **ഏലിയാ സ്ലീവ മൂശ രണ്ടാം ഞായർ**
29 : വി. എവുപ്രാസ്യാ

**2. ആഗസ്റ്റ് മാസത്തെ പരിപാടികൾ**

ആഗസ്റ്റ് 02 : 10:30 am വിയാനി ഡേ & വൈദികസമ്മേളനം
: 07:30 pm സാമ്പത്തികസമിതിയോഗം
15 : ഇന്ത്യൻ സ്വാതന്ത്ര്യദിനം
മതബോധന മെറിറ്റ് ഡേ
18 : 10:00 am ആലോചനസമിതി യോഗം
28 : എ. സി. സി. ബിരുദദാനം

**3. ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ**

ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനും മുമ്പായി ഏലിയാ വരുമെന്നും വിനാശ

ത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടുത്തോടൊപ്പം ഉണ്ടായിരുന്നതായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാനവിഷയങ്ങൾ. അതോടൊപ്പം പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നൽകുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമധ്യത്തിൽ മഹത്വപൂർണ്ണനായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലഘട്ടത്തിൽ നാം പ്രത്യേകം അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാ രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനു മീതെ തന്റെ വടി നീട്ടികൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട് സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനംകൂടി ഇവിടെ നാം ദർശിക്കുന്നു.

**4. വിയാനി ഡേ & വൈദികസമ്മേളനം**

വിയാനി ഡേയും വൈദികസമ്മേളനവും ആഗസ്റ്റ് 2ന് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ നടത്തുന്നു. എല്ലാ വൈദികരും പങ്കെടുക്കുമല്ലോ.

**5. കരുണട്രസ്റ്റ്–വിദ്യാഭ്യാസസഹായം**

അതിരൂപതയുടെ കരുണട്രസ്റ്റിൽ നിന്നും തൊഴിലധിഷ്ഠിത വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ ആഗസ്റ്റ് 1 മുതൽ അതിരൂപതകാരുണ്യനിധിയുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ കൃത്യമായി പൂരിപ്പിച്ച് ആഗസ്റ്റ് 31നുള്ളിൽ അതിരൂപത സാമ്പത്തികകാര്യാലയത്തിൽ തിരിച്ചേല്പിക്കേണ്ടതാണ്.

**6. പ്രതിനിധിയോഗ തെരഞ്ഞെടുപ്പ്**

പ്രതിനിധിയോഗ തെരഞ്ഞെടുപ്പ് അതിരൂപത നിയമാവലി പ്രകാരം നടത്തേണ്ടതാണ് (അതിരൂപത നിയമാവലി 2015, അനുബന്ധം പള്ളിയോഗ നടപടിക്രമങ്ങൾ, പേജ് 188-192).

കുടുംബകൂട്ടായ്മകളിൽ നിന്ന് പ്രതിനിധിയോഗത്തിലേക്ക് തെരഞ്ഞെടുക്കുമ്പോൾ അതിരൂപത നിയമാവലി പാലിക്കേണ്ടതാണ്. ഇടവക പ്രതിനിധിയോഗത്തിലേക്ക് കുടുംബകൂട്ടായ്മകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ കുടുംബകൂട്ടായ്മകളിൽ സജീവമായി പ്രവർത്തിക്കുന്നവരായിരിക്കണം. സാധാരണനിലയിൽ അവർ കുടുംബകൂട്ടായ്മകളിലെ പ്രധാന ഭാരവാഹികളിൽ (പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ) ആരെങ്കിലും ആയിരിക്കണം (അതിരൂപത നിയമാവലി 2015, നമ്പർ 209§2, പേജ് 89).

**7. വൈദികരുടെ വാർഷികധ്യാനം :**

ബ. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്തംബർ 18 മുതൽ 23 വരെയും സെപ്തംബർ 25 മുതൽ 30 വരെയും രണ്ടു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനവേദി : മേരിമാതാ മേജർ സെമിനാരി

ധ്യാനഗുരു : ബഹു. ഫാ. ജോയ് പൈനാടത്ത് (കണ്ണൂർ രൂപതാംഗം)

**8.** Catholic Congregation of the Blind എന്ന ഭക്തസമൂഹത്തിന്റെ സുപ്പീരിയർ ജനറലായ Rev. Fr. Wilson Kallickal (Fr. Mathew Velikkakath എന്നും അറിയപ്പെടുന്നു) എറണാകുളം -അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയാൽ സസ്പെൻഡ് ചെയ്യപ്പെട്ടിരിക്കുന്നുവെന്നും ആയതിനാൽ വി. കുർബ്ബാനയോ മറ്റു കൂദാശകളോ അനുഷ്ഠിക്കുന്നതിന് അദ്ദേഹത്തിന് മുടക്കുള്ളതാണെന്നും ഇതിനാൽ അറിയിക്കുന്നു.

**9. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2016 നവംബർ 13-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി.എൽ.സി.യിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2015 നവംബർ 14 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവു

ം മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-09-2016 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ ഒക്ടോബർ 15നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

**1. വിദ്യാഭ്യാസരംഗം**

2015-16 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - CGPA 10.0, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** *സർവ്വകലാശാല കായികമത്സരങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3. കലാസാഹിത്യ രംഗം**

***3.1*** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

(State, C.B.S.E, I.C.S.E.) റവന്യൂ ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

***3.2*** *സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

***4.1*** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

***4.2*** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

***4.3*** അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**3. എസ്. എസ്. എൽ. സി. ഫുൾ A+ കാറ്റഗറി ഉണ്ടായിരിക്കുന്നതല്ല.**

**10. വൈദികനിയമനം :**

1. ഫാ. ഫ്രീജോ പാറക്കൽ - റസിഡന്റ് ടീച്ചർ & ലൈബ്രേറിയൻ മേരിമാത മേജർ സെമിനാരി; സാധുത 2016 മെയ് 25 മുതൽ.
2. ഫാ. ചാക്കോ നടക്കവെളിയിൽ - ഡീൻ ഓഫ് ഫാക്കൽറ്റി ഓഫ് ഫിലോസഫി, മേരിമാത മേജർ സെമിനാരി; സാധുത 2016 ജൂൺ 1 മുതൽ.
3. ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ - നോട്ടറി കൂരിയ ഒഴിവായി; സാധുത 2016 ജൂൺ 03 മുതൽ.
4. ഫാ. വാൾട്ടർ തേലപ്പിള്ളി CMI - അതിരൂപതയിലുള്ള പ്രവാസി അജപാലനശുശ്രൂഷയുടെ ഡയറക്ടർ; സാധുത 2016 ജൂൺ 5 മുതൽ.
5. ഫാ. ലോറൻസ് തൈക്കാട്ടിൽ - ഡയറക്ടർ എക്യുമെനിസം & ഡയലോഗ് ഒഴിവായി; സാധുത 2016 ജൂൺ 4 മുതൽ.
6. ഫാ. ഷിജു ചിറ്റിലപ്പിള്ളി - ഡയറക്ടർ എക്യുമെനിസം & ഡയലോഗ് കൂടി; സാധുത 2016 ജൂൺ 4 മുതൽ.
7. ഫാ. ഫിജോ ആലപ്പാടൻ - പഠനാവധി 2 വർഷത്തേക്ക്, അസി. വികാരി പാവറട്ടി ഒഴിവായി; സാധുത 2016 ജൂൺ 28 മുതൽ.
8. ഫാ. ഷിജു പൊട്ടത്തുപറമ്പിൽ ISch - സഹവികാരി പാവറട്ടി; സാധുത 2016 ജൂൺ 28 മുതൽ.
9. ഫാ. അഖിൽ കാവുങ്കൽ CMI - ഡീക്കൻ മിനിസ്ട്രി വലക്കാവ്; സാധുത 2016 ജൂലൈ 1 മുതൽ സെപ്തംബർ 30 വരെ.



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

Prot. No : 2000/2016/S/ABP
24/Jun/2016

## Decree of Constitution and Convocation of the 16th Presbyteral Council of the Archeparchy of Trichur.

I hereby constitute the 16th Presbyteral Council of the Archeparchy of Trichur, as per the statutes of the said Council, for a period of three years, w.e.f. 30th June 2016, with the following ex-officio, elected and nominated members.

### I. Ex-officio Members

| | | | |
|---|---|---|---|
| 1) | Proto-Syncellus | - | His Excellency Mar Thattil Raphael |
| 2) | Syncellus | - | V. Rev. Msgr. Komabara George |
| 3) | Syncellus | - | V. Rev. Msgr. Kakkassery Thomas |
| 4) | Judicial Vicar | - | V. Rev. Fr. Chittilappilly Vincent |
| 5) | Chancellor | - | V. Rev. Fr. Kuttikottayil Mathew |
| 6) | Finance Officer | - | V. Rev. Fr. Mookken Joy |
| 7) | Rector, MMMS | - | V. Rev. Fr. Panattuparambil Babu |
| 8) | Rector, SMMS | - | V. Rev. Fr. Koonamplackal Jaison |
| 9) | Director, Catechism | - | Rev. Fr. Akkamattathil Raphael |
| 10) | Corporate Manager | - | Rev. Fr. Chembakassery Antony |
| 11) | CMI Provincial | - | V. Rev. Fr. Walter Thelappilly CMI |
| 12) | O'Carm Provincial | - | V. Rev. Fr. Puthussery Robert Thomas O'Carm |

### II. Elected Members from the age groups of sacerdotal ordination

| | |
|---|---|
| V. Rev. Fr. Pulicken Joseph | Rev. Fr. Pallikunnath Francis |
| Rev. Fr. Olakkengil Lawrance | Rev. Fr. Vadakkan Roy Joseph |
| V. Rev. Fr. Ainikkal Johnson | Rev. Fr. Koola Ditto |
| Rev. Fr. Edakalathur Louis | Rev. Fr. Mulakkal John |
| V. Rev. Fr. Ayyankanayil John | Rev. Fr. Mundopuram Daison |
| Rev. Fr. Ukken Varghese | Rev. Fr. Punnoliparambil Bastian |

| | |
|---|---|
| Rev. Fr. Konikkara Jose Jr. | Rev. Fr. Alappadan Fijo |
| Rev. Fr. Neelankavil Tony | Rev. Fr. Melit Palathingal Varghese |
| Rev. Fr. Chelappadan Babu | Rev. Fr. Cheradai Geo |
| V. Rev. Fr. Koonamplackal Jaison | Rev. Fr. Peramangalam David OFM.Cap |
| Rev. Fr. Panackal Joju | Rev. Fr. Thomas E. J. |

**III. Elected Forane Representatives**

| | | | |
|---|---|---|---|
| 1. | Chelakkara | – | V. Rev. Fr. Thanissery Raphael |
| 2. | Erumapetty | – | Rev. Fr. Vettath Sebastian |
| 3. | Kandassamkadavu | – | V. Rev. Fr. Poovathukkaran Joseph |
| 4. | Kottekad | – | Rev. Fr. Kollannur Joy |
| 5. | Mattom | – | V. Rev. Fr. Panamkulam Davis |
| 6. | Ollur | – | Rev. Fr. Thekkekara Jose (Jr.) |
| 7. | Palayur | – | Rev. Fr. Pulikottil Jose |
| 8. | Parappur | – | Rev. Fr. Padayattil Job |
| 9. | Pattikad | – | Rev. Fr. Thazhath Jickson |
| 10. | Pazhuvil | – | Rev. Fr. Payyappilly Paul |
| 11. | Pudukad | – | Rev. Fr. Pidiyath Wilson |
| 12. | Puthur | – | V. Rev. Fr. Tharakan Francis |
| 13. | Thrissur Dolours | – | Rev. Fr. Chalissery Johnson |
| 14. | Thrissur Lourdes | – | Rev. Fr. Kurissery Ittiachen |
| 15. | Velur | – | Rev. Fr. Thanikkal Lazar |
| 16. | Wadakkanchery | – | V. Rev. Fr. Chalackal Thobias |

**IV. Nominated Members**

| | |
|---|---|
| V. Rev. Fr. Edakulathur George | Rev. Fr. Kadavi Geo |
| Rev. Fr. Alapatt Paul | Rev. Fr. Vettath Mathew |
| Rev. Fr. Peramangalath Paul | Rev. Fr. Thalakkoden Dominic |
| Rev. Fr. Vazhappilly Francis Sr. | Rev. Fr. Aloor Francis |
| V. Rev. Fr. Kuthur Varghese | Rev. Fr. Thanikkal Denny |
| Rev. Fr. Chereath Davis Jr. | Rev. Fr. Kolambrath Martin |
| V. Rev. Fr. Anthikadan Johnson | Rev. Fr. Koothur Francis |
| Rev. Fr. Alappat Francis | Rev. Fr. Vazhappilly Twinkle |
| Rev. Fr. Vallupara Jeejo | Rev. Fr. Edakkalathoor Varghese |
| Rev. Fr. Chullikadan Joby | Rev. Fr. Pooppadi Thomas |

The first meeting of the new Presbyteral Council will be conducted at **2.30 PM on 11th July, 2016 in the Archbishop's House**. Election of the Secretary and other committees shall be held in this meeting. All members are invited to participate.

The Elected Members from the age groups of sacerdotal ordination will be members of the Pastoral Council also as per the norms of the Pastoral Council.

Given this from the Archeparchial Curia of Trichur on 24th June 2016.

**Order No.:1405/2016**

Mar Andrews Thazhath
Metropolitan Archbishop of Trichur

Fr. Mathew Kuttikottayil
Chancellor



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## Aug 2016

| Date | Day | Time | Programme |
|---|---|---|---|
| *01* | *Mon* | *Morning* | *Zonal Women's meeting at Family Apostolate* |
| *02* | *Tue* | *Morning* | *Vianney Day, Priest Conference* |
| | | *Evening* | *Finance Council* |
| *03* | *Wed* | *Morning* | *Holy Mass at Gurukulam* |
| | | *Evening* | *Catholicasabha Core Meeting* |
| *04* | *Thu* | | *Engaged* |
| *05* | *Fri* | *Morning* | *Holy Mass at Alagappa Nagar* |
| *06* | *Sat* | *Morning* | *Holy Mass at Athani, Benefactor's Day* |
| | | *Afternoon* | *Vestition at Olarikkara* |
| *07* | *Sun* | | *Pastoral Visit at Padavarad* |
| *08-12* | | | *KCBC & Retreat* |
| *13* | *Sat* | *Morning* | *Baptism at Puthur* |
| | | *Afternoon* | *Interact session at MannuthyVestition at Varadiyam* |
| *14* | *Sun* | | *Pastoral Visit* |
| *15* | *Mon* | *Morning* | *Church Consecration at Thandilam* |
| | | *Afternoon* | *DBCLC* |
| *16* | *Tue* | *Evening* | *JMMC Trust Meeting* |
| *17* | *Wed* | *Morning* | *Holy Mass at Marymatha* |
| *18* | *Thu* | *Morning* | *Consultors' Meeting* |
| | | *Afternoon* | *JMMC MBBS Graduation Ceremony* |
| *19* | *Fri* | *Morning* | *Pro-life* |
| *20* | *Sat* | *Morning* | *Inauguration of Minor Seminary at Pazhayannur* |
| | | *Afternoon* | *Catholic Panchayath members pro-life meeting at Family Apostolate* |
| | | *Evening* | *Holy mass at Panamkkuttichira* |
| *21* | *Sun* | | *Pastoral visit* |
| *22- 31* | *Mon* | | *Synod* |



# സഹായമെത്രാന്റെ പരിപാടികൾ

Aug 2016



| Date | Day | Time | Programme |
|---|---|---|---|
| 01 | Mon | Morning | St. Euphrasia Pilgrim Centre, Ollur |
| | | Evening | Youth Camp, Peramangalam |
| 02 | Tue | | Vianney Day Celebration at Minor Seminary |
| 03 | Wed | Morning | Blessing and Inauguration, Mapranam |
| 04 | Thu | Morning | |
| 05 | Fri | | |
| 06 | Sat | Morning | Benefactors Day, Marymatha Major Seminary, Mulayam |
| | | Evening | Engaged |
| 07 | Sun | Morning | Engaged |
| | | Afternoon | Logos, Vachanmezhuthu Competition, St. Thomas College |
| 08-12 | | | KCBC & Retreat |
| 13 | Sat | Morning | Engaged |
| | | Afternoon | Vocationist Sisters, Mannuthy |
| | | | Youth Camp, Mannuthy |
| 14 | Sun | Morning | Engaged |
| | | Afternoon | Youth Camp, Chiyyaram |
| | | | St. Mary's Church, Anchery |
| 15 | Mon | Morning | St. Mary's Church, Edakkalathur |
| | | | St. Mary's Church, Peramangalam |
| | | Afternoon | Engaged |
| | | | St. Mary's Church, Chelakkara |
| 16 | Tue | Morning | Marymatha Major Seminary, Mulayam |
| 17 | Wed | Morning | Marymatha Major Seminary, Mulayam |
| 18 | Thu | Morning | Marymatha Major Seminary, Mulayam |
| 19 | Fri | Morning | Marriage Preparation Course, Alagappa Nagar |
| 20 | Sat | | Bharananganam |
| 21 | Sun | Morning | St. Francis Xavier Church, Velur |
| | | | St. Antony's Church, Thandilam |
| | | Afternoon | Family Apostolate Center |
| 22- 31 | | | Synod |

# ആദരാഞ്ജലികൾ

## റവ. ഫാ. പോൾ വട്ടക്കുഴി

21.09.1956–30.06.2016



തൃശ്ശൂർ അതിരൂപതയിലെ വൈദികനായ റവ. ഫാ. പോൾ വട്ടക്കുഴി (60) ജൂൺ 30 വ്യാഴാഴ്ച്ച നിര്യാതനായി.

കല്ലൂർ കിഴക്ക് ഇടവകയിലെ വട്ടക്കുഴി പരേതരായ റപ്പായി – കുഞ്ഞേത്തി ദമ്പതികളുടെ മകനായി 1956 സെപ്റ്റംബർ 21 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം വടവാതൂർ സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ശേഷം 1986 നവംബർ 19 ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

സെൻ്റ് ആൻസ് തൃശ്ശൂർ, നെല്ലിക്കുന്ന് എന്നീ പള്ളികളിൽ അസ്തേന്തിയായും, കണ്ണംകുളങ്ങര, വരടിയം, കൊളങ്ങാട്ടുകര, പേരാമംഗലം, പറവട്ടാനി, ചേറൂർ, ഒളരിക്കര, ഒല്ലൂക്കര എന്നീ ഇടവകകളിൽ വികാരിയായും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ മനക്കൊടി സാവിയോ ഹോം ഡയറക്ടറച്ചനായി സേവനം ചെയ്തു വരികയായിരുന്നു. 1985 ൽ വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ്ക്ക് വിധേയനായ ഫാ. പോൾ വട്ടക്കുഴി വൃക്കരോഗികളെ സഹായിക്കുന്നതിനായുള്ള പൗളോ ഫൗണ്ടേഷൻ ട്രസ്റ്റ് സ്ഥാപകനും കൂടിയാണ്.

ജൂലൈ 01 വെള്ളി രാവിലെ 6.30ന് സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ മോൺ. തോമസ് കാക്കശ്ശേരിയുടെ കാർമ്മികത്വത്തിലുള്ള ദിവ്യബലിക്കുശേഷം മൃതദേഹം പൊതുദർശനത്തിനു വയ്ക്കുകയും തുടർന്ന് രാവിലെ 9 മണിക്ക് കല്ലൂർ കിഴക്ക് പള്ളിയിലേക്ക് കൊണ്ടുപോയി അവിടെ പൊതുദർശനത്തിന് വെയ്ക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് 2.30ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി മൃതസംസ്ക്കാരശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യബലിക്കുശേഷം മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗം മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും തുടർന്നുള്ള സെമിത്തേരിയിലെ സമാപനശുശ്രൂഷകൾ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിലും നടത്തപ്പെട്ടു.

മനുഷ്യന്റെ കഠിനപ്രയത്നങ്ങൾ തമ്പുരാന്റെ ജോലിയിലുള്ള പങ്കാളിത്തമാണെന്ന് ഉറച്ചു വിശ്വസിച്ച് തന്റെ പൗരോഹിത്യശുശ്രൂഷയിലൂടെ ദൈവജനത്തിനും സഭയ്ക്കും സ്തുത്യർഹമായ സേവനം കാഴ്ചവെച്ച വട്ടക്കുഴി ബഹു. പോളച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ.

# നാളാഗമം

## ജൂൺ 2016

1. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലത്തിൽ വി. ബലിയർപ്പിച്ച് അധ്യയനവർഷം ഉദ്ഘാടനം ചെയ്തു.
2. അഭിവന്ദ്യ താഴത്ത് പിതാവ് ഫൊറോനവികാരിമാരുടെ യോഗത്തിൽ സംബന്ധിച്ചു.
3. അഭിവന്ദ്യ താഴത്ത് പിതാവ് സേക്രഡ് ഹാർട്ട് കോൺവെന്റിൽ വി. ബലിയർപ്പിച്ച് 13 മണിക്കൂർ ആരാധന ആരംഭിച്ചു.അഭിവന്ദ്യ തട്ടിൽ പിതാവ് തിരുഹൃദയതിരുനാളിനോടനുബന്ധിച്ച് രാവിലെ എരുമപ്പെട്ടി ഫൊറോന പള്ളിയിൽ വി.ബലി അർപ്പിച്ചു. തുടർന്ന് തൃശ്ശൂർ ദേവമാത സ്‌ക്കുളിന്റെ സ്‌ക്കോളർഷിപ്പ് വിതരണ ചടങ്ങിൽ പങ്കെടുത്തു.
4. അഭിവന്ദ്യ താഴത്ത് പിതാവ് വെള്ളാറ്റഞ്ഞൂർ ഇടവകയിൽ വി. ബലിയർപ്പിച്ച് PAROCന്റെ റിപ്പോർട്ട് സമർപ്പണം നടത്തി. വൈകിട്ട് ചെറുതുരുത്തി ഇടവകയിലുള്ള കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ബഹു. സ്വാമി ദയാനന്ദയുടെ (സ്വാമിയച്ചന്റെ) 41-ാം ചരമദിനത്തിനോടനുബന്ധിച്ച് ഒല്ലൂർ പള്ളിയിൽ വിശുദ്ധ ബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞ് നെല്ലിക്കുന്ന് ഇടവകയിൽ ഒരു മൃതസംസ്‌ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.
5. അഭിവന്ദ്യ താഴത്ത് പിതാവ് ചൊവ്വന്നൂർ ഇടവകയിൽ വി. ബലിയർപ്പിച്ച് പള്ളിയുടെ ശതോത്തര രജതജൂബിലിക്ക് ആരംഭം കുറിച്ചു.അഭിവന്ദ്യ തട്ടിൽ പിതാവ് കുരിയച്ചിറ ഇടവകയിൽ വി.ബലി അർപ്പിച്ചു.

6-8. അഭിവന്ദ്യ താഴത്ത് പിതാവ് കെ. സി. ബി. സിയിൽ പങ്കെടുത്തു.അഭിവന്ദ്യ തട്ടിൽ പിതാവ് കല്ലൂർ കിഴക്കേ ഇടവകയിൽ ബഹു. തലച്ചിറ തോമസ് അച്ചന്റെ പ്രതിമ അനാഛാദനം ചെയ്യുന്ന ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

7. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തിരുഹൃദയ ലത്തീൻ പള്ളിയിൽ വി. ബലി അർപ്പിച്ചു. തുടർന്ന് കെ.സി.ബി.സി യിൽ പങ്കെടുക്കാനായി പോയി

9. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അതിനുശേഷം ചേലക്കര പള്ളിയിൽ വി. ബലിയർപ്പിച്ച് ഫാ. ആന്റണി തച്ചുപറമ്പിൽ അച്ചന്റെ അനുസ്മരണയോഗത്തിൽ പങ്കെടുത്തു.അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. വൈകീട്ട് ബഹു. സി. ലൂർദ്ദ് മേരി എസ്. എ. ബി. എസ്

ന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു

10. അഭിവന്ദ്യ താഴത്ത് പിതാവ് വിവാഹഒരുക്ക കോഴ്സിൽ പങ്കെടുക്കുന്ന യുവതിയുവാക്കൾക്കായി വി. ബലിയർപ്പിച്ചു. അതിനുശേഷം അതിരൂപത വൈദികസമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് പി. ഒ. സി. യിൽ കെ. സി. എസ്. എൽ. ന്റെ സമ്മാനദാനം നിർവഹിച്ചു.അഭിവന്ദ്യ റാഫേൽ പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. തുടർന്ന് വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.
11. അഭിവന്ദ്യ താഴത്ത് പിതാവ് പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ബൊൻ നത്താലെയോടനുബന്ധിച്ച് പണിത ഭവനത്തിന്റെ താക്കോൽദാനം നടത്തി.അഭിവന്ദ്യ തട്ടിൽ പിതാവ് പട്ടിക്കാട് ജ്യോതി ആശ്രമത്തിൽ വി. ബലി അർപ്പിച്ചു. പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തി
12. അഭിവന്ദ്യ താഴത്ത് പിതാവ് പൊങ്ങണംകാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി.അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചേറൂർ പള്ളയിൽ വി.ബലി അർപ്പിച്ചു. ഹാൾ വെഞ്ചരിപ്പ് കർമ്മം നടത്തി. ഉച്ചകഴിഞ്ഞ് മച്ചാട് ഇടവകയിൽ വി.ബലി അർപ്പിച്ചു ഹാൾ വെഞ്ചരിപ്പ് നടത്തി. തുടർന്ന് ഒല്ലൂർ കപ്പേള വെഞ്ചരിപ്പും നടത്തി.

13-21അഭിവന്ദ്യ തട്ടിൽ പിതാവ് അലൈൻ സന്ദർശനത്തിനായി പോയി.

22. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് തോമസ് കോളേജിന്റെ ഫിസിക്സ് റീസർച്ച് ഡിപ്പാർട്ട്മെന്റ് ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു. തുടർന്ന് ബഹു. ആന്റോ കൂള അച്ചന്റെ 41-ാം ചരമദിനത്തിനോടനുബന്ധിച്ച് നടത്തറ പള്ളിയിൽ വി. ബലി അർപ്പിച്ചു.
24. അഭിവന്ദ്യ തട്ടിൽ പിതാവ് മമ്മിയൂർ ലിറ്റിൽ ഫ്ളവർ സ്ക്കൂളിന്റെ മെറിറ്റ് ഡേ യിൽ പങ്കെടുത്തു.
25. അഭിവന്ദ്യ തട്ടിൽ പിതവ് മുളയം സെന്റ് ജോൺ ദി ബാറ്റിസ്റ്റ് സെമിനാരിയിൽ ബ്രദേഴ്സിന് ഡീക്കൻ പട്ടവും ഹെവ്പദ്യാക്കോന പട്ടവുംനൽകി
26. അഭിവന്ദ്യ തട്ടിൽ പിതാവ് പുറനാട്ടുക്കര  പള്ളിയിൽ വി. ബലി അർപ്പിച്ചു. തുടർന്ന് തലൂർ ഇടവകയിൽ സി. രമ്യ എഫ്.  എസ്. എസ്. എച്ച് ന്റെ സഭാ വസ്ത്രസ്വീകരണത്തിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് നെല്ലങ്കര ഇടവകയിലെ യൂത്ത് കാമ്പിൽ പങ്കെടുത്തു.
28. അഭിവന്ദ്യ തട്ടിൽ പിതാവ് ഒളരിക്കര ഹോളിഫാമിലി പ്രോവിൻഷ്യൽ ഹൗസിൽ സി. മരിയ യ്ക്ക് വേണ്ടി വി. ബലി അർപ്പിച്ചു. തുടർന്ന് മുളയം ബഹു. സി കൊച്ചന്നം എസ്. എൻ. ഡി യുടെ മൃതസംസ്ക്കാര ശുശ്രൂഷ നടത്തി

30 അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് തോമസ് കോളേജിന്റെ ചേറൂർ കാമ്പസിന്റെകല്ലിടൽ കർമ്മത്തിലെ പദയാത്രയിൽ പങ്കെടുത്തു.

# സാമ്പത്തിക കാര്യാലയം

**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

2016 ജൂലൈ 11-ാം തിയതി മുതൽ ഇടവകകളുടെ തെരട്ട് അതിരൂപത കച്ചേരിയിൽ സമർപ്പിക്കുന്നത് ആരംഭിച്ചു. ഓരോ ഇടവകയും നിശ്ചയിച്ചിട്ടുള്ള ദിവസവും സമയവും ശ്രദ്ധിച്ച് സ്നേഹപൂർവ്വം സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**2.** സെപ്തംബർ 7-ാം തിയതി മുതലാണ് സ്ഥാപനങ്ങൾ/ സംഘടനകൾ പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടതാണ്. തെരട്ട് കൊണ്ടുവരേണ്ട തിയതികളൽ താഴെ കൊടുത്തിട്ടുണ്ട്.

**3. മിഷൻ ഞായർ പിരിവ്**

2015-2016 സാമ്പത്തിക വർഷത്തെ മിഷൻ സൺഡേ, ദുഃഖവെള്ളി വിഹിതങ്ങൾ 2016 ആഗസ്റ്റ് 31ന് മുമ്പ് അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ എൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 31.08.16 വരെ വിഹിതങ്ങൾ അടച്ചവർക്കു മാത്രമേ സമ്മാനത്തിന് അർഹത ഉണ്ടാവുകയുള്ളൂവെന്ന് പ്രത്യേകം അറിയിക്കുന്നു.

**തെരട്ട് സമർപ്പിക്കൽ സ്ഥാപനങ്ങൾ / സംഘടനകൾ**

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | സെപ്തംബർ 7 | 10.00 am |
| 2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് & ലിലിയൻ ഫോണ്ടസ് | സെപ്തംബർ 7 | 10.00 am |
| 3. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | സെപ്തംബർ 7 | 10.30 am |
| 4. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | സെപ്തംബർ 7 | 11.00 am |
| 5. ഹോളി ചൈൽഡ് ഹുഡ് | സെപ്തംബർ 7 | 11.00 am |
| 6. ഫ്രാൻസിസ്കൻ അസോസിയേഷൻ | സെപ്തംബർ 7 | 12.00 noon |
| 7. കുടുംബസമ്മേളനം | സെപ്തംബർ 8 | 10.00 am |
| 8. ചൈതന്യ ക്ലീനിക് | സെപ്തംബർ 8 | 10.00 am |
| 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | സെപ്തംബർ 8 | 10.30 am |
| 10. ഡാമിയൻ എസ്റ്റേറ്റ് | സെപ്തംബർ 8 | 11.00 am |
| 11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | സെപ്തംബർ 8 | 11.00 am |
| 12. ജൂബിലി മിഷൻ ഹോസ്പിറ്റൽ | സെപ്തംബർ 8 | 12.00 noon |
| 13. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | സെപ്തംബർ 9 | 10.00 am |

| | | |
|---|---|---|
| 14. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | സെപ്തംബർ 9 | 10.00 am |
| 15. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | സെപ്തംബർ 9 | 10.30 am |
| 16. കെ.സി.എസ്.എൽ | സെപ്തംബർ 9 | 11.00 am |
| 17. മാതൃസംഘം | സെപ്തംബർ 9 | 11.00 am |
| 18. ബൈബിൾ അപ്പസ്തോലേറ്റ് | സെപ്തംബർ 9 | 12.00 noon |
| 19. തൊഴിൽ അഭ്യസന പീഠം | സെപ്തംബർ 12 | 10.00 am |
| 20. സി.എൽ.എ, & സാക്രിസ്റ്റ്യൻസ് | സെപ്തംബർ 12 | 10.00 am |
| 21. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.സി. | സെപ്തംബർ 12 | 10.30 am |
| 22. ഐ.ടി.ഐ അളഗപ്പനഗർ | സെപ്തംബർ 12 | 11.00 am |
| 23. സ്പിരിച്വൽ ആനിമേഷൻ സെന്റർ | സെപ്തംബർ 12 | 11.00 am |
| 24. സെന്റ്വിൻസെന്റ്ഡി പോൾ സൊസൈറ്റി | സെപ്തംബർ 12 | 12.00 noon |
| 25. മേരി മാതാ മേജർ സെമിനാരി, മുളയം | സെപ്തംബർ 19 | 10.00 am |
| 26. ഹോം ഓഫ് ലൗ, മുളയം | സെപ്തംബർ 19 | 10.00 am |
| 27. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 19 | 10.30 am |
| 28. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 19 | 11.00 am |
| 29. സെന്റ് മേരീസ് മൈനർ സെമിനാരി | സെപ്തംബർ 19 | 11.00 am |
| 30. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | സെപ്തംബർ 19 | 12.00 noon |
| 31. കേറ്റിസം | സെപ്തംബർ 20 | 10.00 am |
| 32. കേറ്റിസം- ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | സെപ്തംബർ 20 | 10.00 am |
| 33. കേറ്റിസം ബുക്ക് സ്റ്റാൾ | സെപ്തംബർ 20 | 10.30 am |
| 34. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | സെപ്തംബർ 20 | 11.00 am |
| 35. ഡി.ബി.സി.എൽ.സി. | സെപ്തംബർ 20 | 11.00 am |
| 36. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | സെപ്തംബർ 20 | 12.00 noon |
| 37. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി | സെപ്തംബർ 21 | 10.00 am |
| 38. കാത്തലിക് ഇൻഫർമേഷൻ സെന്റർ | സെപ്തംബർ 21 | 10.00 am |
| 39. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | സെപ്തംബർ 21 | 10.30 am |
| 40. സി.എൽ.സി | സെപ്തംബർ 21 | 11.00 am |
| 41. അൾത്താര സംഘം | സെപ്തംബർ 21 | 11.00 am |
| 42. കെ.സി.വൈ.എം കാത്തലിക് യൂണിയൻ | സെപ്തംബർ 21 | 12.00 noon |
| 43. ലേ ലീഡർഷിപ്പ് | സെപ്തംബർ 22 | 10.00 noon |

| | | |
|---|---|---|
| 44. ലിജീയൻ ഓഫ് മേരി | സെപ്തംബർ 22 | 10.00 am |
| 45. സോഷ്യൽ ആക്ഷൻ | സെപ്തംബർ 22 | 10.30 am |
| 46. സോഷ്യൽ വെൽഫെയർ സെന്റർ | സെപ്തംബർ 22 | 11.00 am |
| 47. സോഷ്യൽ ഹൗസിംഗ് സെന്റർ | സെപ്തംബർ 22 | 11.00 am |
| 48. സേവ് എ ഫാമിലി പ്ലാൻ | സെപ്തംബർ 22 | 12.00 noon |
| 49. സ്ലം സർവീസ് | സെപ്തംബർ 23 | 10.00 am |
| 50. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | സെപ്തംബർ 23 | 10.00 am |
| 51. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | സെപ്തംബർ 23 | 10.30 am |
| 52. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്,ചേലക്കര | സെപ്തംബർ 23 | 11.00 am |
| 53. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | സെപ്തംബർ 23 | 11.00 am |
| 54. സെന്റ്ജോസഫ്സ് ഹോം, പുല്ലഴി | സെപ്തംബർ 23 | 12.00 noon |
| 55. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | സെപ്തംബർ 26 | 10.00 am |
| 56. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | സെപ്തംബർ 26 | 10.00 am |
| 57. ആബാ റിന്യൂവൽ സെന്റർ | സെപ്തംബർ 26 | 10.30 am |
| 58. നസ്രത്ത് സെന്റർ, മുള്ളൂർക്കര | സെപ്തംബർ 26 | 11.00 am |
| 59. സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | സെപ്തംബർ 26 | 12.00 noon |
| 60. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | സെപ്തംബർ 26 | 11.00 am |
| 61. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് റിഹാബിലിറ്റേഷൻ സെന്റർ | സെപ്തംബർ 27 | 10.00 am |
| 62. പോപ്പ് ജോൺപോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | സെപ്തംബർ 27 | 10.00 am |
| 63. കലാസദൻ | സെപ്തംബർ 27 | 10.30 am |
| 64. കാത്തലിക് നേഴ്സസ് ഗിൽഡ് | സെപ്തംബർ 27 | 11.00 am |
| 65. കാത്തലിക് സെന്റർ | സെപ്തംബർ 27 | 11.00 am |
| 66. പാസ്റ്ററൽ സെന്റർ | സെപ്തംബർ 27 | 12.00 noon |
| 67. സാവിയോ ഹോം, മനക്കൊടി | സെപ്തംബർ 28 | 10.00 am |
| 68. പബ്ലിക് റിലേഷൻസ് ഡയോമീഡിയ | സെപ്തംബർ 28 | 10.00 am |
| 69. എം.ഐ.ബോയ്സ് ടൗൺ, ഏങ്ങണ്ടിയൂർ | സെപ്തംബർ 28 | 10.30 am |

| | | |
|---|---|---|
| 70. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | സെപ്തംബർ 28 | 11.00 am |
| 71. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | സെപ്തംബർ 28 | 11.00 am |
| 72. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 28 | 12.00 noon |
| 73. ടി.ടി.ഐ., കുരിയച്ചിറ | സെപ്തംബർ 29 | 10.00 am |
| 74. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 29 | 10.00 am |
| 75. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ് ) | സെപ്തംബർ29 | 10.30 am |
| 76. നെസ്റ്റ്, രാമവർമ്മപുരം | സെപ്തംബർ 29 | 11.00 am |
| 77. ഹോളി ക്രോസ് സി.ബി.എസ്.ഇ.സ്കൂൾ ആർത്താറ്റ് | സെപ്തംബർ 29 | 11.00 am |
| 78. പഴുവിൽ ധ്യാനകേന്ദ്രം | സെപ്തംബർ 29 | 12.00 noon |
| 79. ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | സെപ്തംബർ 30 | 10.00 am |
| 80. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | സെപ്തംബർ 30 | 10.00 am |
| 81. സെന്റ് തോമാസ് ഹോസ്റ്റൽ | സെപ്തംബർ 30 | 10.30 am |
| 82. സെന്റ് തോമാസ് കോളേജ് | സെപ്തംബർ 30 | 11.00 am |
| 83 സെന്റർ തോമാസ് എജുക്കേഷൻ സെന്റർ | സെപ്തംബർ 30 | 11.00am |
| 84. കരിസ്മാറ്റിക് മൂവ്മെന്റ് | സെപ്തംബർ 30 | 12.00 noon |

## 4. വരവ്-ചെലവ് കണക്കുകൾ ജൂൺ 31 ,2016

| നമ്പർ | പേര് | ദുഃഖ വെള്ളി | ഹൈദ്രാബാദ് മിഷൻ | പെസഹാ വ്യാഴം | മിഷൻ ഞായർ | ഞായർ പിരിവ് |
|---|---|---|---|---|---|---|
| 1. | അഞ്ഞൂർ | | | 19100 | | |
| 2. | ചാഴൂർ | 3820 | | 20671 | 5000 | |
| 3. | ചേലക്കര | | | 17520 | | |
| 4. | ചേറ്റുപുഴ | | | 20000 | | |
| 5. | എരുമപ്പെട്ടി | | 1,00,000 | | | |
| 6. | കരുമത്ര | 6441 | | 16882 | | |
| 7. | കോളാങ്ങാട്ടുകര | - | - | 28190 | | |

| | | | | | |
|---|---|---|---|---|---|
| 8. | ഒല്ലൂക്കര | 12200 | | 20112 | |
| 9. | പാലാഴി | 2000 | - | 6560 | |
| 10 | സെ.ജോസഫ്സ് സിസ്റ്റേഴ്സ് പീച്ചി | | 10000 | | |
| 11. | ഹോളി ക്രോസ് മഠം മുള്ളൂർക്കര | | 2000 | | |
| 12. | ഫാ. റോജോ എലുവത്തിങ്കൽ | | 5000 | | |
| 13. | എൽ. എഫ്.സി. ജി. എച്ച്. എസ്.എസ്. മമ്മിയൂർ | | 20000 | | |
| 14. | അസ്സീസി മഠം, തൃശ്ശൂർ | | | | 1000 |

**5. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. ചേലക്കര 5000

**6. അതിരൂപത സഹായ ഫണ്ട്**

1. വിവാഹം 30000
2. ചികിത്സ 44300
3. വിദ്യാഭ്യാസം 14000
4. ഭവന നിർമ്മാണം 2000

**7. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ചികിത്സ - 20000

**8. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. മരോട്ടിച്ചാൽ - 33867

**9. തിരുത്ത്** : അതിരൂപത ബുള്ളറ്റിൻ ജൂൺ ലക്കം പേജ് 27-ൽ സെപ്തംബർ 3, 4 എന്ന തെരട്ട് തിയ്യതികൾ സെപ്തംബർ 5, 6 ആയി വായിക്കണം.

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 16 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജോസ് ആലപ്പാട്ട് | 21 |
| ഫാ. ജേക്കബ് ചെറയത്ത് | 22 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോൺ ചെമ്മണ്ണൂർ | 04 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ബർണാർഡ് തട്ടിൽ | 20 |
| ഫാ. ഡേവിസ് ചിറമ്മൽ സീനയർ | 21 |
| ഫാ. അഗസ്റ്റിൻ മംഗലം | 28 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. ജോൺസൻ ഊക്കൻ | 29 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പൗലോസ് എടശ്ശേരി | 26 - 08 - 1891 |
| ഫാ. തോമസ് തെക്കേക്കര | 17 - 11 - 1895 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17 - 08 - 1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15 - 08 - 1917 |
| മോൺ. ജോൺ പാലോക്കാരൻ | 19 - 08 - 1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15 - 08 - 1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17 - 08 - 1954 |
| ഫാ. ജേക്കബ് പനക്കൽ | 04 - 08 - 1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07 - 08 - 1955 |
| ഫാ. ജോർജ്ജ് പാനികുളം | 14 - 08 - 1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21 - 08 - 1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03 - 08 - 1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27 - 08 - 1968 |
| ഫാ. ജോസഫ് തറയിൽ | 11 - 08 - 1969 |
| ഫാ. ജേക്കബ് ആളൂർ | 11 - 08 - 1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25 - 08 - 1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26 - 08 - 1978 |
| ഫാ. ജോസഫ് പുളിക്കൻ | 09 - 08 - 1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12 - 08 - 1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30 - 08 - 1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08 - 08 - 2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13 - 08 - 2005 |
| ഫാ. പോൾ അരിക്കാട്ട് | 16 - 08 - 2005 |
| ഫാ. ആന്റണി പൊറത്തൂർ | 04 - 08 - 2007 |
| ഫാ. ജെയിംസ് ആളൂർ | 17 - 08 - 2009 |

അതിരൂപതയുടെ സ്മരണാഞ്ജലി

## ദൈവദാസൻ ഫാ. ആന്റണി തച്ചുപറമ്പിൽ

ജൂലൈ മാസത്തിലെ മാസാദ്യവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾ ജൂലൈ 10ന് നടന്നു. ധ്യാനചിന്തകൾക്ക് ശേഷം പതിവുപോലെ പരിശുദ്ധ കുർബ്ബാനയുടെ വാഴ്‌വും രോഗികൾക്കും കുട്ടികൾക്കുമായുള്ള പ്രാർത്ഥനയും ഉണ്ടായിരുന്നു. വി. കുർബ്ബാനയ്ക്ക് നേതൃത്വം നൽകിയത് ചേലക്കര അസിസ്റ്റന്റ് വികാരി ഫാ. സിജോ മുരിങ്ങാത്തേരിയാണ്. വി.ലൂക്കായുടെ സുവിശേഷം 12-ാം അദ്ധ്യായം ആസ്പദമാക്കി നിർഭയം സാക്ഷ്യം കൊടുക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ് അച്ചൻ പ്രസംഗിച്ചത്. വി. മരിയ ഗൊരേത്തിയുടെയും വി. എവുസേബിയൂസിന്റെയും ജീവിത കഥകൾ വിവരിച്ചുകൊണ്ട് അച്ചനത് വ്യാഖ്യാനിക്കുകയും ചെയ്തു. ഇന്ന് പലപ്പോഴും സഹനങ്ങളിൽ നിന്ന് ഒളിച്ചോടാനാണ് നാം ഓരോരുത്തരും പരിശ്രമിക്കുന്നത്. എന്നാൽ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചനെപ്പോലെ സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുവാൻ നാം തയ്യാറാകണം വി. കുർബ്ബാനയ്ക്കുശേഷമുണ്ടായിരുന്ന ഊട്ടുനേർച്ചയിൽ ഏവരും പങ്കെടുത്തു.

## ദൈവദാസൻ ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ

രണ്ടാം ശനിയാഴ്ച ആചരണത്തിൽ മുഖ്യസന്ദേശം നൽകിയത് കാക്കനാട് സഭാകാര്യാലയത്തിലെ വൈസ് ചാൻസലർ റവ. ഫാ. പോൾ റോബിൻ തെക്കത്ത് ആയിരുന്നു. യേശു തന്റെ പുരോഹിതനിൽ നിന്ന് ആവശ്യപ്പെടുന്നത് ധനമോ ഭൗതികജ്ഞാനമോ അല്ല മറിച്ച് സ്നേഹമാണ് - ഊക്കനച്ചന്റെ ഈ വാക്കുകൾ അച്ചൻ അനുസ്മരിച്ചു.

കരുണയോടെയുള്ള നോട്ടവും പ്രവർത്തനവും അനേകം പാപികളെ മാസാന്തരപ്പെടുത്തിയിട്ടുണ്ട്. എന്ന ദൈവദാസന്റെ വചനം ദിവ്യകാരുണ്യ ആരാധന വേളയിൽ റവ. സി. ബർട്ടിൻ സി. എസ്. സി. അനുസ്മരിച്ചു. തന്റെ ജീവിതത്തിൽ കാരുണ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്ത അച്ചൻ കർമ്മനിരതനായ വിശ്വാസ പ്രഘോഷകനും നവസുവിശേഷവത്കരണത്തിന് മഹത്തായ മാതൃകയുമാണെന്ന് സിസ്റ്റർ പ്രസ്താവിച്ചു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

## പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ ഒമ്പതാം യോഗറിപ്പോർട്ട്

തൃശ്ശൂർ അതിരൂപതയുടെ 16-ാം പാസ്റ്ററൽ കൗൺസിലിന്റെ ഒമ്പതാം യോഗം 2016 ഏപ്രിൽ 30ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിന്റെ ഓഡിറ്റോറിയത്തിൽ കൂടി. രാവിലെ 10 മണിക്ക് ബഹു. സി. റോസ് അനിത എഫ്. സി. സി. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പെ. ബഹു. മോൺ. ജോർജ്ജ് കോമ്പാറ യോഗത്തെ സ്വാഗതം ചെയ്തു. അന്നേദിവസം ചർച്ച ചെയ്യപ്പെടുന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി മാർഗ്ഗരേഖയുടെ ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കേണ്ടതിന്റെ ആവശ്യകത ബഹു. അച്ചൻ യോഗത്തെ ഓർമ്മപ്പെടുത്തി. കൂടാതെ ഫൊറോന, ഇടവക, കുടുംബസമ്മേളനതലങ്ങളിൽ നടക്കുന്ന ചർച്ചകൾക്കും ഊർജ്ജം പകരേണ്ടവരാണ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെന്നും ബഹു. അച്ചൻ ഓർമ്മിപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി ഫാ. മാത്യു കുറ്റിക്കോട്ടയിൽ യോഗനടപടികൾ വിവരിച്ചു. തുടർന്ന് ജോ. സെക്രട്ടറി എട്ടാം യോഗറിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം ഭേദഗതിയോടെ അത് പാസ്സാക്കുകയും ചെയ്തു.

'ലാളിത്യം സഭയിലും വ്യക്തിജീവിതത്തിലും' എന്ന അസംബ്ലിയുടെ മാർഗ്ഗരേഖയിലെ ഒന്നാം ഭാഗം ഡോ. ഡെയ്സൻ പാണേങ്ങാടൻ അവതരിപ്പിച്ചു. ജീവിതത്തിന്റെ വിവിധ തുറകളിൽ പാലിക്കേണ്ട ലളിതജീവിതശൈലി അദ്ദേഹം വിശദീകരിച്ചു. തിരുനാളുകൾക്കും ആഘോഷങ്ങൾക്കും അകമ്പടിയായുള്ള വെടിക്കെട്ടുകൾ നിയന്ത്രിക്കുന്നതിന് അതിരൂപതാതലത്തിൽ ഒരു നയം രൂപീകരിക്കണമെന്നുള്ള അഡ്വ. ബിജു കുണ്ടുകുളത്തിന്റെ അഭിപ്രായത്തോട് മറ്റ് അംഗങ്ങളും യോജിച്ചു. വിവാഹത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ ലളിതമാക്കാൻ നാം തയ്യാറാകണമെന്ന ശ്രീമതി ലീലാമ്മ ടീച്ചറുടെ അഭിപ്രായത്തോട് അംഗങ്ങൾ അനുകൂലിച്ചു. പെ. ബഹു. മോൺ. തോമസ് കാക്കശ്ശേരിയച്ചൻ മോഡറേറ്ററായിരുന്നു.

'കുടുംബത്തിലെ സാക്ഷ്യം' എന്ന രണ്ടാം ഭാഗം ബഹു. സി. നീമ റോസ് സി. എച്ച്. എഫ്. അവതരിപ്പിച്ചു. കുടുംബത്തിലെ സാക്ഷ്യം, കുടുംബത്തിലെ വെല്ലുവിളികൾ, കുടുംബത്തിൽ അവലംബിക്കാവുന്ന പ്രായോഗികരീതികൾ എന്നിങ്ങനെ മൂന്നു ഭാഗങ്ങളായാണ് ബഹു.

സിസ്റ്റർ വിഷയം അവതരിപ്പിച്ചത്. തുടർന്ന് നടന്ന ചർച്ചയിൽ അഡ്വ. സി. ജെ. ഡെന്നി മോഡറേറ്ററായിരുന്നു. ശാസ്ത്രീയമായി പരിശീലനം നേടിയവരുടെ സേവനം ലഭ്യമാക്കുന്ന കൗൺസിലിംഗ് സെന്ററുകളുടെ ആവശ്യകത, വളരേണ്ട ദൈവാശ്രയബോധം, നവമാധ്യമങ്ങൾ പക്വമായി കൈകാര്യം ചെയ്യാനുള്ള പരിശീലനം തുടങ്ങിയ നിർദ്ദേശങ്ങൾ ചർച്ചയിൽ ഉരുത്തിരിഞ്ഞു.

'പ്രവാസികളുടെ ദൗത്യം' എന്ന മൂന്നാം ഭാഗം അവതരിപ്പിച്ചത് ഡോ. ജോസ് കല്ലറക്കലാണ്. സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം നടത്തിയ വിശദീകരണവും തുടർന്നു നടന്ന ചർച്ചയും വിജ്ഞാനപ്രദവും പ്രായോഗികവുമായിരുന്നു. കേരളത്തിനു പുറത്തുള്ള മലയാളികൾക്കായി സീറോമലബാർ സഭയുടെ തനതുശൈലിയിലുള്ള അജപാലനശുശ്രൂഷകൾ ആരംഭിക്കുന്നത് അനവധി വർഷങ്ങളായി ലത്തീൻ സഭാനേതൃത്വത്തിൻ കീഴിൽ സഭാജീവിതം നയിക്കുന്ന പ്രവാസികൾക്ക് ഗുണകരമാകുമോ എന്ന പരമാർശം ചർച്ചയിൽ ഉണ്ടായി. കത്തോലിക്കാസഭയിൽ ഐക്യവും ഏകതയും (Unity & Uniformity) ഒന്നല്ല എന്നും ഓരോ സഭയുടെയും അംഗങ്ങൾക്ക് അവരുടെ പാരമ്പര്യങ്ങൾക്കനുസൃതമായ അജപാലനശുശ്രൂഷ നൽകണമെന്നത് സാർവ്വത്രികസഭയുടെ കാഴ്ചപ്പാടാണെന്നും നാം തിരിച്ചറിയണമെന്നും ഫാ. മാത്യു കുറ്റിക്കോട്ടയിൽ പരാമർശത്തിന് വിശദീകരണം നൽകി. പ്രവാസിജീവിതം അവസാനിപ്പിച്ച് മടങ്ങി വരുന്നവരുടെ ഒരു കൂട്ടായ്മയ്ക്ക് രൂപം നൽകി അവരെ സഹായിക്കാൻ ശ്രമിക്കണം എന്ന അഭിപ്രായവും ഉയർന്നു. അന്യഭാഷ തൊഴിലാളികളുടെ അജപാലനത്തിൽ ശ്രദ്ധ വേണമെന്നും ഹിന്ദിയിലുള്ള കുർബാന കൂടുതൽ ഇടവകകളിൽ തുടങ്ങണമെന്നും നിർദ്ദേശങ്ങൾ ഉണ്ടായി. ഓരോ ഇടവകയിൽ നിന്നും ഉദ്യോഗ-പഠന ആവശ്യങ്ങൾക്കായി നാട്ടിൽ നിന്നും പോയിട്ടുള്ളവരുടെ വിവരങ്ങൾ ഇടവകതലത്തിൽ ശേഖരിച്ച് സൂക്ഷിക്കണമെന്ന അഭിപ്രായം പൊതുവിൽ അംഗീകരിച്ചു.

അഭിവന്ദ്യ മെത്രാപ്പോലീത്ത തന്റെ അധ്യക്ഷപ്രസംഗത്തിൽ യോഗത്തിൽ വിഷയം അവതരിപ്പിച്ചവരെയും ചർച്ചകളിൽ സജീവമായി പങ്കെടുത്തവരെയും അനുമോദിച്ചു. ഈ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിലേക്ക് അയയ്ക്കുന്നതിന് ബഹു. മാത്യു കുറ്റിക്കോട്ടയിലച്ചന്റെ നേതൃത്വത്തിൽ ബ്രദർ ജോസ് ചുങ്കത്ത് എം. എം. ബി., സി. റോസ് അനിത എഫ്. സി. സി., ഡോ.

ജോസ് കല്ലറക്കൽ, ഡോ. മേരി റെജീന എന്നിവരെ ചുമതലപ്പെടുത്തി.

ആഘോഷങ്ങളിൽ ലാളിത്യം പുലർത്തുക എന്നത് അതിരൂപതയുടെ നയവും ആഗ്രഹവുമാണ്. അപകടവും ആർഭാടവുമാകാതെ നിയമം അനുവദിക്കുന്ന രീതിയിലുള്ള വെടിക്കെട്ട് അതിരൂപതയിൽ പ്രാവർത്തികമാക്കാൻ ഒരു പുതിയ നിയമം രൂപീകരിക്കുന്നതിനായി പെ. ബഹു. ഫാ. ജോൺസൻ ഐനിക്കൽ, അഡ്വ. സി. ജെ. ഡെന്നി, അഡ്വ. സോജൻ ജോബ്, അഡ്വ. ബിജു. കുണ്ടുകുളം എന്നിവരെ ചുമതലപ്പെടുത്തി.

ബഹു. ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യപിതാവ് ആവശ്യപ്പെട്ടു. മെയ് 14ലെ സമർപ്പിത സംഗമം, മെയ് 20ലെ അതിരൂപതാദിനം, മെയ് 21ലെ ആബാ ധ്യാന കേന്ദ്രം ഉദ്ഘാടനം എന്നീ പരിപാടികളിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ സാന്നിധ്യവും സഹകരണവും ഉണ്ടാകണമെന്ന് അഭിവന്ദ്യപിതാവ് അറിയിച്ചു. PAROC-ന്റെ നേതൃത്വത്തിൽ നടത്തുന്ന സർവ്വേയിലും അതിരൂപതാ അസംബ്ലിയുടെ വിഷയാവതരണരേഖ രൂപപ്പെടുത്തുന്നതിലും അംഗങ്ങൾ സജീവ നേതൃത്വം നൽകണമെന്ന് അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു.

തുടർന്ന് രണ്ട് പ്രമേയങ്ങൾ യോഗം പാസാക്കി. ഐ. എസ്. ഭീകരരുടെ തടവിൽ കഴിയുന്ന ബഹു. ടോം ഉഴുന്നാലിലച്ചന്റെ മോചനത്തിനാവശ്യമായ അടിയന്തിര നടപടികൾ സംസ്ഥാന-കേന്ദ്രസർക്കാരുകൾ കൈക്കൊള്ളണമെന്നും, നിയമസഭാ തെരഞ്ഞെടുപ്പിൽ സഭാംഗങ്ങൾ തങ്ങളുടെ സമ്മതിദാനാവകാശം നിർബന്ധമായി വിനിയോഗിച്ച് രാഷ്ട്രധർമ്മം നിർവഹിക്കണമെന്നും പ്രമേയങ്ങളിലൂടെ ആവശ്യപ്പെട്ടു. ശ്രീ. എൻ. പി. ജാക്സൺ പ്രാർത്ഥന നയിച്ചു. ഉച്ചഭക്ഷണത്തോടെ യോഗം പിരിഞ്ഞു.

| | |
|---|---|
| അഡ്വ. ബിജു കുണ്ടുകുളം | ഫാ. മാത്യു കുറ്റിക്കോട്ടയിൽ |
| സെക്രട്ടറി | ചാൻസലർ & ജനറൽ സെക്രട്ടറി |

# മൂന്നാമത് അതിരൂപത അസംബ്ലി

**1. ഫൊറോന സമ്മേളനങ്ങൾ**

അതിരൂപതയുടെ മൂന്നാം അസംബ്ലിക്ക് ഒരുക്കമായി 15 ഫൊറോനകളിലും വൈദിക സമിതി യോഗവും പരിശീലനസമ്മേളനങ്ങളും നടന്നു. ആഗസ്റ്റ് 1ന് അവസാന സമ്മേളനം എരുമപ്പെട്ടി ഫൊറോന പള്ളിയിൽ നടക്കും. 4.30 മുതൽ 5.30 വരെ നടന്ന ഫൊറോന വൈദിക സമ്മേളന സമിതി യോഗത്തിൽ അതിരൂപതയുടെ ശ്രദ്ധയർഹിക്കുന്ന വിവിധ വിഷയങ്ങളെക്കുറിച്ചും അസംബ്ലിയുടെ നടത്തപ്പിനെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. 5.30 – 8.30 വരെ നടത്തിയ പരിശീലന സമ്മേളനത്തിൽ ഇടവകയിൽ നിന്നുള്ള കോർഡിനേഷൻ ടീം അംഗങ്ങൾ പങ്കെടുത്തു. ഇടവകകളിൽ 'അജപാലന സർവ്വേക്കൊരുക്കമായ പഠന സമ്മേളനങ്ങൾ നടത്തുന്നതിനൊരുക്കമായ പഠന സമ്മേളനങ്ങൾ നടത്തുന്നതിനായുള്ള പരിശീലനം ഈ ടീമംഗങ്ങൾക്ക് നൽകി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്  സമ്മേളനങ്ങളിൽ അദ്ധ്യക്ഷം വഹിച്ചു. മോൺ. ജോർജ്ജ് കോമ്പാറ, മോൺ. മോൺ തോമസ് കാക്കശ്ശേരി എന്നിവർ ചർച്ചകൾക്ക് മോഡറേറ്റ് ചെയ്തു. റവ. ഡോ. ടോണി നീലങ്കാവിൽ, റവ. ഡോ. റാഫേൽ ആക്കാമറ്റത്തിൽ, റവ. പ്രൊഫ. ഇ. ജെ. തോമസ് എസ്. ജെ., റവ.ഡോ. സൈജോ തൈക്കാട്ടിൽ എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി

**2. ഫൊറോന കോർഡിനേഷൻ ടീം**

എല്ലാ ഫൊറോനകളും ഫൊറോന കോർഡിനേഷൻ ടീമിന് രൂപം നൽകേണ്ട ലിസ്റ്റ് ആഗസ്റ്റ് 20ന് മുമ്പ് അസംബ്ലിയുടെ സെക്രട്ടേറിയറ്റിൽ നൽകാൻ ശ്രദ്ധിക്കേണ്ട ഇനമാണ്. ഈ ടീമിൽ ഫൊറോന വികാരി, അഭിവന്ദ്യ പിതാവ് നിയമിച്ച ഫൊറോന കോർഡിനേറ്ററായ വൈദികൻ, ഓരോ ഇടവകയിൽ നിന്നുള്ള ഫൊറോന രൂപത, Contact person  എന്നിവരാണ്.

**3. ഇടവകയിൽ പ്രതിനിധി സമ്മേളനം**

ആഗസ്റ്റ് മാസത്തിൽ ഏതെങ്കിലും സൗകര്യപ്രദമായ ഒരു ദിവസം ഓരോ ഇടവകയിലെയും കുടുംബക്കൂട്ടായ്മയിൽ നിന്നും സംഘടനകളിൽ നിന്നും പ്രതിനിധി യോഗത്തിൽ നിന്നും മതാദ്ധ്യാപകരിൽ നിന്നുമുള്ള പ്രധാന ഭാരവാഹികൾ (പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ) ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ  ഒരുമിച്ചുകൂടുന്നു. ഫൊറോനയിൽ നിന്ന് 'അജപാലന സർവ്വേക്കൊരുക്കമായ പഠന സമ്മേളനങ്ങൾ നടത്താൻ പരിശീലനം ലഭിച്ച ഇടവക കോർഡിനേഷൻ ടീമിന്റെ സഹായത്തോടെ സമ്മേളിച്ചിരിക്കുന്ന ഭാരവാഹി

കൾക്ക് അവരുടെ കുടുംബക്കൂട്ടായ്മിൽ /സംഘടനയിൽ/ പ്രതിനിധിയോഗത്തിൽ/ മതാദ്ധ്യാപകരുടെ സമ്മേളനത്തിൽ ഈ പഠനം സെപ്തംബർ മാസങ്ങളിൽ നടത്താനുള്ള പരിശീലനം നല്കുന്നു. ഇതിനുവേണ്ട ഫോമുകളും മറ്റു രേകവളും അസംബ്ലിയുടെ സെക്രട്ടറിയേറ്റിൽ നിന്നും നൽകുന്നതാണ്.

**4. അസംബ്ലിയുടെ വെബ്സൈറ്റ്**

അതിരൂപതാ വെബ്സൈറ്റിൽ നിന്നും അസംബ്ലിയുടെ വെബ് പേജിലേക്ക് പോകാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. അസംബ്ലി വാർത്തകൾ, രേഖകൾ, വിവിധ ഫോമുകൾ, ചർച്ചാ സഹായികൾ എന്നിവ അവിടെ ലഭ്യമാണ്. അസംബ്ലിയിലേക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള സൗകര്യവും വെബ്സൈറ്റിൽ ക്രമീകരിച്ചിട്ടുണ്ട്.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
**കൺവീനർ**

**ഫാ. സൈജോ തൈക്കാട്ടിൽ**
**സെക്രട്ടറി**

**മോൺ . ജോർജ്ജ് കോമ്പാറ**
**ചെയർമാൻ**

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

30.05.2016. സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ വിദ്യാഭ്യാസ രംഗത്ത് ശുശ്രൂഷചെയ്യുന്ന സിസ്റ്റേഴ്സിന് പ്രൊവിൻഷ്യൽ ഹൗസിൽ ഏകദിന സെമിനാർ നടത്തി.റവ.ഫാ.നോബിൾ മാറത്ത് (CMF)ക്ലാസ്സിനു നേതൃത്വം നൽകി.കരുണയുടെ സംസ്ക്കാരം വിദ്യാലയത്തിൽ വളർത്തി നല്ലൊരു അധ്യയന വർഷത്തിന് ആരംഭമിടാൻ പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ എല്ലാ സിസ്റ്റർ സ്റ്റാഫിനും പ്രചോദനവും ആശംസകളും നേർന്നു.ഈ വർഷം എസ്.എസ്.എൽ.സിയ്ക്ക് നൂറു ശതമാനം നേടിയ വിദ്യാലയങ്ങളെ ഉപഹാരങ്ങൾ നൽകി അഭിനന്ദിച്ചു.

31.05.2016. സി.എച്ച്.എഫ്.കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിലുള്ള ദിവ്യബലിക്കും,വചന സന്ദേശത്തിനും, നൊവേനയ്ക്കും ഒളരിക്കര ലിറ്റിൽ ഫ്ളവർ ചർച്ച് വികാരി റവ. ഫാ.ജോസ് കോനിക്കര നേതൃത്വം നൽകി.

01.06.2016 സി.എം.സി. ഏഴ് കേന്റിഡേറ്റ്സ് ആസ്പിരൻസിയിൽ പ്രവേശിച്ചു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽഹൗസിൽ ഒരാഴ്ച്ചത്തെ കരുണയുടെ വാർഷിക ധ്യാനം നടത്തി.

സി.എം.സി. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിക്കുകയും എല്ലാവരുമായി സൗഹൃദം പങ്കിടുകയും ചെയ്തു.

04.06.2016 എഫ്.സി.സി. പ്രോവിൻസിലെ ഓരോ ഭവനത്തിലും പരിഹാരദിനം ആചരിച്ചു.

എസ്.എ.ബി.എസ്. പരിശീലനം പൂർത്തിയാക്കിയ ആസ്പിരൻസ്, പോസ്റ്റുലൻസിയിലേക്ക് പ്രവേശിച്ചു. പോസ്റ്റുലൻസ് ഡിറക്ട്രസ് സി. ജെസ്ലിൻ റോസ് ബ്രഹ്മകുളത്തിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ!

05.06.2016 കാക്കനാട് Mount St. Thomas-ൽ നടന്ന KCMS മീറ്റിംഗിൽ വിവിധ സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ് പങ്കെടുത്തു.

എഫ്.സി.സി. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ഏങ്ങണ്ടിയൂർ എം. ഐ. ഹോസ്പിറ്റലിൽ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിത സന്ദേശം നൽകി.

എഫ്.സി.സി. തൃശൂർ അസ്സീസി പ്രോവിൻസും അതിരൂപത KCYM ഉം സംയുക്തമായി ഒരുക്കിയ സ്റ്റിക്കർ വിതരണം ചെയ്തു. വികാരി ജനറാൾ റവ. ഫാ. ജോർജ്ജ് കോമ്പാറ ഈ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിത അദ്ധ്യക്ഷം വഹിച്ച് കുട്ടികൾക്ക് പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ നൽകി. അളഗപ്പനഗർ പോളി ടെക്നിക്കൽ കോളേജിലും അവബോധക്ലാസ്സുകൾ നൽകുകയുണ്ടായി.

സി.എം.സി. പത്ത് ജൂനിയർ സിസ്റ്റേഴ്സ് ജൂനിയറേറ്റ് കോഴ്സിനായി ആലുവയിലേക്ക് പോയി.

08.06.2016 എസ്.എ.ബി.എസ്. കൊടകര പഞ്ചായത്ത് തലത്തിൽ നടന്ന HIV ബാധിതരുടെ കൂട്ടായ്മയിൽ സി. ലിസ് തെരേസ് കാളൻ പങ്കെടുത്തു.

10.06.2016 എസ്.എ.ബി.എസ്. പുതിയതായി രൂപം കൊണ്ട ഭവനസമൂഹങ്ങളുടെ ലോക്കൽ കൗസിൽ അംഗങ്ങൾക്കുവേണ്ടിയുള്ള മൂന്നു ദിവസത്തെ ഓറിയന്റേഷൻ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിച്ചു. റവ. ഫാ. റാഫി പാല്യേക്കര OFM.Cap., ഫാ. രഞ്ജിത്ത് CMI, മദർ ലിറ്റിൽ മരിയ തെക്കേക്കര, ജനറൽ കൗൺസിലർ സി. അനറ്റ് ചാലങ്ങാടി എന്നിവർ ക്ലാസ്സുകൾ നൽകി.

സി.എച്ച്.എഫ്.വേലൂർ FATRI യിൽ ഈ വർഷം ആരംഭിക്കുന്ന ഒരു വർഷത്തെ കൗൺസലിംഗ് കോഴ്സ്,ഫാമലി അപ്പസ്തോലേറ്റ് കോഴ്സ്

എന്നിവയുടെ ഉദ്ഘാടനം നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ നിർവ്വഹിച്ചു

12.06.2016 സി.എം.സി. നോവിസസ്സ് റീജൻസിക്കായി വിവിധ മഠങ്ങളിലേക്ക് പോയി.

എഫ്.സി.സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ജൂൺ 12-ാം തീയതി 2 pm മുതൽ 4 pm വരെ ഫോർമേഷൻ കമ്മിറ്റിയുടെ മീറ്റിംഗ് നടന്നു.

എഫ്.സി.സി. പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ ജാഗരണപ്രാർത്ഥന കുട്ടംകുളം ആബ്ബാ കോൺവെന്റിൽ വെച്ച് നടത്തി.

15.06.2016 എഫ്.സി.സി. പടവരാട് പാവനാത്മ കോൺവെന്റിനോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ ആശാഭവന്റെ പുതിയ B.Com Block ആരംഭിച്ചു. ഇതിന്റെ ഉദ്ഘാടനകർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിതയും ടീം അംഗങ്ങളും സിഹിതരായിരുന്നു.

16.06.2016 എസ്.എ.ബി.എസ്. തൃശൂർ നിർമ്മല മാതാ സെൻട്രൽ സ്ക്കൂളിലെ അവാർഡ്ദാനച്ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

18.06.2016 എഫ്.സി.സി. ജൂൺ മാസത്തിലെ ഉപവാസപ്രാർത്ഥനാസമ്മേളനം നെല്ലിക്കുന്ന് ഡോൺ ബോസ്കോ മഠത്തിൽ വെച്ച് നടന്നു.

19.06.2016 എഫ്.സി.സി. അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ സ്കൂളിലെയും പ്രധാനാധ്യപകരുടെ മീറ്റിംഗ് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.

എസ്.എ.ബി.എസ്. എയ്യാൽ നിർമ്മല മാതാ സെൻട്രൽ സ്ക്കൂളിലെ അവാർഡ്ദാന ച്ചടങ്ങിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ലിൻസ മരിയ പാറേക്കാടൻ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

25.06.2015 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂണിയർ സിസ്റ്റേഴ്സിന്റെ gathering നടത്തി.

ജൂനിയർ സിസ്റ്റേഴ്സിന്റെ ഡിറക്ട്രസ്സായി ചുമതലയേറ്റെടുത്തിരിക്കുന്ന സി. മാർഗരറ്റ് കൊള്ളൂരിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ!

26.06.2016 എഫ്.സി.സി. 2016 ജൂൺ 26–ാം തീയതി ഞായറാഴ്ച രാവിലെ 10 am മുതൽ 4 pm വരെ അസ്സീസിയിൽ വെച്ച് നടന്ന FCC Health Care Fraternity മീറ്റിംഗിൽ ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കു എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.

29.06.2016 സി.എസ്.എസ്. സ്നേഹോദയ പ്രോവിൻസിലെ ഇമ്മാക്കുലേറ്റ് കസപ്ഷൻ നൊവിഷ്യേറ്റ് ഹൗസിന്റെ സുവർണ്ണജൂബിലിക്ക് ആരംഭം കുറിച്ചുകൊണ്ട് പെ. ബഹു. വാൾട്ടർ തേലപ്പിള്ളി സി.എം.ഐ. ദിവ്യബലി അർപ്പിച്ചു.

മണ്ണുത്തി ലൂർദ്ദ് ആശുപത്രിയുടെ നവീകരിച്ച ബ്ലോക്കിന്റെ ആശീർവ്വാദകർമ്മം റവ. ഫാ. മാത്യു കപ്ലിക്കുന്നേൽ നിർവ്വഹിച്ചു.

എഫ്.സി.സി. ആദ്യവ്രതവാഗ്ദാനത്തിനൊരുക്കമായി മുട്ടുച്ചിറയിൽ വെച്ച് നടക്കുന്ന 30 ദിവസധ്യാനത്തിൽ രണ്ടാം വർഷ നോവീസസ് സംബന്ധിച്ചു.

എഫ്.സി.സി. ഡി. സി. എൽ. മേഖല Best Organizerനുള്ള അവാർഡിന് സി. സൗമ്യവർഗ്ഗീസ് അർഹയായി.

**ആദരാഞ്ജലികൾ**



01.07.2016 എഫ്.സി.സി. മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനാംഗമായ ബ. സി. അനനിയ ജൂലൈ 1–ാം തീയതി രാത്രി 9 മണിക്ക് പരലോകപ്രാപ്തയായി. 2–ാം തീയതി വൈകിട്ട് 4.30 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ്

താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മരത്താക്കര ബ്ലസഡ് സാക്രമെന്റ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ ബ. അനനിയമ്മയുടെ മൃതദേഹം സംസ്കരിച്ചു.



08.06.2016 എസ്.എ.ബി.എസ്. പടവരാട് ശാന്തി ഭവൻ ഭവനാംഗമായിരുന്ന സി. ലൂർദ്ദ് മേരി (79) നിര്യതയായി. അതിരൂപതാ സഹായ മെത്രാൻ മാർ റാഫേൽ തട്ടിലിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം മഠം വക സിമിത്തേരിയിൽ സംസ്ക്കരിച്ചു.



19.06.2016 സി.എസ്.എം. തൃശൂർ ലൂർദ്ദ് നാഥാ ഭവനാംഗമായ സി.ക്രിസ്തീന നിര്യാതയായി.അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള മൃതസംസ്ക്കാര ശുശ്രൂഷകൾക്കു ശേഷം കൊളങ്ങാട്ടുകര മഠം വക കല്ലറയിൽ സംസ്ക്കരിച്ചു.



27.06.2016. സി.എച്ച്.എഫ്.തലോർ ലൂർദ്ദ് ഭവനാംഗവും നവജ്യോതി പ്രോവിൻസിന്റെ മുൻപ്രൊവിൻഷ്യലുമായ സി.മരിയ നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ മാർ.ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ നടത്തി.

28.06.2016 എസ്.എൻ.ഡി.എസ്. മുളയം നിർമ്മലദാസി സമർപ്പിത സമൂഹത്തിലെ പ്രഥമ അംഗമായ സിസ്റ്റർ കൊച്ചന്നം കാക്കശ്ശേരി (84), ജൂൺ 28-ാം തിയതി നിര്യാതയായി. മൃതസംസ്കാരം മുളയം നോവിഷ്യേറ്റ് ഭവനത്തിൽ വച്ച് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.



**സി. ജോസഫൈൻ പാലത്തിങ്കൽ SABS**

സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

## മതബോധനകേന്ദ്രം

Ph : 2320828, 2333245
http://catechismtrichur.blogspot.in|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

പ്രിയ കുട്ടികളേ,

തൃശ്ശൂർ അതിരൂപതയിൽ മൂന്നാമത്തെ "അതിരൂപതാ അസംബ്ലി" നടത്തുന്ന വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. ഈ അസംബ്ലി യിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെ കുറിച്ച് അതിരൂപതയുടെ വിവിധ തലങ്ങളിൽ ഇപ്പോൾ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സീറോ മലബാർ സഭയുടെ നാലാമത്തെ "മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി" 2016 ആഗസ്റ്റ് 25 മുതൽ 28 വരെ നടക്കുന്ന വിവരവും നിങ്ങൾ കേട്ടിട്ടുണ്ടാകും. റോമിൽ നടന്ന മെത്രാന്മാരുടെ സിനഡിന്റെ വെളിച്ചത്തിലാണ് ഫ്രാൻസിസ് മാർപ്പാപ്പ ''സ്നേഹത്തിന്റെ സന്തോഷം" എന്ന അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചിരി ക്കുന്നത്. ഈ പശ്ചാത്തലത്തിൽ യോഗം, അസംബ്ലി, സിനഡ് എന്നി വയെ കുറിച്ച് ചുരുക്കമായി നിങ്ങളോട് ഈ കത്തിലൂടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സഭയെ പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്ത് പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ തീരുമാനങ്ങൾ എടുക്കുന്നതിന് സഭാതലവനെ സഹാ യിക്കുന്ന സമിതികൾ അപ്പസ്തോലന്മാരുടെ കാലം മുതൽ നിലവിൽ ഉണ്ടായിരുന്നു. അ. പ്ര. 15-ാം അധ്യായത്തിൽ ജെറുസലെം സൂനഹ ദോസിനെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സഭയുടെ എല്ലാ പ്രധാന തീരു മാനങ്ങളും പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയും അദ്ദേഹത്തോട് ചേർന്ന് നില്ക്കുന്ന മെത്രാന്മാരും ചേർന്ന് സിനഡിലൂടെയാണ് എടു ക്കുന്നത്.

സിനഡ് (സൂനഹദോസ്) എന്ന വാക്കിന്റെ അർത്ഥം യോഗം/ അസംബ്ലി/കൗൺസിൽ എന്നാണ്. സഭയുടെ വിവിധ തലങ്ങളിൽ ഇപ്രകാരമുള്ള യോഗങ്ങളുണ്ട്. സഭയിലെ പരമോന്നതസമിതി മാർപ്പാപ്പയും അദ്ദേഹത്തോട് ചേർന്ന് നില്ക്കുന്ന മെത്രാന്മാരുടെ കൂട്ടായ്മയായ സൂനഹദോസുമാണ്. നിഖ്യാ സൂനഹദോസ്, രണ്ടാം വത്തിക്കാൻ കൗൺസിൽ എന്നിവ ഉദാഹരണങ്ങളാണ്. ഇടവക, രൂപത, രാഷ്ട്രം, വ്യക്തിസഭ, സാർവ്വത്രികസഭ തുടങ്ങിയ തലങ്ങളിൽ യോഗങ്ങൾ നടക്കാറുണ്ട്.

സഭയുടെ പഴയകാല ചരിത്രത്തിൽ പരിശുദ്ധാത്മാവിനാൽ പ്രേരിതരായി മെത്രാന്മാർ മാത്രമാണ് സിനഡ് എന്ന പേരിൽ ഒന്നിച്ചു കൂടിയിരുന്നത്. എന്നാൽ മാർതോമ ക്രിസ്ത്യാനികളുടെ ഇടയിൽ സഭാഭരണത്തിന് സഹായിക്കാനായി പുരാതനകാലം മുതൽതന്നെ വൈദികരും സന്യസ്തരും അത്മായരും അടങ്ങുന്ന യോഗം അഥവാ അസംബ്ലി നടക്കുന്നുണ്ടായിരുന്നു. മൂന്ന് തലങ്ങളിലാണ് യോഗങ്ങൾ നടന്നിരുന്നത്: ഇടവകയോഗം, പ്രാദേശികയോഗം, സമുദായയോഗം. പുതിയ നടപടിക്രമമനുസരിച്ച് ഇടവക പള്ളിയോഗത്തിന് പൊതുയോഗം, പ്രതിനിധിയോഗം എന്നിങ്ങനെ രണ്ട് രൂപങ്ങളുണ്ട്. പണ്ടുകാലത്തെ പ്രാദേശികയോഗത്തിന്റെ പുതിയ രൂപം രൂപതായോഗവും സമുദായത്തിന്റേത് മേജർ ആർക്കിഎപ്പിസ്കോപ്പൽ യോഗം അഥവാ അസംബ്ലിയാണ്.

സീറോമലബാർ സഭ സാർവ്വത്രികസഭയ്ക്ക് നൽകിയ സംഭാവനയാണ് സഭാഭരണത്തിൽ സഹായിക്കുന്ന ഈ യോഗം/അസംബ്ലിയുടെ സംവിധാനം. പുതിയ ലത്തീൻ നിയമം രൂപതായോഗങ്ങൾ വിളിച്ചുകൂട്ടാൻ നിർദ്ദേശിച്ചപ്പോൾ അതിനുകൊടുത്ത പേര് രൂപതാസിനഡ് എന്നാണ്. പൗരസ്ത്യപാരമ്പര്യമനുസരിച്ച് മെത്രാന്മാർ മാത്രം കൂടുന്ന സമിതിയെ മാത്രമാണ് സിനഡ് എന്ന് വിളിച്ചിരുന്നത്, അതുകൊണ്ടാണ് മെത്രാന്മാരും വൈദികരും സമർപ്പിതരും അടങ്ങുന്ന പ്രധാന ഉപദേശകസമിതിയെ അസംബ്ലി/യോഗം എന്നു വിളിക്കുന്നത്. സാർവ്വത്രികതലത്തിൽ മെത്രാന്മാരുടെ കൂട്ടായ്മയായ സിനഡ് 2 തരത്തിലുണ്ട്. 1. എല്ലാ മെത്രാന്മാരും അടങ്ങുന്ന സാർവ്വത്രികസൂനഹദോസ് 2. മെത്രാന്മാരുടെ പ്രതിനിധികൾ ഒന്നിച്ചുകൂടുന്ന സാധാരണസൂനഹദോസ്. 2015ൽ നടന്ന മെത്രാന്മാരുടെ സിനഡ് ഇപ്രകാരമുള്ള സാധാരണസിനഡ് ആയിരുന്നു.

തൃശ്ശൂർ അതിരൂപതയുടെ മൂന്നാമത്തെ അസംബ്ലിക്ക് ഏതെല്ലാം വിഷയങ്ങൾ ചർച്ച ചെയ്യേണ്ടത് എന്നുള്ള ആലോചനകളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. മതബോധനവിദ്യാർത്ഥികളായ നിങ്ങളുടെ അഭിപ്രായം അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എഴുതേണ്ട ചോദ്യമിതാണ്: നമ്മുടെ അതിരൂപതയിൽ ഏറ്റവും പ്രാധാന്യത്തോടെ ചർച്ച ചെയ്യാനുള്ള വിഷയം കണ്ടുപിടിക്കാൻ എങ്ങനെയുള്ള ചോദ്യ മാണ് നിങ്ങൾക്കുള്ളത്. നിങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. അടുത്തുവരുന്ന മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനാശംസകൾ സ്നേഹത്തോടെ നേരുന്നു.

**ചോദ്യങ്ങൾ:**

1. സഭയുടെ തലങ്ങളിൽ യോഗം, അസംബ്ലി, സിനഡ്/സൂനഹദോസ് എപ്രകാരമാണ്?
2. 2015 റോമിൽ നടന്ന മെത്രാന്മാരുടെ സിനഡിന്റെ വിഷയമെന്താണ്? അതിനുശേഷം മാർപ്പാപ്പ പുറപ്പെടുവിച്ച പ്രബോധനത്തിന്റെ പേരെന്ത്?
3. സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ വിഷയങ്ങളേവ? അവയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്ത്?
4. തൃശ്ശൂർ അതിരൂപതാ അസംബ്ലിയിൽ ഏറ്റവും പ്രാധാന്യത്തോടെ ചർച്ച ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നതെന്ത്?

പ്രിയ കുട്ടികളേ, നിങ്ങളുടെ ഉത്തരങ്ങൾ എഴുതിയറിയിക്കുമല്ലോ. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. നിങ്ങൾ എനിക്കുവേണ്ടിയും പ്രാർത്ഥിക്കുമല്ലോ.

നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

പരിശുദ്ധ കന്യാമറിയത്തിന്റ ***സ്വർഗ്ഗാരോപണ തിരുന്നാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ*** എല്ലാ മതാധ്യാപകർക്കും വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കും നേരുന്നു.

ഈ മാസം സഭ സവിശേഷമായി അനുസ്മരിക്കുന്ന നമ്മുടെ അമ്മയും ദൈവമാതാവുമായ പരിശുദ്ധകന്യകാമറിയത്തിന്റെയും വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും നമ്മുടെ പ്രിയപ്പെട്ട വി. എവുപ്രാസ്യമ്മയുടെയും മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് ഈശോയിലേയ്ക്കടുക്കുവാൻ കൂടുതൽ പരിശ്രമിക്കാം; വിശ്വാസ പരിശീലനത്തിൽ മുന്നേറാം.

## 1. മതബോധനകാര്യങ്ങൾ കമ്പ്യൂട്ടർ പ്രോഗ്രാം വഴി.

മതബോധനയൂണിറ്റുകളിലും മതബോധനകേന്ദ്രത്തിലും ഉപയോഗിക്കുന്ന കമ്പ്യൂട്ടർപ്രോഗ്രാമിലേക്ക് ആവശ്യമായ വിവരങ്ങൾ (ഡാറ്റ - അധ്യാപകരുടെ ലിസ്റ്റും വിദ്യാർത്ഥികളുടെ ലിസ്റ്റും) കൃത്യമായും പൂർണ്ണമായും നല്കിയ യൂണിറ്റുകൾക്ക് നന്ദിയും അഭിനന്ദനങ്ങളും.

തന്നിട്ടുള്ള ലിസ്റ്റുകളിൽ പോരായ്മകളോ അപാകതളോ ചൂണ്ടിക്കാണിച്ചിട്ടുള്ളത് എത്രയും വേഗം പരിഹരിച്ചു നല്കേണ്ടതാണ്.

കമ്പ്യൂട്ടർ പ്രോഗ്രാം യൂണിറ്റുകളുടെ ഉപയോഗത്തിന് നല്കിക്കഴിഞ്ഞാൽ, യൂണിറ്റിനെയും അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച കാര്യങ്ങളിൽ വരുന്ന വ്യത്യാസങ്ങൾ ഉടൻതന്നെ കമ്പ്യൂട്ടർ പ്രോഗ്രാമിലും വരുത്തണം.

ഈ വർഷത്തിന്റെ ആരംഭം മുതൽത്തന്നെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ സൂക്ഷിച്ചാൽ, തുടർന്ന് ആവശ്യമായ വിവിധ ലിസ്റ്റുകളും ഫോമുകളും തയ്യാറാക്കുന്നതിന് വളരെ എളുപ്പമാകും. പുതിയതായി ചേരുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ അവർ ചേരുന്ന അവസരത്തിൽത്തന്നെ ശേഖരിക്കുക.

**പ്രത്യേകശ്രദ്ധയ്ക്ക്:**

പരീക്ഷയ്ക്കുള്ള ഇംഗ്ലീഷ്, മലയാളം ചോദ്യപേപ്പറുകളുടെ എണ്ണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ, വിദ്യാർത്ഥികളുടെ TC, സർട്ടിഫിക്കറ്റുകൾ, അധ്യാപകരുടെ സർവ്വീസ് മുതലായ എല്ലാകാര്യങ്ങളും ഇനി മുതൽ കൈകാര്യം ചെയ്യുന്നത് കമ്പ്യൂട്ടർപ്രോഗ്രാമിലേക്ക് യൂണിറ്റിൽനിന്ന് തന്നിട്ടുള്ള ഡാറ്റയുടെ അടിസ്ഥാനത്തിലായിരിക്കും. ഓരോ ആവശ്യത്തിനും വെവ്വേറെ ലിസ്റ്റുകൾ യൂണിറ്റുകളിൽനിന്ന് തയ്യാറാക്കി നല്കേണ്ടിവരില്ല. അതുകൊണ്ട് അവശ്യപ്പെട്ട വിവരങ്ങൾ കൃത്യസമയത്തു നല്കുന്നതിനും അവ എപ്പോഴും കൃത്യവും പൂർണ്ണവും ആയിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കുക. ആവശ്യമുള്ള ഡാറ്റ നല്കാതിരുന്നാൽ ഇക്കാര്യങ്ങ

ളുടെയെല്ലാം നടത്തിപ്പിൽ യൂണിറ്റുകളിലും മതബോധനകേന്ദ്രത്തിലും കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. അർദ്ധവാർഷിക പരീക്ഷ അടുത്തുവരുന്നതിനാൽ, അവ തടസ്സപ്പെടാത്തവിധം ഈ സംരംഭം പൂർത്തീകരിക്കുന്നതിനും പ്രയോഗത്തിൽവരുത്തുന്നതിനും യൂണിറ്റധികാരികളും അധ്യാപകരും, അവശ്യബോധത്തോടെ, സഹകരിക്കുമല്ലോ.

## 2. കുട്ടികൾക്കുള്ള ഡയറി

കുട്ടികൾക്കുള്ള ഡയറി തയ്യാറാക്കിയിരിക്കുന്ന യൂണിറ്റുകൾ ഡയറിയുടെ രണ്ടു കോപ്പിവീതം മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരുവാൻ താത്പര്യപ്പെടുന്നു. വളരെ മാതൃകാപരമായ, അനുകരണീയമായ പല ഡയറികളും പല യൂണിറ്റുകളും തയ്യാറാക്കുന്നതിൽ സന്തോഷമുണ്ട്. ഡയറികൾ മറ്റു യൂണിറ്റുകൾക്ക് കാണുവാൻ വേണ്ടി ഇവിടെ സൗകര്യപ്പെടുത്തുന്നതാണ്.

വിശ്വാസപരിശീലനത്തിൽ വി. കുർബാനയിലുള്ള പങ്കാളിത്തം ഏറ്റവും പ്രധാനപ്പെട്ടതാണ്. വി. കുർബാനയിലുള്ള പങ്കാളിത്തം സജീവമാക്കാൻ കുട്ടികൾ "വി. കുർബാനയുടെ പുസ്തകം" ഉപയോഗിക്കുവാൻ മതാധ്യാപകർ പ്രോത്സാഹിപ്പിക്കണം. **ഡയറിയിൽ വി. കുർബാന അച്ചടിക്കുന്ന രീതിയല്ല സ്വീകരിക്കേണ്ടത്.** കുട്ടികൾക്കുവേണ്ടി പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന കുർബാനപുസ്തകം മതബോധനകേന്ദ്രത്തിലെ ബുക്ക്സ്റ്റാളിൽ നിന്നും ലഭ്യമാണ്.

## 3. യൂണിറ്റ് വിസിറ്റ്

യൂണിറ്റ് വിസിറ്റ് ജൂലായ് 10 മുതൽ ആരംഭിച്ചിരിക്കുകയാണ്. ഇത് ഫലപ്രദമാക്കാൻ യൂണിറ്റുകളും വിസിറ്റിംഗ് ടീമംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കുന്നതിൽ വലിയ സന്തോഷമുണ്ട്. നിശ്ചിത ക്രമമനുസരിച്ച് മുന്നോട്ട് പോകുവാൻ എല്ലാവരും സഹകരിക്കണമെന്ന് ആവശ്യപ്പെടുന്നു. നിശ്ചയിച്ച തിയ്യതികൾ മാറ്റുന്നത് എളുപ്പമായിരിക്കില്ല.

യൂണിറ്റ് വിസിറ്റിനു വരുന്ന ടീമിന്റെ യാത്രചിലവ് (ഒരംഗത്തിന് നൂറു രൂപ എന്ന തോതിൽ) സന്ദർശിക്കപ്പെടുന്ന യൂണിറ്റിൽനിന്നും നല്കേണ്ടതാണ്.

## 4. Archdiocesan Catechetical Merit Day

ആഗസ്റ്റ് മാസത്തിൽ നടത്താറുള്ള Archdiocesan Catechetical Merit Day, ACC Convocation എന്നിവ ഈ വർഷം നവംബർ മാസത്തിലായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കും.

## 5. CTC

മൂന്നു ബാച്ചുകളിലായി ഈ വർഷം Basic CTC നടത്തി. 198 അധ്യാപകർ പങ്കെടുത്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

## 7. Resource Team Training and Animation Course

ഫ്രാൻസിസ് മാർപ്പാപ്പയുടെ *ലൗദാത്തോ സി* എന്ന ചാക്രികലേഖനത്തെ അടിസ്ഥാനമാക്കി 'നമ്മുടെ പൊതുഭവനമായ ഭൂമിയുടെ സംരക്ഷണം' എന്ന വിഷയത്തെക്കുറിച്ച് ജൂൺ, ജൂലൈ മാസങ്ങളിലെ 5 ഞായറാഴ്ചകളിൽ ഈ രണ്ടുകോഴ്സുകളും സംയുക്തമായി നടത്തിയപ്പോൾ 215 പേർ പങ്കെടുത്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ. ഈ പരിശീലനപരിപാടിയുടെ ഫലമായി ഈ വിഷയത്തെക്കുറിച്ച് വിവിധ തലങ്ങളിൽ ക്ലാസ്സുകളെടുക്കാൻ പ്രാപ്തരായവരുടെ ടീം സജ്ജമായിക്കൊണ്ടിരിക്കുന്നു.

പ്രാർത്ഥനാപൂർവ്വം,

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
**Asst. Directors**

**Fr. Raphael Akkamattathil**
**Director**

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)
E-mail: Institute.of.theology@gmail.com

## 1. Correspondence Theology Course:

**പുതിയ ബാച്ച്**

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് ആരംഭിച്ചിരിക്കുന്നു. എല്ലാ മാസത്തിലും രണ്ടാം ഞായർ, നാലാം ഞായർ എന്നീ ദിവസങ്ങളിൽ 2 PM മുതൽ 5 PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office മായി ബന്ധപ്പെടുക.

**ആഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾ**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ആഗസ്റ്റ് 14, 28 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

### 1.ദുക്റാന തിരുനാൾ

ഈശോയെ തൊട്ടറിഞ്ഞ വിശ്വാസതീക്ഷ്ണതയുമായി ഭാരതമണ്ണിൽ വന്ന് നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന് തിരി കൊളുത്തിയ വി. തോശ്ലീഹായുടെ ഓർമ്മതിരുനാൾ ജൂലൈ 3-ാം തിയതി സാഘോഷം ആചരിച്ചു. ജൂലൈ 2-ാം തിയതി വൈകുന്നേരം സെമിനാരി വൈസ് റെക്ടർ ബഹു. ജിഫി മേക്കാട്ടുകുളമച്ചന്റെ കാർമ്മികത്വത്തിൽ നടന്ന സായാഹ്ന പ്രാർത്ഥനയോടുകൂടി ദുക്റാന തിരുനാളിന് ആരംഭമായി. തിരുനാൾ ദിനത്തിൽ റവ. ഫാ. ബിൽജു വാഴപ്പിള്ളിയച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ റാസ കുർബ്ബാന അർപ്പിച്ചു. ഉച്ചയ്ക്ക് ശേഷം പാലയൂർ തീർത്ഥാടനത്തിനുള്ള അവസരം ഉണ്ടായിരുന്നു. സെമിനാരിയുടെ കലാ-സാഹിത്യവേദിയായ സർഗ്ഗജ്യോതിയുടെ ഉദ്ഘാടനം അന്നേദിനം വൈകുന്നേരം ഉദ്ഘാടനം ചെയ്യപ്പെട്ടു. ബഹു. റെക്ടർ ബാബു പാണാട്ടുപറമ്പിൽ അദ്ധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ പ്രശസ്ത പിന്നണി ഗായകൻ ദേവാനന്ദ മുഖ്യാതിഥിയായിരുന്നു. ദേവാനന്ദിന്റെ ഗാനാലാപനവും ബ്രദേഴ്സിന്റെ കലാപരിപാടികളും യോഗത്തിന്റെ മാറ്റ് കൂട്ടി. ബ്ര. സിജു മോടിയിൽ തിരുനാൾദിന സന്ദേശം നൽകി.

### റവ. സിസ്റ്റർ ജെന്റീലയക്കും റിഗോബർട്ടിനും ജൂബിലി മംഗളങ്ങൾ

മേരിമാതാ സെമിനാരിയിൽ മൂന്ന് വർഷം സ്തുത്യർഹമായ സേവനം കാഴ്ചവെച്ച സിസ്റ്റർ ജെന്റീലയക്കും സിസ്റ്റർ റിഗോബർട്ടിനും മേരിമാതാ കുടുംബം സമുചിതമായ യാത്രയയപ്പ് നൽകി. ജൂലായ് എട്ടിന് വൈകീട്ട് അഭിവന്ദ്യ മാർ തൂങ്കുഴി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയ്ക്ക് ശേഷം ബഹുമാനപ്പെട്ട റെക്ടറച്ചൻ സിസ്റ്റേഴ്സിന്റെ സേവനത്തെ നന്ദിയോടെ അനുസ്മരിക്കുകയും സുവർണ്ണ ജൂബിലി മംഗളങ്ങൾ നേരുകയും ചെയ്തു. അഭിവന്ദ്യ തൂങ്കുഴി പിതാവ് സെമിനാരിയുടെ ഉപഹാരങ്ങൾ കൈമാറി. ബഹു. സിസ്റ്റേഴ്സ് മറുപടി പറയുകയും പഴയ നല്ല ഓർമ്മകൾ പുതുക്കുകയും ചെയ്തു.

### മാതാപിതാക്കളുടെ സംഗമം

മേരിമാതയുടെ ബെഞ്ചമിൻസായ ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം സമുചിതമായി ആഘോഷിച്ചു. ജൂലൈ 9 ശനിയാഴ്ച നടന്ന പരിപാടി കുർബ്ബാനയോടെയാണ് ആരംഭിച്ചത്. ബഹു. റെക്ടറച്ചൻ കുർബ്ബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ ഒന്നാം വർഷക്കാരുടെ ആനിമേറ്ററായ ബഹു. സിജോൺ കുഴിക്കാട്ടുമ്യാലൽ അച്ചനും ജിഫി മേക്കാട്ടുകുളം അച്ചനും ആശംസകൾ നേർന്നു

സംസാരിച്ചു. ഏവർക്കും പരസ്പരം പരിചയപ്പെടാനും ഒന്നാം വർഷക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും അടുത്തറിയുവാനും ഇത് നല്ല അവസരമായി.

**മാസധ്യാനം**

ദൈവത്തിന്റെ ദാനമായി ലഭിച്ച പൗരോഹിത്യദൈവവിളിയെക്കുറിച്ച് കൂടുതൽ ബോധ്യങ്ങൾ സ്വന്തമാക്കുവാനും നല്ല തീരുമാനങ്ങളെടുത്ത് മുന്നേറുവാനും സഹായിച്ച മാസധ്യാനം നടന്നത് ജൂലൈ 16-ാം തിയതിയാണ്. ഇപ്രാവശ്യം ധ്യാനത്തിന് നേതൃത്വം നൽകിയത് റവ. ഫാ. ജോൺസൺ പന്തപ്പിള്ളി Isch ആണ്.

## One Day Outing

ഈ വർഷത്തെ One day Outing ജൂലൈ 23-ാം തിയതിയായിരുന്നു. പ്രഭാതത്തിലെ ദിവ്യബലിയ്ക്കുശേഷം വിദ്യാർത്ഥികളെല്ലാം വിവിധ സ്ഥലങ്ങൾ സന്ദർശിക്കാനായി യാത്രയായി. വിവിധങ്ങളായ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, കലാ-സാഹിത്യകേന്ദ്രങ്ങൾ,വിനോദസഞ്ചാരകേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കാൻ ഈ യാത്ര ഉപകരിച്ചു. ഒരുമിച്ചുള്ള യാത്ര കൂടുതലറിയുവാനും മാനസ്സീകോല്ലാസത്തിനും സഹായിച്ചു എന്നത് യാത്രയുടെ വിജയമായി

**റെക്ടർ, ഫാ. ബാബു പാണാട്ടുപറമ്പിൽ**

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**എക്സ്റ്റൻഷൻ ലക്ച്വർ**

ആരോഗ്യം, ആരോഗ്യപരിപാലനം എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു ജൂൺ 25-ാം തിയതിയിലെ എക്സ്റ്റൻഷൻ ലക്ചർ. ഡോ. അനുമോദ് കാക്കശ്ശേരി ആണ് പ്രഭാഷണം നടത്തിയത്.

**ദിവ്യകാരുണ്യ പ്രദക്ഷിണം**

ജൂൺ 26-ാം തിയതി ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി സെമിനാരി കുടുംബത്തെ ദിവ്യകാരുണ്യ ഈശോയ്ക്ക് സമർപ്പിച്ചു പ്രാർത്ഥിച്ചു. വിചിന്തനങ്ങൾ പങ്കുവെച്ചും ദിവ്യകാരുണ്യ ഗീതങ്ങളാലപിച്ചുകൊണ്ടും വൈദികവിദ്യാർത്ഥികൾ അന്നേദിനം അനുഗ്രഹപ്രദമാക്കി.

**ദുക്റാന തിരുനാൾ**

നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ സെമിനാരിയിൽ സമുചിതമായി ആചരിച്ചു. തിരുനാൾ വിശുദ്ധ കുർബ്ബാനയർപ്പിച്ച് തിരുവചന സന്ദേശം നൽകിയത് ബഹു. മനോജ് കീഴൂരു

മുട്ടിക്കലച്ചനായിരുന്നു. വൈകീട്ട് സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് എക്യുമെനിക്കൽ പ്രാർത്ഥനകൂട്ടായ്മയും പൊതുയോഗവും ഉണ്ടായിരുന്നു. പൊതുയോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കാൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സന്നിഹിതനായിരുന്നു. ട്രിച്ചൂർ എക്യുമെനിക്കൽ ഗ്രൂപ്പ് ഭാരവാഹികൾ പൊതുയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. ആ ദിവസത്തിന്റെ ചൈതന്യത്തിനണങ്ങുന്ന വിവിധ കലാപരിപാടികൾ സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ചു.

**മാസധ്യാനം**

ജൂലൈ 8, 9 എന്നീ തിയതികളിൽ മാസധ്യാനം നടത്തപ്പെട്ടു. ബഹു. ജോൺസൺ ചാലിശ്ശേരിയച്ചൻ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കും ബഹു. പോൾ പുളിക്കനച്ചൻ ബിരുദവിദ്യാർത്ഥികളായ സെമിനാരിക്കാർക്കും റീജൻസിക്കാർക്കും ധ്യാനചിന്തകൾ നൽകി.

## Orientaion programme

ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാം ജൂൺ 24, 25 എന്നീ തിയതികളിലായി നടന്നു. ബഹു. മാർട്ടിൻ കൊളമ്പ്രത്തച്ചനും പ്രൊഫ. സി.ജെ. ഡേവിസും നേതൃത്വം നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. പോൾസൺ എ. കെ. അന്തിക്കാട്ട് ഹൗസ്, പാറന്നൂർ
2. ഡോ. സെബിൻ സി.സി., S/o. ശ്രീ. സി.ഐ. ചാക്കുണ്ണി, ചീരൻ ഹൗസ്, മമ്മിയൂർ
3. ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, സെന്റ് തോമസ് നഗർ, അരണാട്ടുകര
4. ഹെഡ്മിസ്ട്രസ്സ്, സെന്റ് സെബാസ്റ്റ്യൻസ് കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ നെല്ലിക്കുന്ന്
5. ശ്രീ. ജോസഫ് ലിയോ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
6. ശ്രീ. ആന്റണി തോമസ് എം., മാളിയേക്കൽ നമ്പാടൻ ഹൗസ്, ഇ. പി. ലയിൻ തൃശ്ശൂർ
7. ശ്രീമതി ലില്ലി ഫ്രാൻസീസ്, പാലയൂർ കാഞ്ഞിരത്തിങ്കൽ ഹൗസ്, ഒളരിക്കര

ഈശോയുടെ വാക്കുകളും ചെയ്തികളും ജനത്തിന് അനുഭവവേദ്യമാക്കാൻ അജപാലകരുണ്ടാകണമെന്നാഗ്രഹിച്ച് അതിനായി അർപ്പണബോധത്തോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാവർക്കും ദൈവാനുഗ്രഹസമൃദ്ധി ലഭിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ആചരിക്കാൻ – 2016 ആഗസ്റ്റ്**

| | | |
|---|---|---|
| 4 | വ്യാഴം | – വി. ജോൺ മരിയ വിയാനി |
| 5 | വെള്ളി | – ആദ്യവെള്ളി, വിശുദ്ധകുർബ്ബാന |
| 9 | ചൊവ്വ | – ക്വിറ്റ് ഇന്ത്യാ ദിനം |
| 11 | വ്യാഴം | – വി. ക്ലാര |
| 15 | തിങ്കൾ | – ഇന്ത്യൻ സ്വാതന്ത്ര്യദിനം<br>മറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ |
| 21. | ഞായർ | – വി. പത്താം പിയൂസ് മാർപാപ്പ |
| 28 | ഞായർ | – വി. അഗസ്തീനോസ് |

**2. മെറിറ്റ് ഡേ സമ്മേളനം**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി 2016 ജൂലൈ 7ന് വ്യാഴാഴ്ച മെറിറ്റ് ഡേ ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഫാമിലി അപ്പോസ്റ്റേലേറ്റ് സെന്ററിൽ നടന്ന മെറിറ്റ് ഡേ സമ്മേളനം അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോൺസൺ ഒലക്കേങ്കിൽ വിജയികൾക്ക് ആശംസകൾ നേർന്നു. പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കുമുള്ള സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും ട്രോഫികളം അഭിവന്ദ്യപിതാവ് നൽകി. എല്ലാവർക്കും അഭിനന്ദനങ്ങൾ!

## 3. Results of the Scholarship Examination held on March 12 - 2016

| Sl.No | Rank | Name of Pupil | Name of School |
|---|---|---|---|
| | | **Standard I** | |
| 1 | First | Jithul Krishna K.V. | R.C. UP.S, Thoyakkavu |
| 2. | Second | Abishek Sunil | St. Antony's U.P.S, Poovathur |
| 3. | Second | Irene Jose | St.Antony's L.P.S. Varandarappilly |
| 4. | Third | Aparna K.S. | St. Antony's L.P.S. Attupuram |
| | | *Pupils who secured 60% of marks and above* | |
| 5. | | Jeena Joy C. | St. Joseph's H.S. Enamakkal |
| 6. | | Sreyas M. | St. Antony's U.P.S. Kodannur |

| | | | |
|---|---|---|---|
| 7. | | Razim M.S. | St. Thomas U.P.S. Koonammuchi |
| 8. | | Mega C.A. | St. Joseph U.P.S., Kundannur |
| 9. | | Ananda K.S. | St. Ignatius U.P.S. Manalur |
| 10. | | Anjalo C.J. | St. Mary's U.P.S. Lourdes, Thrissur |
| 11. | | Joys V.J. | C.A. L.P.S. Chevoor |
| 12. | | Athul K.M. | R.C.C. L.P.S. East Mangad |
| 13. | | Bharatdwaj P. | St. Jose A.L.P.S. Marathakara |
| 14. | | Angeleena Binoy | Mission Home L.P.S. Mariapuram |
| 15. | | Emerin N.C. | St. Johns' L.P.S. Parappur |
| 16. | | Esabella Tony | St. Thomas L.P.S. Thiroor |
| 17. | | Catherine Mary C.J. | A.L.P.S. Thiroor |
| 18. | | Avani P.R. | St. Sebastians R.C.L.P.S. Valappad |
| 19 | | Sandhaya K.S. | St. Francis Xavier L.P.S. Vendore |
| 20. | | Jannathe K. Shihab | St. Louis L.P.S. Venmanad |

**Standard II**

| | | | |
|---|---|---|---|
| 21. | First | Anandhu Krishna M.L. | St. Francis Xavier R.C.U.P.S., Vatanappally |
| 22. | Second | Johny Babu | Tharakan's L.P.S. Aranattukara |
| 23. | Third | Jesmia Denny | R.C.C.L.P. S. East Mangad |

*Pupils who secured 60% of Marks and above*

| | | |
|---|---|---|
| 24 | Namitha C.S. | St. Sebastian's H.S., Chittattukara |
| 25. | Farhana R.M. | St. Josephs' H.S. Enamakkal |
| 26. | Angel Varghese | St. Antony's U.P.S, Kodannur |
| 27. | Amith Krishna | St. Thomas U.P.S. Koonammuchi |
| 28. | Anitta Rose C.B. | St. Joseph's U.P.S. , Kundannur |
| 29. | Devika P.S. | St. Ignatious U.P.S. Manalur |
| 30. | Amal Krishna P.V. | St. Antony's U.P.S. Poovathur |
| 31. | Jomon P. James | R.C. U.P.S. Thoyakkavu |
| 32 | Adwaith K.H. | St. Mary's U.P.S. Lourdes, Thrissur |
| 33. | Niya Pius | St. Xaviers U.P.S, Velur |
| 34. | Niranja T. Prem | St. Thomas L.P.S. Arthat |
| 35. | Sana G.S. | St. Antonys L.P.S. Attupuram |
| 36. | Angel K.S. | St. Joseph's L.P.S. Chiranellur |
| 37. | Sandra T.S. | Church School , Karamuck |
| 38. | Sreenandana P.S. | Pope John L.P.S. Kuriachira |
| 39. | Antony Paul | St. Jose A.L.P.S. Marathakara |
| 40. | Bhuvana V. Kaimal | Mission Home L.P.S. Mariapuram |
| 41. | Aswathy K.R. | St. John L.P.S. Parappur |

| | | | |
|---|---|---|---|
| 42. | Anugraha K.J. | | St. Joseph L.P.S. Pavaratty |
| 43. | Rose Mary V.J. | | Little Flower L.P.S. Ponnore |
| 44. | Abhinad Rinson | | St. Antony's L.P.S. Pudukad |
| 45. | Ebin C.A. | | St. Francis L.P.S. Pudussery |
| 46. | Nikhil Haridas | | St. Thomas L.P.S., Thiroor |
| 47. | Ann Baby Manjaly | | St. Antony L.P.S. Varandarappilly |
| 48. | Angel Joy | | St. Francis Xavier L.P.S. Vendore |
| 49. | Aleena V. Jose | | St. Louis L.P.S. Venmenad |
| 50. | Aryananda P.D. | | St. Francis L.P.S., Wadakkanchery |

***Standard III***

| | | | |
|---|---|---|---|
| 51. | First | Jeenan Krishna V.A. | St. Ignatius U.P.S. Manalur |
| 52. | Second | Adarsh T.A. | St. Jose A.L.P.S. Marathakara |
| 53. | Third | Jerin Johnson | St. Antony's L.P.S. Varandarappilly |

*Pupils who secured 60% of marks and above*

| | | | |
|---|---|---|---|
| 54. | | Leena Maria K.L | St. Sebastian H.S., Chittattukara |
| 55. | | Edwin K. Josan | St. Joseph H.S. Enamakkal |
| 56. | | Niranjana M.R. | Matha H.S. Mannampetta |
| 57. | | Gifty Xaiver C. | St. Thomas U.P.S. Koonamuchi |
| 58. | | Aswathy V.S. | R.C. U.P.S. Kottapadi |
| 59. | | Selbin C.S. | St. Joseph's U.P.S. Kundannur |
| 60. | | Adith P.S. | St. Antony's U.P.S. Poovathur |
| 61. | | Alwin Joy | St. Xavier's U.P.S. Velur |
| 62 | | Seyona Vincent | C.A.L.P.S. Chevoor |
| 63. | | Devapriya K.K. | St. Marys' L.P.S. Engandiyur |
| 64. | | Anjaleena N.J. | R.C.C.L.P.S. East Mangad |
| 65. | | Rose Naveena Roy | Mission Home L.P.S. Mariapuram |
| 66. | | Denna Maria | St. John's L.P.S. Parappur |
| 67. | | Sreeshanth K.S. | Little Flower L.P.S. Ponnore |
| 68. | | Sruthy Madhu | St. Antony's L.P.S. Pudukad |
| 69. | | Athulya M.P. | A.L.P.S. Thiruvenkidom |
| 70. | | Irin M.M. | St. Francis Xavier's L.P.S. Vendore |
| 71. | | Anuranjan V.R. | St. Louis L.P.S. Venmenad |
| 72. | | Jiffin C.B. | St. Francis L.P.S. Wadakkanchery |

***Standard V***

| | | | |
|---|---|---|---|
| 73 | First | Aryadevi P.N. | St. Thomas U.P.S. Koonammuchi |
| 74. | Second | Nithin Haridas | St. Thomas H.S.S. Thiroor |
| 75. | Second | Sreeranjini K.R. | St. Antony's U.P.S. Kodannur |

| | | | |
|---|---|---|---|
| 76. | Third | Amitha P.M. | St. Antony's H.S. S. Ammadam |

*Pupils who secured 60% of marks and above*

| | | | |
|---|---|---|---|
| 77 | | Angel Mary P.B. | St. Johns H.S. S. Parappur |
| 78. | | Nandana K.M. | St. Mary's H.S. Chengaloor |
| 79. | | Devika V. | St. Xavier H.S. Chevoor |
| 80. | | Gopika | St. Joseph U.P.S. Kundannur |
| 81. | | Godwin C.B. | St. Ignatius U.P.S. Manalur |

### *Standard VI*

| | | | |
|---|---|---|---|
| 82. | First | Avani Joshy V.J. | St. John's H.S. S. Parappur |
| 83 | First | Akshaya Krishna A.U. | A.U.P.S. Vendore |
| 84. | Second | Ananya P. Manu | St. Mary's H.S. Chengaloor |
| 85. | Third | Sibil Shabu | St. Thomas C.H.S.S. Thrissur |
| 86. | Third | Anugraha Shibu | Matha H.S., Mannampetta |

### *Standard VIII*

| | | | |
|---|---|---|---|
| 87. | First | Aswin K. Suresh | St. Xaviers H.S. Chevoor |
| 88. | Second | Anusree L.T. | C.J.M.A. H.S.S. Varandarappilly |
| 89. | Third | Alphin John T. | St. Mary's H.S. Chengaloor |

*Pupils who securd 60% of marks and above*

| | | |
|---|---|---|
| 90. | Tinu Thomas | St. Thomas H.S.S. Mayannur |
| 91. | Merin Benny T. | St. Antony's H.S. S. Pudukad |
| 92. | Harikrishnan P.M. | St. Thomas C.H.S.S. Thrissur |
| 93. | Abinath K.V. | St. Tomas H.S.S. Vallachira |
| 94. | Melga Joy | St. Sebastian's H.S. Mannamangalam |
| 95. | Adarsh Remesh | Matha H.S. Mannampetta |

### *Standard IX*

| | | | |
|---|---|---|---|
| 96 | First | Aswath M.K. | St. Thomas H.S.S. Mayannur |
| 97. | Second | Aswin K.S. | St. Johns H.S.S. Parappur |
| 98. | | Ajith Vasanthan | St. Thomas H.S.S. Vallachira |
| 99. | Third | Ajay I | St. Antonys H.S.S. Pazhuvil |

*Pupils who secured 60% s of marks an above*

| | | | |
|---|---|---|---|
| 100 | | Basil Babu K. | St. Thomas C.H.S.S. Thrissur |
| 101 | | Abirami P.B. | St. Xavier's H.S. Chevoor |
| 102. | | Divan Jaly M.S. | St. Sebastians' H.S, Chittattukara |
| 103. | | Aleena Joy | St. Sebastian's H.S. Mannamangalam |

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**പരിസ്ഥിതി ദിനം ആഘോഷിച്ചു**

ജൂൺ 7-ാം തിയതി മഹാജൂബിലി കുടുംബത്തിൽ പരിസ്ഥിതി ദിനം ആഘോഷിച്ചു. ഇതിന്റെ ഭാഗമായി കോളേജ് ഓഡിറ്റോറിയത്തിൽ അർദ്ധ സെമിനാർ നടത്തി. മി. വിനോദ് ലീഡർ സെമിനാറിന് നേതൃത്വം നൽകി. സെമിനാറിന് ശേഷം കോളേജ് കോമ്പൗണ്ടിൽ പ്രിൻസിപ്പൽ ഫാ. ചാക്കോ ചിറമ്മൽ-ന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനത്തിന് നല്ല മാതൃകയായി.

**Criticism കൾ സംഘടിപ്പിച്ചു**

2015-2017 അദ്ധ്യയന വർഷത്തിലെ ബി.എഡ്. ക്കാരുടെ ക്രിറ്റിസിസം ക്ലാസ്സുകൾ 23.06.2016ൽ എൻ. എസ്. എസ്. എച്ച്. എസ്. മുള്ളൂർക്കര സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. എല്ലാവരും നല്ല രീതിയിൽ ക്ലാസ്സുകൾ എടുത്തു.

**ചിത്രകല പ്രദർശനം നടത്തി**

മഹാജൂബിലി കുടുംബത്തിൽ 27.06.2016ൽ രാവിലെ ചിത്രകല പ്രദർശനം നടത്തി. ജന്മനാ തന്നെ ഇരുകരങ്ങളും ഇല്ലാത്ത ചിത്രകലയിൽ പ്രശ്സ്തമായ മിസ് സ്വപ്ന വരച്ച ചിത്രങ്ങളും പ്രദർശനമാണ് കോളേജിൽ നടത്തപ്പെട്ട്. സ്വപ്നയുടെ ചിത്രകലകൾ ബി.എഡ്. കുട്ടികൾക്ക് ഒരു മഹാദ്ഭുതം തന്നെയായിരുന്നു. സ്വപ്നയുടെ വിജയത്തിന് പിന്നിലെ രഹസ്യങ്ങളും അനുഭവങ്ങളും ഞങ്ങളുമായി പങ്കുവെച്ചു.

**ICT Class സംഘടിപ്പിച്ചു.**

മഹാജൂബിലി കോളേജിൽ 27.06.2016 തിങ്കൾ ഉച്ചകഴിഞ്ഞ് ഫാ. റോയി വടക്കന്റെ നേതൃത്വത്തിൽ ഐ.സി.ടി. ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഈമെയിലിനെയും കുറിച്ച് ഇ മെയിൽ ക്രിയേറ്റ് ചെയ്യുന്നതിനും കുറിച്ച് ആയിരുന്നു ക്ലാസ്സിലെ മുഖ്യവിഷയം.

**ടീച്ചിംഗ് പ്രാക്ടീസിന്റെ ഭാഗമായി നിശ്ചയിക്കപ്പെട്ട സ്കൂളുകൾ സന്ദർശനം നടത്തി.**

ടീച്ചിംഗ് പ്രാക്ടീസ്-ന്റെ ഭാഗമായി 28.06.2016 സ്കൂളുകൾ സന്ദർശനം നടത്തി. ടീച്ചിംഗ് പ്രാക്ടീസ് സമയത്ത് ബി.എഡ്. കുട്ടികൾ എടുക്കേണ്ട പാഠവിഷയങ്ങളും ക്ലാസ്സുകളും ഏതാണെന്ന് ചോദിച്ച് അറിയുകയും ചെയ്യുകയാണ്. ഈ സന്ദർശനത്തിന് പിന്നിലെ പ്രധാന ആശയം. നല്ല രീതിയിൽ എല്ലാവരും സ്കൂളുകൾ പോയി. അവിടെ ടീച്ചർ സ്നേഹത്തോടെ ഞങ്ങളെ സ്വീകരിക്കുകയും ചെയ്തു.

**രണ്ടാം സെമസ്റ്റർ ബി.എഡ്. മോഡൽ എക്സാം കോളേജിൽ നടത്തപ്പെട്ടു**

2015–2017 അദ്ധ്യയവർഷത്തിൽ രണ്ടാം സെമസ്റ്റർ മോഡൽ എക്സാം ജൂലൈ 1 മുതൽ 11 വരെയുള്ള തിയതികളിൽ മഹാജൂബിലി കോളേജിൽ വെച്ച് നടത്തപ്പെട്ടു.

**ക്യാമ്പ് സംഘടിപ്പിച്ചു.**

2015 – 2017 രണ്ട് വർഷ ബി.എഡ്. ക്കാരുടെ കമ്മ്യൂണിറ്റി ലിവിങ്ങ് ക്യാമ്പ് ജൂലൈ 12, 13, 14, 15 തിയതികളിൽ കോളേജിൽ വെച്ച് നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്ക് എല്ലാവർക്കും അതൊരു പുതിയ അനുഭവമായിരുന്നു.

**രണ്ടാം സെമസ്റ്റർ ബി.എഡ്. യൂണിവേഴ്സിറ്റി എക്സാം കൾ സമാപിച്ചു.**

രണ്ടാം സെമസ്റ്റർ ബി.എഡ്. ക്കാരുടെ യൂണിവേഴ്സിറ്റി എക്സാം പരീക്ഷകൾ മഹാജൂബിലി കോളേജിൽ ജൂലൈ 26 മുതൽ 31 വരെയുള്ള തിയതികളിൽ മഹാജൂബിലി കോളേജിൽ വെച്ച് നടത്തപ്പെട്ടു.

**ഫാ.ചാക്കോ ചിറമ്മൽ**
പി.ആർ. ഒ.

**ഫാ. ഡിറ്റോ കൂള**
അസി. മാനേജർ

## ബൈബിൾ അപ്പസ്തോലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

**ലോഗോസ് ക്വിസ് –2016 രജിസ്ട്രേഷൻ**

ലോഗോസ് ക്വിസ് 2016 രജിസ്ട്രേഷൻ ജൂലൈ 31ന് അവസാനിച്ചു. ഇനിയും രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്ത ഇടവകയ്ക്കോ, കാറ്റിക്കിസം സെന്ററിനോ ആഗസ്റ്റ് 10ന് മുമ്പ് ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നാതാണ്. ഹാൾടിക്കറ്റുകൾ സെപ്റ്റംബർ 10 മുതൽ ഓൺലൈനിൽനിന്നും 15 മുതൽ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

**ഇതര ലോഗോസ് മത്സരങ്ങൾ:**

ലോഗോസ് ക്വിസ് 2016 ന് ഒരുക്കമായി നടത്തുന്ന ഇതര ലോഗോസ് ക്വിസ് മത്സരങ്ങൾ 2016 ആഗസ്റ്റ് 7ന് **അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ്** വചനമെഴുത്ത് മത്സരം ഉദ്ഘാടനം ചെയ്തുകൊണ്ട് നിർവ്വഹിക്കുന്നു.

**ഇതര ലോഗോസ് ക്വിസ് മത്സരങ്ങളുടെ രജിസ്ട്രേഷന് ലോഗോസ് ഇൻചാർജേജഴ്സ് വഴിയോ, നേരിട്ടോ ഓഫീസിൽ രജിസ്റ്റർ ചെയ്യാം.**

A. **വചനമെഴുത്ത് മത്സരം**: 2016 ആഗസ്റ്റ് 7 ഞായർ ഉച്ചക്ക് 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. **100ലധികം വചനങ്ങൾ പഠനഭാഗത്തുനിന്ന് എഴുതാൻ** കഴിയുന്നവർക്ക് മത്സരത്തിൽ പങ്കെടുക്കാം. എഴുതുന്ന **വചനങ്ങൾ പൂർണ്ണവും അർത്ഥ സമ്പുഷ്ടവും സന്ദേശം നല്കുന്നതും** ആയിരിക്കണം.

B. **കാറ്റികിസം ലോഗോസ് ക്വിസ്**: 2016 ആഗസ്റ്റ് 14 ഞായർ ഉച്ചയ്ക്ക് 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. ഓരോ മതബോധന സെന്ററുകളെ പ്രതിനിധീകരിച്ച് **3 വിദ്യാർത്ഥികൾ വീതമുള്ള മൂന്നു ടീമുകൾക്ക്** പങ്കെടുക്കാം.

C. **യൂത്ത് ലോഗോസ് ക്വിസ്**: 2016 ആഗസ്റ്റ് 21 ഞായർ 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. പ്രായപരിധി 17 മുതൽ 30 വയസു വരെ. ഒരു സെന്ററിൽ നിന്ന് **4 അംഗങ്ങളുള്ള ടീം** ആണ് വരേണ്ടത്. **2 ആൺ കുട്ടികൾ** നിർബന്ധമായും ഉണ്ടായിരിക്കണം. **3 ടീമുകൾക്ക്** പങ്കെടുക്കാം.

D. **സിസ്റ്റേഴ്സ് ലോഗോസ് ക്വിസ്**: 2016 ആഗസ്റ്റ് 28 ഞായർ 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. **3 സിസ്റ്റേഴ്സ് വീതമുള്ള മൂന്നു ടീമുകൾക്ക്** പങ്കെടുക്കാം.

E. **ടീച്ചേഴ്സ് ലോഗോസ് ക്വിസ്**: 2016 സെപ്തംബർ 4 ഞായർ 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. ഓരോ മതബോധന സെന്ററുകളെ പ്രതിനിധീകരിച്ച് **3 അദ്ധ്യാപകർ വീതമുള്ള മൂന്നു ടീമുകൾക്ക്** പങ്കെടുക്കാം.

F. **ഫാമിലി ലോഗോസ് ക്വിസ്**: ഇടവകയിലെ കുടുംബരജിസ്റ്റർ പ്രകാരമുള്ള കുടുംബങ്ങൾക്കായി ഫാമിലി ലോഗോസ് ക്വിസ് മത്സരം 2016 സെപ്തംബർ 11 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തുന്നു. **ഒരു ഇടവകയിൽ നിന്ന് എത്ര കുടുംബങ്ങൾക്കു** വേണമെങ്കിലും പങ്കെടുക്കാം

## CD ലൈബ്രറി

ബൈബിൾ രംഗങ്ങളും വിശുദ്ധരുടെ ജീവചരിത്രങ്ങളും അവതരിപ്പിക്കുന്ന വിഡിയോകളുടെയും, സിനിമകളുടെയും ഒരു കൊച്ചുശേഖരം നവീകരിച്ചൊരുക്കിയിരിക്കുന്നു. മതബോധന വിദ്യാർത്ഥികൾക്കും, സംഘടനകൾക്കും, വിവിധ ഗ്രൂപ്പുകൾക്കും ഇടവക-സ്ക്കൂൾ തലങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാവുന്ന ഈ CD കൾ മിതമായ നിരക്കിൽ ബൈബിൾ അപ്പസ്തോലേറ്റ് വാടകയ്ക്ക് നൽകുന്നു. താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

**ബൈബിൾ കോഴ്സ്**

ബൈബിൾ കോഴ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്......

**വിശുദ്ധനാട് തീർത്ഥാടനം**

വിശുദ്ധനാട് തീർത്ഥാടനങ്ങളും (സെപ്തംബർ-10, നവംബർ-7, ഡിസംബർ-21); യൂറോപ്പ് മഹാതീർത്ഥാടനവും (ഒക്ടോബർ-3) പതിവുപോലെ നടക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487-2320780, 7558937090, 9497443246

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**സ്പീഷിസ് ദ പാഷൻ - 2**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നാഷണൽ സെമിനാർ നടത്തി. സെമിനാർ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരി നിർവഹിച്ചു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബോട്ടണി വകുപ്പ് മേധാവി ഡോ. സി.ഡി. വർഗീസ് സ്വാഗതവും കൺവീനർ ഡോ. ഇഗ്നേഷ്യസ് ആന്റണി നന്ദിയും പറഞ്ഞു. വൈസ് പ്രിൻസിപ്പാൾ റവ. ഫാ. ബൈജു ചാക്കേരി, ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് എന്നിവർ ആശംസകൾ നേർന്നു.
ഐഐടി ഗുവാഹട്ടി ശാസ്ത്രജ്ഞനും പൂർവ വിദ്യാർത്ഥിയുമായ ഡോ. അജയ്കുമാർ കുന്നുക്കര വിഷയാവതരണം നടത്തി. പതിനഞ്ചോളം ഗവേഷകർ പ്രബന്ധാവതരണം നടത്തി.

**റാഫേൽ തട്ടിൽ പിതാവിന് സസ്യശാസ്ത്രത്തിന്റെ ആദരവ്**

സെന്റ് തോമസ് കോളേജിലെ സസ്യശാസ്ത്ര വിഭാഗം ഗവേഷകർ കണ്ടെത്തിയ പുതിയ സസ്യത്തിന് മാർ റാഫേൽ തട്ടിൽ പിതാവിന്റെ പേരു നൽകി. 'ഓഫിയോഗ്ലോസം റാഫേലിയാനം' എന്നാണ് ശാസ്ത്രനാമം. ഏറ്റവും കൂടുതൽ ക്രോമസോം സംഖ്യയുള്ള, മൂന്നു സെന്റിമീറ്റർ മാത്രം വലിപ്പമുള്ള പാമ്പിന്റെ നാവിന്റെ ഗണത്തിൽപ്പെടുന്ന പന്നൽ വംശത്തിൽപ്പെട്ട ഈ സസ്യത്തിനാണ് മാർ റാഫേൽ തട്ടിലിന്റെ പേരു നൽകിയത്.

ഈ സസ്യത്തെ ശാസ്ത്രലോകത്തിന് പരിചയപ്പെടുത്തിയത് തൃശൂർ

സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗം അദ്ധ്യാപകരായ ഡോ. ആന്റോ പി.വി., വൈസ് പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി, ബിരുദാനന്തരബിരുദ വിദ്യാർത്ഥികളായ അഫ്സാന ഖാൻ, ഫ്രാങ്ക്ളിൻ ഫ്രാൻസിസ് എന്നിവരാണ്. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ധനസഹായത്തോടെ നടത്തപ്പെട്ട ഗവേഷണത്തിലാണ് ഈ പുതിയ സസ്യത്തെ കണ്ടെത്തിയത്. ഈ കണ്ടുപിടുത്തം ഇന്റർനാഷണൽ ജേർണൽ ഓഫ് അഡ്വാൻസ്ഡ് റിസർച്ചിന്റെ പുതിയ ലക്കത്തിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. ചികിത്സാരംഗത്ത് വളരെയേറെ ഉപയോഗസാധ്യതയുള്ള ഈ ചെടിയുള്ള പ്രാധാന്യത്തെക്കുറിച്ച് സെന്റ് തോമസ് കോളേജ് സസ്യശാസ്ത്ര വിഭാഗം പഠനം നടത്തിവരുന്നു.

**സെന്റ് തോമസ് കോളേജിന് യൂണിവേഴ്സിറ്റി നേട്ടം**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മികച്ച സ്പോട്സ് കോളേജുകളെ തെരഞ്ഞെടുക്കുന്നതിൽ സെന്റ് തോമസ് കോളേജ് രണ്ടാംസ്ഥാനം കരസ്ഥമാക്കി. ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റിന് അഭിനന്ദനങ്ങൾ.

**സെന്റ് തോമസ് കോളേജിന് ഇനി സിറ്റി ക്യാമ്പസിനൊപ്പം പുതിയൊരു സെന്റിനറി ക്യാമ്പസും**

1889 ൽ തൃശൂർ വികാരിയാത്തിന്റെ ചുമതലക്കാരനായിരുന്ന റൈറ്റ് റവ. ഡോ. അഡോൾഫ് മെഡ്ലിക്കോട്ട് സ്ഥാപിച്ച തൃശൂർ സെന്റ് തോമസ് കോളേജ്, കേരളത്തിലെ പ്രഥമ കത്തോലിക്കാ കോളേജാണ്. മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ 1919 ൽ സെക്കന്റ് ഗ്രേഡ് കോളേജായും 1925 ൽ ഫസ്റ്റ് ഗ്രേഡ് കോളേജായും ഉയർത്തപ്പെട്ട സെന്റ് തോമസ് 1957 ൽ കേരള യൂണിവേഴ്സിറ്റിക്കും 1968 ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കും കീഴിലായി. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, മുൻ പ്രസിഡന്റുമാരായ ബഹുമാനപ്പെട്ട എൻ. സഞ്ജീവ റെഡ്ഡി, ഡോ. എ.പി.ജെ. അബ്ദുൾ കലാം, മുൻ പ്രധാനമന്ത്രിമാരായ ബഹു. നരസിംഹറാവു, വിശുദ്ധ പദവിയിലേക്കുയർത്തപ്പെടാൻ പോകുന്ന വാഴ്ത്തപ്പെട്ട മദർ തെരേസ തടുങ്ങിയ അതിവിശിഷ്ട വ്യക്തികൾ കോളേജിനോടനുബന്ധിച്ച വിവിധ ആഘോഷ പരിപാടികളിൽ സംബന്ധിച്ചിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമാണ്. 2004 ൽ യുജിസിയുടെ നാക് അക്രഡിറ്റേഷനും 2011 ൽ 3.58/4.00 പോയിന്റോടെ നാക് റിഅക്രഡിറ്റേഷനും കോളേജിന് ലഭിച്ചു. 2014 ൽ ഓട്ടോണമസ് പദവിയിലേക്കുയർന്ന കോളേജ്, 2016 ൽ യുജിസിയുടെ കോളേജ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് അവാർഡിന് അർഹമായി. നഗര ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന സെന്റ് തോമസിൽ റഗുലർ-സെൽഫ് ഫൈനാൻസിംഗ് വിഭാഗങ്ങളിലായി 16 ഡിപ്പാർട്ട്മെന്റുകളുള്ളതിൽ ഒമ്പതും റിസർച്ച് ഡിപ്പാർട്ട്മെന്റുകളാണ്. നിലവിൽ മൂവായിരത്തോളം വിദ്യാർത്ഥികളും 66 ഗവേഷണ വിദ്യാർത്ഥികളും ഉള്ള ക

ലാലയം 2019ൽ അതിന്റെ ശതാബ്ദി ആഘോഷിക്കുകയാണ്.

സെന്റിനറി ക്യാമ്പസിന്റെ ശിലാസ്ഥാപനം ചേറൂർ പോലിസ് അക്കാദമിക്കു മുൻവശത്തുള്ള നിർദ്ദിഷ്ട സ്ഥലത്ത് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. ശിലാസ്ഥാപന ചടങ്ങ് ഔപചാരികമായി, ബഹു. കേരള കാർഷികവകുപ്പ് മന്ത്രി അഡ്വ. സുനിൽകുമാർ വി.എസ്. ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

തുടർന്ന് മാർ ആൻഡ്രൂസ് താഴത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ ബഹു. കോർപ്പേറഷൻ പ്രതിപക്ഷനേതാവ് അഡ്വ. എം.കെ. മുകുന്ദൻ, കുറ്റുമുക്ക് ഡിവിഷൻ കൗസിലർ പി. കൃഷ്ണഷൻകുട്ടി എന്നിവർ ആശംസകളർപ്പിച്ചു. ശതാബ്ദി മന്ദിരത്തിനുള്ള ധനസഹായം പ്രൊഫ. പി.ഐ. വിൻസൻ, ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്തിനു കൈമാറി. കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ സ്വാഗതവും, കൺവീനർ ഡോ. ജോബി തോമസ് നന്ദിയും പറഞ്ഞു.

**സെന്റ് തോമസ് കോളേജിന്റെ ഫിസിക്സ്  റിസർച്ച് ഡിപ്പാർട്ട്മെന്റിൽ ഇനി ഗവേഷണം നടത്താം**

തൃശൂർ: സെന്റ് തോമസ് കോളേജിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക റിസർച്ച് സെന്ററായി മാനേജർ മാർ റാഫേൽ തട്ടിൽ പ്രഖ്യാപിച്ചു. മേനാച്ചേരി ഹാളിൽ നടന്ന പ്രഖ്യാപന ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ അദ്ധ്യക്ഷനായിരുന്നു. ബാർക്ക്, കൈഗയിലെ സീനിയർ സയന്റിസ്റ്റ്, ബി.എൻ. ദിലീപ് മുഖ്യാതിഥിയായിരുന്നു. മുൻ ഡിപ്പാർട്ട്മെന്റ് മേധാവികളായിരു പ്രൊഫ. ടി.കെ. നടരാജൻ, പ്രഫ. സി.എ. ഇനാശു, റിസർച്ച് കൗൺസിൽ കൺവീനർ ഡോ. ജോബി തോമസ്, പ്രഫ. എൻ.ആർ. ജയറാം, ശ്രീ. ദേവസ്സി മാസ്റ്റർ തുടങ്ങിയവർ ആശംസകളർപ്പിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. പി.എം. ജോയി സ്വാഗതവും ഡോ. ആന്റോ ജോണി നന്ദിയും പറഞ്ഞു. കോളേജ് ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, പ്രോഗ്രാം കോർഡിനേറ്റർ ഡോ. ജോസ് നടുവത്ത്, പി.ആർ.ഒ ഡോ. ഡെയ്സൻ പാണേങ്ങാടൻ എന്നിവർ നേതൃത്വം നൽകി.

തുടർന്നു നടന്ന ഇന്റർനാഷണൽ സെമിനാറിന്, പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിലെ ഡോ. ആർ. ശ്യാമപ്രസാദ്, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. സിന്ധു സ്വാമിനാഥൻ എന്നിവർ നേതൃത്വം നൽകി. തൃശൂരിലെ പ്രധാന കോളേജുകളിൽ നിന്നുള്ള നൂറിലധികം വിദ്യാർത്ഥികൾ നാനോ ടെക്നോളജി സംബന്ധിച്ചും ഫോട്ടോണിക്സും അതിന്റെ അനന്ത സാധ്യതകളും സംബന്ധിച്ചുള്ള പ്രസ്തുത സെമിനാറിൽ ഭാഗഭാക്കായി.

ഫിസിക്സ് ഡിപ്പാർട്ട്മെന്റു കൂടി റിസർച്ച് സെന്ററിലെ ഗണത്തിലേക്കുയർത്തപ്പെട്ടതോടെ സെന്റ് തോമസ് കോളേജിലെ മുഴുവൻ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്പാർട്ട്മെന്റുകളും റിസർച്ച് സെന്ററുകളായി.

**നിർദിഷ്ട സെന്റിനറി ക്യാമ്പസിലേക്ക് വിളംബരജാഥ നടത്തി**

സെന്റ് തോമസ് കോളേജ് ശതാബ്ദിയോടനുബന്ധിച്ച് പണിയുന്ന സെന്റിനറി ക്യാമ്പസിന്റെ ശിലാസ്ഥാപനത്തോടനുബന്ധിച്ച വിളംബരജാഥ 'അടിസ്ഥാന ശിലാപ്രയാണം' സെന്റ് തോമസ് കോളേജിൽ നിന്നാരംഭിച്ച് ചേറൂർ ക്യാമ്പസിൽ സമാപിച്ചു. മാനേജരും തൃശൂർ അതിരൂപത സഹായമെത്രാനുമായ മാർ റാഫേൽ തട്ടിൽ ശിലാപ്രയാണത്തിൽ ആത്യന്തം പങ്കുചേർന്നു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ, വൈസ് പ്രിൻസിപ്പാൾമാരായ റവ. ഫാ. ബൈജു ചാക്കേരി, ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, കൺവീനർ ഡോ. ജോബി തോമസ് കാക്കശ്ശേരി, ഡോ. ജോർജ്ജ് അലക്സ്, ഫ്രാങ്കോ ചിറമൽ എന്നിവർ നേതൃത്വം നൽകി.

**പുസ്തക പ്രകാശനം നടത്തി**

അഞ്ചാം സെമസ്റ്റർ ബിരുദവിദ്യാർത്ഥികളുടെ ഫിസിക്സ് ഓപ്പൺ കോഴ്സായ നോ കൺവെൻഷണൽ എനർജി സോഴ്സ് എന്ന വിഷയത്തിന്റെ, ഡോ. ഡെയ്സൺ പാണേങ്ങാടൻ എഴുതി, കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച ടെക്സ്റ്റ് പുസ്തകത്തിന്റെ പ്രകാശനകർമം മാർ ആൻഡ്രൂസ് താഴത്ത് പ്രിൻസിപ്പാൾ ഡോ. പി.ഒ ജെൻസന് നൽകി നിർവഹിച്ചു.

**റാങ്ക് ജേതാക്കൾക്ക് അനുമോദനം**

തൃശൂർ സെന്റ് തോമസ് കോളേജ് കൊമേഴ്സ് വിഭാഗത്തിൽ നിന്നും കാലിക്കറ്റ് സർവകലാശാലയിലെ 2015 ബി.കോം. പരീക്ഷയിൽ റാങ്ക് നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. തിങ്കളാഴ്ച സെന്റ് തോമസ് കോളേജ് മെഡ് ലിക്കോട്ട് ഹാളിൽ വച്ചുനടന്ന ചടങ്ങ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. 2015ലെ യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കളായ ഗായത്രി പി.ടി. (1), ആതിര ജെ. (4), നേഹ എ. നായർ (5) ആതിര മേനോൻ, ഐശ്വര്യ വേണുഗോപാൽ (6), അഭിരാമി കെ.എം. (7) എന്നിവരെയും 2016 കോളേജ് തലത്തിൽ ബി.കെ. ടോപ്പർ രവീണ പി.യെയും കാഷ് അവാർഡും ഉപഹാരങ്ങളും നൽകി ആദരിച്ചു. കൊമേഴ്സ് വിഭാഗം മേധാവി ഡോ. തോമസ് പോൾ കാട്ടുക്കാരൻ ആമുഖ പ്രഭാഷണം നടത്തി. ഡോ. ജെൻസൻ പി.ഒ അദ്ധ്യക്ഷത വഹിച്ചു.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
**ബർസാർ**

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
**പി.ആർ.ഒ.**

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജൂലായ് – 2016**

**ജൂബിലിയിൽ ദേശീയ നിയോനേറ്റോളജി ശിൽപ്പശാല നടന്നു.**

ജൂബിലി മിഷൻ ആശുപത്രിയിൽ നവജാത ശിശുക്കളിലെ ജനന സമയത്തെ ശ്വാസതടസ്സവും ശീതീകരണ ചികിത്സയും എന്ന വിഷയത്തെ ആസ്പദമാക്കി ദ്വിദിന തുടർവിദ്യഭ്യാസ ശിൽപ്പശാല നടന്നു. ജനനസമയത്തെ ശ്വാസതടസ്സം, പൂർണ്ണവളർച്ചയെത്തുന്നതിന് മുൻപുള്ള ജനനം, അണുബാധ എന്നിവ മൂലം ആയിരത്തിന് 30 എന്നതാണ് ഇപ്പോഴത്തെ നവജാതശിശുമരണനിരക്ക്. ജനനസമയത്തുള്ള ശ്വാസതടസം മൂലം മരണമോ, ആജീവനാന്ത രോഗങ്ങളോ അംഗവൈകല്യമോ ഉണ്ടാകുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഇതിന് ശീതീകരണ ചികിത്സ (തെറാപ്യൂട്ടിക് ഹൈപ്പോതെർമിയ) എന്ന പുതിയ ചികിത്സാ സമ്പ്രദായം ഉപയോഗിച്ചു വരുന്നു. നമ്മുടെ നാട്ടിൽ ഇത് പ്രചാരമാർജ്ജിച്ചു വരുന്നതേയുള്ളൂ. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശത്തുനിന്നുമായി മുപ്പതോളം വിദഗ്ദ ഡോക്ടർമാർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**രക്തരഹിത ശസ്ത്രക്രിയ വഴി**
**അമ്മയുടേയും കുഞ്ഞിന്റേയും ജീവൻ രക്ഷിച്ചു.**

(EBOA-Endovascular Balloon Occlusion of Aorta) **(25.06.2016)**

കേരളത്തിൽ ആദ്യമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രക്തരഹിത ശസ്ത്രക്രിയ സമ്പൂർണ്ണ വിജയമായി നടപ്പിലാക്കി. ഇരുപതോളം ഡോക്ടർമാരുടെ കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള നൂതന ശസ്ത്രക്രിയാരീതി നടപ്പിലാക്കിയത്. ശസ്ത്രക്രിയ നടത്തുവാനുള്ള അവയവത്തിലേക്ക് രക്തയോട്ടം നിർത്തിവെച്ച് രക്തസ്രാവം ഇല്ലാതാക്കികൊണ്ടുള്ള നൂതന ചികിത്സാരീതികയാണ് EBOA. 34 വയസ്സുള്ള ഗർഭിണിയായ യുവതിയുടെ മറുകുട്ടി (placenta) ഗർഭപാത്രത്തിൽ നിന്ന് പുറത്തേക്ക് വളർച്ച പ്രാപിക്കുകയും മൂത്രാശയത്തിലേക്കും ചുറ്റുപാടുള്ള ശരീരഭാഗങ്ങളിലേക്കും വളരുകയും ചെയ്തിരുന്നു.

ഇത്തരത്തിലുള്ള രോഗികൾക്ക് ശസ്ത്രക്രിയയുടെ സമയത്ത് അമിത രക്തസ്രാവം ഉണ്ടാവുകയും 40-50 കുപ്പിയോളം രക്തം ആവശ്യമായി വരുകയും ചെയ്യാറുണ്ട്. ഇതു മൂലം രോഗിക്ക് മരണം തന്നെ സംഭവിക്കാറുണ്ട്. ശരീരത്തിലെ പ്രധാന രക്തധമനിയിലേക്ക് (Aorta) ശസ്ത്രക്രിയയ്ക്ക് മൂമ്പ് തന്നെ കാലിലെ രക്തകുഴലിലൂടെ ഒരു ബലൂൺ കടത്തി വിടുകയും കുട്ടിയെ പുറത്തെടുത്തതിനുശേഷം ഈ ബലൂൺ വികസിപ്പിച്ച് ഗർഭാശയത്തിലേക്കും മൂത്രാശയത്തിലേക്കും കാലിലേക്കുമുള്ള രക്തയോട്ടം ഇല്ലാതാക്കുകയും

ചെയ്തു. ഈ സമയത്ത് ഡോക്ടർമാർക്ക് വളരെ ലളിതമായ രീതിയിൽ ശസ്ത്രക്രിയ പൂർത്തിയാക്കുവാൻ സാധിച്ചു. ഇത്തരത്തിലുള്ള ചികിത്സാരീതി മാതൃശിശുമരണ നിരക്ക് കുറക്കുവാൻ സഹായിക്കും. റോഡപകടങ്ങളും മറ്റു അപകടങ്ങളും മൂലം രക്തസ്രാവം നേരിടുന്ന രോഗികൾക്ക് ഈ ചികിത്സാരീതി ഫലപ്രദമാണ്. ഈ ശസ്ത്രക്രിയയ്ക്ക് കൂട്ടായ നേതൃത്വം നൽകിയത് ഡോ. ഷിബു കള്ളിവളപ്പിൽ, ഡോ. സറീന ഗിൽവാസ്, ഡോ. മറിയം കോശി, ഡോ. ബിനോ ബഞ്ചമിൻ എന്നിവരാണ്.

**ജൂബിലിയിൽ ഒരാഴ്ച സൗജന്യ ഡയാലിസിസ് (02.07.2016)**

സെന്റ് തോമസ് ദിനം, റംസാൻ എന്നിവയോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജൂലൈ 3 മുതൽ 9 വരെ ഒരാഴ്ചത്തെ സൗജന്യ ഡയാലിസിസ് നടത്തി. ആർത്താറ്റ് ഹോളി ക്രോസ് പള്ളി, പുത്തൻപള്ളി അതിരൂപതാദിനാഘോഷ കമ്മിറ്റി, മച്ചാട് സെന്റ് ആന്റണീസ് ചർച്ച്, പാസ്റ്ററൽ കൗൺസിൽ, ജോവാക്കിം സിന്റോ എന്നിവരാണ് സൗജന്യ ഡയാലിസിസിനുള്ള ഫണ്ട് സ്പോൺസർ ചെയ്തത്.

**ജൂബിലിയിൽ നട്ടെല്ലിലെ ട്യൂമർ കീഹോൾ സർജറി വഴി നീക്കി – അപൂർവ്വ ശസ്ത്രക്രിയ**

പുലാപെറ്റ മൂച്ചിത്തറക്കൽ വീട്ടിൽ ഗണേശൻ സഹിക്കാൻ കഴിയാത്ത നടുവേദനയും ക്ഷീണവുമായാണ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിയത്. നട്ടെല്ലിലെ ട്യൂമറാണ് ഇതിന് കാരണമെന്ന് മനസ്സിലാക്കിയ ഡോ. പ്രശാന്ത് വർഗ്ഗീസ് (ന്യൂറോളജിസ്റ്റ്) ഓപ്പറേഷൻ വേണമെന്ന് നിർദ്ദേശിക്കുകയായിരുന്നു. കുടുംബത്തിന്റെ ഏക വരുമാനമാർക്ഷമായ അദ്ദേഹത്തിന് കൂടുതൽ നാൾ ആശുപത്രിയിൽ കിടക്കുന്നത്
ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ഡോ. രമേഷ് എസ്.(ന്യൂറോസർജൻ), ഡോ. നന്നുകുമാർ (ന്യൂറോസർജൻ), ഡോ. സബാസ്റ്റ്യൻ വലിയവീടൻ (അനസ്തെറ്റിസ്റ്റ്) എന്നിവരടങ്ങിയ മെഡിക്കൽ ടീം താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ ട്യൂമർ നീക്കുകയായിരുന്നു. അപൂർവ്വമായി നടത്തുന്ന മിനിമൽ ഇൻവേസീവ് അപ്പ്റോച്ച് ഉപയോഗിച്ചാണ് ഈ ശസ്ത്രിയ നടത്തിയതെന്ന് ഡോ. രമേഷ് അറിയിച്ചു. നട്ടെല്ല് ഉറപ്പിക്കൽ ശസ്ത്രക്രിയ ഈ രീതിയിൽ ചെയ്യുന്നുണ്ടെങ്കിലും, നിലവിൽ ഇതുപോലുള്ള ട്യൂമർ ശസ്ത്രക്രിയ കേരളത്തിൽ അപൂർവ്വമായേ ചെയ്യുന്നുള്ളൂ. അപകട സാദ്ധ്യത കുറവായ ഈ രീതിയിൽ ശസ്ത്രക്രിയ നടത്തിയതുവഴി ഗണേശന് മൂന്ന് ദിവസത്തിനുള്ളിൽ ആശുപത്രി വിടാൻ സാധിച്ചു. രണ്ടാഴ്ച്ചത്തെ വിശ്രമത്തിന് ശേഷം ഗണേശൻ ജോലിക്ക് പോയി തുടങ്ങി.

**ജൂബിലിയിൽ സമ്പൂർണ്ണ ഹീമോഫീലിയ ചികിത്സ**

രക്തസ്രാവ വൈകല്യമുള്ളവർ സമൂഹത്തിൽ വർദ്ധിക്കുന്നതായും സമഗ്ര ചികിത്സാ സംരംഭങ്ങൾ ഈ മേഖലയിൽ ആവശ്യമാണെന്നും മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞു. ജൂബിലിയുടെ ഈ സദ്ദുദ്യമത്തിന് അദ്ദേഹം ആശം

സകളർപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ ഹീമോഫീലിയ അടക്കമുള്ള രക്തസ്രാവ വൈകല്യമുള്ളവർക്കായി ആരംഭിക്കുന്ന ചികിത്സാ കേന്ദ്രം കേരള വിദ്യഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. പ്രവീൺ ലാൽ, ഡോ. എബ്രഹാം വർക്ഷീസ് എന്നിവർ പ്രസംഗിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- കാത്തലിക് ആർച്ച്ബിഷപ്സ് , പാസ്റ്ററൽ കൗൺസിൽ, തൃശ്ശൂർ (115 ഡയാലിസിസ്)
- അവർ ലേഡി ഓഫ് ഡോളേഴ്സ് ബസിലിക്ക (അതിരൂപതാദിനം), തൃശ്ശൂർ (220 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, പുന്നംപറമ്പ്, തെക്കുംകര പി. ഒ, തൃശ്ശൂർ (132 ഡയാലിസിസ്)
- ശ്രീ. ആന്റണി, പല്ലിശ്ശേരി ഹൗസ്, അമ്മാടം, തൃശ്ശൂർ (36 ഡയാലിസിസ്)
- ശ്രീ. റിച്ചാർഡ്, CIDBI അപ്പാർട്ട്മെന്റ്, തൃശ്ശൂർ (34 ഡയാലിസിസ്)
- മില്ലേനിയം ഗോൾഡ്, വൈറ്റില, എറണാകുളം (80 ഡയാലിസിസ്)
- ശ്രീ. എ. കെ. ജോസ്, അരിക്കാട്ട് ഹൗസ്, തൃശ്ശൂർ (50 ഡയാലിസിസ്)
- മീനാക്ഷി എക്സ്പോർട്ട്സ് ഏജൻസീസ്, പൂരം എക്സിബിഷൻ (200 ഡയാലിസിസ്)
- ശ്രീ. ആൽഡ്രിൻ ബിനീഷ്, ചിറയത്ത് ഹൗസ്, മനക്കൊടി, തൃശ്ശൂർ (24 ഡയാലിസിസ്)

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- ഷിയോണ സാന്റോ, ചങ്ങോടയിൽ ഹൗസ്, മുല്ലശ്ശേരി, തൃശ്ശൂർ
- എമി പി. ജെ, അമ്മാടം, തൃശ്ശൂർ

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. പ്രിൻസ് & ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ
- ശ്രീമതി എൽസി ആന്റണി, മൊയലൻ ഹൗസ്, ഒല്ലൂർ, തൃശ്ശൂർ
- ശ്രീ. സാന്റോ ആന്റണി, കോഴിക്കോട്
- ശ്രീ. ബിനോയ് പോൾ, വിതയത്തിൽ ഹൗസ്, ചിയ്യാരം, തൃശ്ശൂർ

ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്
ഡയറക്ടർ

# THRISSUR EDUCATIONAL TRUST & Jyothi Engineering College

- **ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം** : ജൂൺ 13 മുതൽ 17 വരെ കോളേജിലെ അദ്ധ്യാപകർക്കായി പരിശീലനപരിപാടി സംഘടിപ്പിച്ചു. അദ്ധ്യാപകരുടെ കഴിവുകളും കർമ്മശേഷിയും വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ച പരിപാടിയിൽ വിവിധ വിഷയങ്ങളെക്കുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ നയിച്ചു.

- **ക്ലാസ്സുകൾ പുനഃരാരംഭിച്ചു** : മധ്യവേനലവധിയ്ക്കുശേഷം മൂന്നാം വർഷ, നാലാം വർഷ വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ ജൂൺ 20 മുതൽ ആരംഭിച്ചു.

- **പരിസ്ഥിതി ബോധവല്ക്കരണ സെമിനാർ** : സാങ്കേതിക വിദ്യാഭ്യാസത്തോടൊപ്പം വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെ ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സാങ്കേതിക വിദ്യാഭ്യാസത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത സെമിനാറിന്റെ ഉദ്ഘാടനം ഇരിങ്ങാലക്കുട ക്രൈസ്ററ് കോളേജിലെ ജിയോളജി & എൻവയോൺമെന്റ് വിഭാഗം അസ്സോസിയേററ് പ്രൊഫസർ ഡോ. എസ്. ശ്രീകുമാർ നിർവ്വഹിച്ചു. ജൈവവൈവിധ്യസംരക്ഷണത്തെപ്പററിയും, പരിസ്ഥിതി ദുരന്തങ്ങൾ, തണ്ണീർത്തടങ്ങളുടെ പ്രാധാന്യം എന്നിയെക്കുറിച്ച് ഡോ. ശ്രീകുമാർ വിശദീകരിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു മുഖ്യ പ്രഭാഷണവും, അസിസ്റ്റന്റ് അഡ്മിനിട്രേററർ ജോസഫ് ജോഷി അനുമോദനപ്രസംഗവും നടത്തി. ചടങ്ങിന്റെ ഭാഗമായി കോളേജിലെ എൻ.എസ്.എസ്. യൂണിററിന്റേയും നാച്വറ എൻവയോൺമെന്റ് ക്ലബ്ബിന്റേയും സംയുക്താഭിമുഖ്യത്തിൽ കോളേജ് പരിസരത്ത് വിവിധ വൃക്ഷത്തൈകൾ നട്ടു.

- **റോഡ് സുരക്ഷാ ബോധവല്ക്കരണം** : തൃശൂർ സിറ്റി പോലീസ് കമ്മീഷണറേറ്റും, ചെറുതുരുത്തി പോലീസ് സ്റ്റേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന, റോഡ് നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവല്ക്കരിക്കുന്ന പരിപാടിയിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജും പങ്കുചേർന്നു. ഓട്ടൻതുള്ളലിൽ അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച ഡോ. പ്രിയ ജോൺ,

റോഡ് നിയമങ്ങളെക്കുറിച്ച് ഓട്ടൻതുള്ളൽ അവതരിപ്പിക്കുകയും, വിദ്യാർത്ഥികളെ പ്രബുദ്ധരാക്കുകയും ചെയ്തു. റോഡ് നിയമങ്ങളും അവ കൃത്യമായി പാലിക്കേണ്ടതിന്റെ ആവശ്യകതയേയും കുറിച്ച് ടീം ലീഡർ എസ്.ഐ. ശ്രീ. ബാബു ക്ലാസ്സ് നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അസി. മാനേജർമാരായ ഫാ. റോയ് ജോസഫ് വടക്കൻ, ഫാ. ജോജു ചിരിയൻങ്കണ്ടത്ത്, ഫാ. ജിന്റോ പേരേപ്പാടൻ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

▶▶ **ഒന്ന്, രണ്ട് വർഷ വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ ആഗസ്റ്റ് 1 മുതൽ ആരംഭിക്കുന്നു :** കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലെ രണ്ടാമത്തെ ബാച്ചിന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂലായ് 30ന് അതിരൂപതാ സഹായമെത്രാൻ മാർ. റാഫേൽ തട്ടിൽ നിർവ്വഹിക്കും.

**അസി. മാനേജർ**
**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പേരേപ്പാടൻ**

**മോൺ തോമസ് കാക്കശ്ശേരി**
**മാനേജർ**

## Trichur Diocesan Community Development Society

### അഭിനന്ദനങ്ങൾ

തൃശ്ശൂർ അതിരൂപതയുടെ കീഴിലുള്ള ത്യാഗരാജ പോളിടെക്നിക്ക് 2016ലെ സെമസ്റ്റർ 6 ഡിപ്ലോമ പരീക്ഷയിൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം ഇദംപ്രഥമായി 100 ശതമാനം വിജയം കൈവരിച്ചിരിക്കുന്നു. കേരളത്തിലെ പോളിടെക്നിക്കുകളിൽ വളരെ അപൂർവ്വമായി മാത്രമേ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം ഈ നേട്ടം കൈവരിച്ചിട്ടുള്ളൂ. വിജയത്തിനു പിന്നിൽ പ്രവർത്തിച്ച മോൺ തോമസ് കാക്കശ്ശേരി യുടെ കീഴിലുള്ള ടി.ഡി. സി. ഡി. എസ്. മാനേജ്മെന്റിനും പ്രിൻസിപ്പിളിനും സ്റ്റാഫ് സ്റ്റുഡൻസ് പി.ടി.എ. എന്നിവർക്കും പ്രത്യേകം അഭിനന്ദങ്ങൾ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ - 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**SHG - JLG രൂപീകരണ യോഗങ്ങൾ നടത്തി.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സ്വയം സഹായ സംഘങ്ങളും ഇവയെ അടിസ്ഥാനമാക്കി ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളും ആരംഭിക്കുന്നതിന്റെ ഭാഗമായി ഫോറോനതല സ്നേഹനിധി ഭാരവാഹികളുടെ യോഗം സംഘടിപ്പിച്ചു. 16 ഫോറോനകളിലെ തിരഞ്ഞെടുക്കപ്പെട്ട ഇടവകളിലായി നടത്തിയ വിശദീകരണ യോഗങ്ങൾക്ക് സാന്ത്വനം അസി.ഡയറക്ടർ ഫാ.ടോണി അരിമ്പൂർ നേതൃത്വം നൽകി. ഇടവകൾതോറും യൂണിറ്റ് തലത്തിലും മറ്റും പത്തു മുതൽ ഇരുപതു വരെ ആളുകളെ ചേർത്ത് സ്വയം സഹായ സംഘങ്ങൾ ആരംഭിച്ച് പ്രവർത്തിക്കാൻ തയ്യാറാകുന്ന ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനും മറ്റ് സഹായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സാന്ത്വനം പദ്ധതി തയ്യാറാക്കി വരുന്നു. ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ആരംഭിക്കുന്ന JLG ഗ്രൂപ്പുകൾ അതിന്റെ ഭാഗമാണെന്നും, കഴിഞ്ഞ 2 മാസത്തിനുള്ളിൽ ഒരു കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനും, തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനും കഴിഞ്ഞതായി അസി.ഡയറക്ടർ അറിയിച്ചു. കോഡിനേറ്റർ സി.പി ജോർജ്ജും യോഗങ്ങളിൽ പദ്ധതി വിശദീകരണം നടത്തി.

**പുരോഗതി വിലയിരുത്തി.**

ഫാമിലി ഡെവലെപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി പേരാമംഗലം, മുല്ലക്കര, ചേറൂർ, അടാട്ട് തുടങ്ങിയ ഇടവകകളിലെ ഗുണഭോക്തൃഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ ജീവിതനിലവാര പുരോഗതി വിലയിരുത്തുകയും ചെയ്തു.

FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

വില്ലടം - 10,000/-, അടാട്ട് - 55,000/-, വെട്ടുക്കാട് - 26,000/-, അരിമ്പൂർ - 30,000/-, ഒല്ലൂർ- 64,000/-, പീച്ചി - 45,000/-, ബസിലിക്ക - 15,000/-, ചെവ്വൂർ - 4,000/-, പാലയൂർ - 10,000/-, മുളയം - 15,000/-, കൂനമൂച്ചി - 21,000/-, അന്തിക്കാട്ട് - 23,077/-, പാവർട്ടി - 8,017/-, അടാട്ട് - 13,550/-, വലക്കാവ് - 9,164/-

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

വരാക്കര സൗത്ത്, കൊട്ടേക്കാട് എന്നീ ഇടവകകളിൽ വച്ച് സ്നേഹനിധി യുണിറ്റിന്റെ വാർഷിക പൊതുയോഗങ്ങൾ നടത്തുകയുണ്ടായി. അതതു ഇടവകകളിലെ വികാരിമാർ, സാന്ത്വനം ഡയറക്ടർ , അസി. ഡയറക്ടർമാർ, കോ. ഓർഡിനേറ്റർ, ആനിമേറ്റർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**മോണിറ്ററിംഗ് സന്ദർശനങ്ങൾ നടത്തി.**

സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി സാന്ത്വനത്തിൽ നിന്നുള്ള മോണിറ്ററിംഗ് ടീം ഫോറോനകൾ സന്ദർശിച്ചു. 16 ഫോറോനകളുടേയും കീഴിൽ പ്രവർത്തിക്കുന്ന സ്നേഹനിധി യൂണിറ്റുകളുടെ കണക്കുകൾ പരിശോധിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. അസി. ഡയറക്ടർ ഫാ.ടോണി അരിമ്പൂർ, കോഡിനേറ്റർ ബീന വർക്ഷീസ്, ആനിമേറ്റേഴ്സ്, ഫോറോന ഭാരവാഹികൾ എന്നിവർ സന്ദർശന ടീമിൽ അംഗങ്ങളായിരുന്നു.

**പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു.**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലേക്ക് ബസിലിക്ക,ലൂർദ്,പട്ടിക്കാട്, പുതുക്കാട്,പഴുവിൽ,ഒല്ലൂർ,മറ്റം, കണ്ടാശ്ശാംകടവ്, കൊട്ടേക്കാട്,പാലയൂർ,വടക്കാഞ്ചേരി,വേലൂർ,പുത്തൂർ എന്നീ ഫോറോനകളിലെ അർഹതപ്പെട്ട കുടുംബങ്ങളെ കണ്ടെത്തുകയും അവരെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെചേർക്കുന്നു.

ചേലക്കര-20,000/-, വീണ്ടശ്ശേരി-20,000/-, തൃക്കൂർ-15,000/-,പെരിഞ്ചേരി -10,000/-,കണ്ടശ്ശാംകടവ്-5000/-, തലോർ-10,000/-

**ഫണ്ട് മൊബിലൈസേഷൻ നടത്തി.**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ധനശേഖരണാർത്ഥം ചിറ്റിലപ്പിള്ളി സെന്റ് റീത്താസ് ഇടവകയിൽ സംഘടിപ്പിച്ച ഫണ്ട് മൊബിലൈസേഷൻ പരിപാടി വഴിയായി സ്ഥിരഗുണകാംഷികളും സ്പോൺസർമാരുമടക്കം ആകെ 69851/- രൂപ സമാഹരിച്ചു.

**ആശാകിരണം ക്ലസ്റ്റർ ലെവൽ മീറ്റിംഗ് നടത്തി**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കത്തോലിക്ക സഭയിൽ നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ക്ലസ്റ്റർ ലെവൽ മീറ്റിംഗ് തൃശ്ശൂർ ബിഷപ്പ്സ് ഹൗസിൽ കൂടുകയുണ്ടായി. സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തൃശ്ശൂർ, ഇരിങ്ങാലക്കുട ,പാലക്കാട്, സുൽത്താൻപേട്ട് രൂപതകളിലെ ഡയറക്ടർമാരും, അസി.ഡയറക്ടർമാരും, പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി. കാരിത്താസ് ഇന്ത്യയുടെ റീജിയണൽ പ്രോഗ്രാം ഓഫീസർ ശ്രീ. അമൽ കൃഷ്ണ ആശാകിരണം എന്ന പദ്ധതിയെ കുറിച്ച് വിശദീകരിക്കുകയുണ്ടായി.

**നറുക്കെടുപ്പു നടത്തി.**

സ്നേഹനിധി `കരുതൽ' ക്ഷേമപദ്ധതിയുടെ ഫണ്ട് ശേഖരണാർത്ഥം ആവി

ഷ്ക്കരിച്ച കൂപ്പണിന്റെ നറുക്കെടുപ്പ് വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസി.ഡയറക്ടർമാരായ ഫാ. ടോണി അരിമ്പൂർ, ഫാ.ടെഡ്സ് കുന്നപ്പിള്ളി, അതിരൂപതാ സ്നേഹനിധി പ്രസിഡന്റ് എലിസബത്ത് മാത്യു, കോഡിനേറ്റർ ബീന വർക്ഷീസ് എന്നിവർ സന്നിഹിതരായിരുന്നു. വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, ഗ്രൈൻഡർ, മൈക്രോവേവ് ഓവൻ,മിക്സി തുടങ്ങിയ ഗൃഹോപകരണങ്ങളും, 100 പ്രോത്സാഹന സമ്മാനങ്ങളും നറുക്കെടുപ്പിലൂടെ നൽകുന്നു. സമ്മാനാർഹരായവർ എത്രയും വേഗം രസീതുമായി സമ്മാനങ്ങൾ കൈപ്പറ്റേണ്ടതാണ്.

**ഡയറക്ടറി പ്രകാശനം ചെയ്തു.**

സ്നേഹനിധി അംഗങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമാക്കുന്നതിനു വേണ്ടിയും, പ്രവർത്തനങ്ങൾ മെമ്പർമാരിലേക്ക് എത്തിക്കുന്നതിനു വേണ്ടിയും സ്നേഹനിധി ഡയറക്ടറി എന്ന ആശയം ഉടലെടുക്കുകയും അതിനു വേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യ്തു. തൽഫലമായി രൂപപ്പെടുത്തിയ ഡയറക്ടറിയുടെ പ്രകാശനം സ്നേഹനിധി എക്സിക്യൂട്ടീവ് യോഗത്തിൽ നടത്തപ്പെട്ടു.

**പുതിയ സ്നേഹനിധി യൂണിറ്റുകൾ രൂപീകരിച്ചു.**

ചാഴൂർ, ചൂലിശ്ശേരി,ചിറനെല്ലൂർ എന്നീ ഇടവകകളിൽ പുതിയ സ്നേഹനിധി യൂണിറ്റുകൾ രൂപീകരിച്ചു. അതതു ഇടവകകളിലെ വികാരിമാർ, സാന്ത്വനം ഡയറക്ടർ , അസി. ഡയറക്ടർമാർ, കോ. ഓർഡിനേറ്റർ, ആനിമേറ്റർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**യൂണിറ്റ് സന്ദർശനം നടത്തി.**

മാർ. ജേക്കബ് തൂങ്കുഴി വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ആർത്താറ്റ്,പാലയൂർ,പാലുവായ്,ആളൂർ,വരടിയം, പടവരാട്,പെരിങ്ങോട്ടുകര,തിരുവില്വാമല,മരോട്ടിച്ചാൽ തുടങ്ങിയ യൂണിറ്റുകൾ സന്ദർശിക്കുകയും, കുട്ടികളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു.

**ബാലവേദികൾ രൂപീകരിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സമഗ്രവളർച്ചയ്ക്കും, വികസനത്തിനുമായി ഇടവകൾതോറും 5 വയസ്സു മുതൽ 15 വയസ്സിൽ ഉൾപ്പെട്ട കുട്ടികളുടെ ബാലവേദി രൂപീകരിക്കുന്നു. എല്ലാ വികാരിയച്ചൻമാരുടെയും, ഇടവകാംഗങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ഫാ. ടോണി അരിമ്പൂർ
ഫാ. ടെഡ്സ് കുന്നപ്പിള്ളി
അസി.ഡയറക്ടേഴ്സ്

ഫാ. തോമസ് പൂപ്പാടി
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**ഗർഭിണികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷ**

തൃശ്ശൂർ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദ്ഗ്ധരുടെ ഉപദേശങ്ങളും അടങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ആഗസ്റ്റ് 7-ാം തിയ്യതി രാവിലെ 9.30 മുതൽ 1 മണി വരെയാണ് പ്രാർത്ഥനാ കുട്ടായ്മ നടത്തുന്നത്.

**നവദമ്പതിസംഗമം - ആഗസ്റ്റ് 21**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ രണ്ടാമത്തെ കൂട്ടായ്മ ആഗസ്റ്റ് 21-ാം തിയ്യതി ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. 2016 ഏപ്രിൽ, മെയ് മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. ഈ സംഗമം നടത്തുന്നത്.

**ദമ്പതിധ്യാനം**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ദമ്പതികൾക്കുവേണ്ടി നടത്തപ്പെടുന്ന രണ്ടാമത്തെ ധ്യാനം ആഗസ്റ്റ് 20, 21 തിയ്യതികളിലായി നടത്തുന്നു. വിവാഹജീവിതത്തെപറ്റിയും മാതാപിതാക്കൾ തമ്മിലുള്ള ആശയവിനിമയത്തെപറ്റിയും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തെപറ്റിയും മക്കളുടെ സ്വഭാവരൂപീകരണത്തെപറ്റിയും മറ്റുമാണ് ഈ ധ്യാനത്തിൽ ഊന്നൽ നൽകുന്നത്. ആമ്പല്ലൂരിലുള്ള സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വച്ച് ആഗസ്റ്റ് 20-ാം തിയ്യതി ശനിയാഴ്ച്ച വൈകീട്ട് 5.00 മണിക്ക് ആരംഭിച്ച് ആഗസ്റ്റ് 21 വൈകീട്ട് 5.00 മണിക്ക് സമാപിക്കുന്നതാണ്. ഈ ദമ്പതിധ്യാനത്തിൽ പങ്കെടുക്കാനായി ദമ്പതികളെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**നവ്യമായ അനുഭവം**

2016 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിവാഹിതരായവർ അഭിവന്ദ്യപിതാവിനോടൊപ്പം ജൂലായ് 3-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഒത്തുച്ചേർന്നത് ഏറെ നവ്യമായ അനുഭവമായിരുന്നു. ഫാമിലി

അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ നവദമ്പതിസംഗമത്തിലേക്ക് വന്നവർക്ക് സ്വാഗതം ചെയ്തു. തുടർന്ന് ഫാ. പോൾ പൊട്ടക്കൽ സി.എം.ഐ അച്ചന്റെ നേതൃത്വത്തിൽ എങ്ങനെ ദാമ്പത്യപ്രണയം വർദ്ധിപ്പിക്കാം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും ഗ്രൂപ്പ് ചർച്ചകളും നടത്തിയത് ഏറെ അനുഭവമായിരുന്നു.

**അച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

നേരത്തെ അറിയിച്ചതുപോലെ 2016 മെയ് 1 മുതൽ വിവാഹ ഒരുക്ക കോഴ്സ് ബുക്ക് ചെയ്യുന്നത് ഓൺലൈൻ വഴിയാണല്ലോ. ഓൺലൈൻവഴി കുട്ടികൾക്ക് വീട്ടിലിരുന്ന് ബുക്ക് ചെയ്യാവുന്നതാണ്. അല്ലെങ്കിൽ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വന്നാൽ ഇവിടെയും ഓൺലൈൻവഴിയായിട്ടാണ് ചെയ്ത് കൊടുക്കുന്നത്. ഓൺലൈൻ വഴി ചെയ്തു കഴിഞ്ഞാൽ ഒരു ഫോം അവർക്ക് ലഭിക്കുന്നതാണ്. ആ ഫോമിലാണ് വികാരിയച്ചന്മാർ ഒപ്പും സീലും വെക്കേണ്ടത്. ഇനി മുതൽ വിവാഹകോഴ്സിനുള്ള ഫോം പള്ളിയിൽ നിന്ന് കൊടുക്കേണ്ടതില്ല.

**ഫാ. ജിയോ തെക്കിനിയത്ത്**
അസോ. ഡയറക്ടർ

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ദയാവധം നിയമത്തിനെതിരെ ടെർമിനലി ഇൽ പേഷ്യന്റ്സ് (പ്രൊട്ടക്ഷൻ ഓഫ് പേഷ്യന്റ്സ് ആന്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ) ഏകദേശം 200 ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി ഒരു ലക്ഷം പേരുടെ ഒപ്പുശേഖരണം നടത്തി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിക്ക് അയച്ചു കൊടുത്തു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

## മാതൃവേദി

**കാൻസർ ബോധവൽക്കരണ സെമിനാർ**

അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കാൻസർ ബോധവൽക്കരണ സെമിനാർ ജൂബിലി മിഷ്യൻ ആശുപത്രിയിലെ പ്രൊഫസർ. ഡോ. ലോല രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. അതിരൂപത മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അതിരൂപത മാതൃവേദി ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു.

**ഹരിതം – 2016**

അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഹരിതം 2016 അതിരൂപത വികാരി ജനറാൾ മോൺ.ജോർജ്ജ് കോമ്പാറ, അതിരൂപത മാതൃവേദി പ്രസിഡന്റ് ശ്രീമതി. ബീന ജോഷിക്ക് വൃക്ഷതൈ നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.

**പ്രാർത്ഥനാദിനം ആചരിച്ചു**

അതിരൂപതയിലെ എല്ലാ ഇടവകയിൽ നിന്നുള്ള മാതൃവേദിയുടെ പ്രതിനിധികൾ ഒന്നുചേർന്ന് ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് പ്രാർത്ഥനാദിനം ആചരിച്ചു. ആരാധനയ്ക്കും വിശുദ്ധകുർബാനയ്ക്കും ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ നേതൃത്വം നൽകി. അതിരൂപതയിലെ എല്ലാ യൂണിറ്റിൽ നിന്നുള്ള അമ്മമാർ ഒത്തുചേർന്നത് മാതൃവേദിയുടെ കൂട്ടായ്മയ്ക്കും ഐക്യത്തിനും ഏറെ സഹായകരമായി.

| | | |
|---|---|---|
| **ബീന ജോഷി**<br>പ്രസിഡന്റ് | **ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ**<br>അസി. ഡയറക്ടർ | **ഫാ. ഡെന്നി താണിക്കൽ**<br>ഡയറക്ടർ |

## കുടുംബകൂട്ടായ്മ

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

ആഗസ്റ്റ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ജൂലായ് മാസം 30-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**തീർത്ഥയാത്ര**

3 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥാനം ഒഴിയുന്ന അതിരൂപത ഭാരവാഹികളും അവരുടെ കുടുംബാംഗങ്ങളും അതിരൂപതയിലെ 16 ഫൊറോനയിലെ കൺവീനർമാരും അവരുടെ കുടുംബാംഗങ്ങളും ഒത്തൊരുമിച്ചുള്ള തീർത്ഥയാത്ര ഏറെ സന്തോഷപ്രദമായിരുന്നു. അതിരൂപത കുടുംബകൂട്ടായ്മയ്ക്ക് കഴിഞ്ഞ മൂന്നു വർഷക്കാലം ശക്തമായ നേതൃത്വം കൊടുത്തതിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ തീർത്ഥയാത്രയിൽവച്ച് ഏവർക്കും നന്ദി പറയുകയുണ്ടായി.

| | | |
|---|---|---|
| **ഫാ.ഡെന്നി താണിക്കൽ**<br>ഡയറക്ടർ | **അഡ്വ.ഡെന്നി സി.ജെ**<br>ജന.കൺവീനർ | **ഫാ. ഷിജു ചിറ്റിലപ്പിള്ളി**<br>അസി.ഡയറക്ടർ |

# C.C.W.I

**ബോധവൽക്കരണസെമിനാർ**

**C. C. W. I** യുടെ ജനറൽബോഡി മീറ്റിങ്ങ് 11.07.2016 ൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുകയുണ്ടായി. ഈ ജനറൽബോഡിയിൽ വച്ച് അംഗങ്ങൾക്കുവേണ്ടി ഉദരസംബന്ധമായ രോഗങ്ങളെക്കുറിച്ച് ഡോ. കുരുവിള ചർച്ചാപഠന സെമിനാർ നടത്തുകയുണ്ടായി. ഏറെ ഉപകാരപ്രദമായ ഈ സെമിനാറിന് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, പ്രസിഡണ്ട് മിനി മോഹൻ എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**മിനി മോഹൻ**
പ്രസിഡണ്ട്

# മദ്യവിരുദ്ധ സമിതി

**1. ആഗോള ലഹരി വിരുദ്ധ ദിനാചരണം (ജൂൺ 26)**

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് മദ്യവിരുദ്ദ സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ കേന്ദ്രങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. പുതുക്കാട് ഫൊറോനയുടെ സഹകരണത്തോടെ ആമ്പല്ലൂർ സെന്ററിൽ കൂടിയ പൊതുയോഗം അതിരൂപത ഡയറക്ടറച്ചനാണ് ഉദ്ഘാടനം ചെയ്തത്. ഫൊറോന പ്രസിഡണ്ട് പി. എൽ. ആന്റണി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എം. കെ. ബാബു, റപ്പായി മേച്ചേരി, പി. പി. ഡേവീസ് തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളത്തിനൊരുക്കമായി ഫൊറോനയിലെ എല്ലാ ഇടവകകളേയും സന്ദർശിച്ചുകൊണ്ട് മദ്യവിരുദ്ധ പ്രവർത്തകർ നടത്തിയ ഇരുചക്ര വാഹന ബോധവൽക്കരണ പര്യടനം സാഹസികവും വിജയകരവുമായി.

ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വേലൂർ ഫൊറോനയുടെ അതിർത്തിയിൽ പെട്ട എല്ലാ വിദ്യാലയങ്ങളിലും പ്രസിഡണ്ട് ശ്രീ. ജോസ് ചെമ്പിശ്ശേരിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ലഘുലേഖകൾ വിതരണം ചെയ്ത് ബോധവൽക്കരണം നടത്തി. കരുവാഞ്ചാൽ, വിമലഗിരി സ്ക്കൂൾ, തൃശ്ശൂർ സേക്രഡ് ഹാർട്ട് സ്കൂൾ, തൃശ്ശൂർ സെന്റ് ക്ലയേഴ്സ് സ്കൂൾ എന്നിവിടങ്ങളിൽ ഡയറക്ടറച്ചൻ ലഹരി വിരുദ്ധ ക്ലാസ്സ് എടുത്തു. എം. കെ. ബാബു, പ്രൊഫ. അന്നം ജോൺ എന്നിവരാണ് നേതൃത്വം വഹിച്ചത്. കോടന്നൂർ സെന്ററിൽ അരങ്ങേറിയ ലഹരി വിരുദ്ധ സദസ്സിൽ ഡയറക്ടറച്ചൻ പ്രസംഗിച്ചു.

**2. ആനവിഴുങ്ങി സമരത്തിന് പിന്തുണ**

വലപ്പാട് ഇടവകാതിർത്തിയിൽ നാലുമാസമായി ബീവറേജ്സ് ഷാപ്പിനെതിരെ തുടർന്നുകൊണ്ടിരിക്കുന്ന സമരത്തിൽ അതിരൂപത മദ്യവിരുദ്ധ സമിതി പ്രവർത്തകർ 10.07.16 ഞായറാഴ്ച ഉച്ചതിരിഞ്ഞ് പങ്കുചേർന്നു. മുൻപ്രസിഡണ്ട് ജോസ് ആലപ്പാട്ട് നയിക്കുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വിളിച്ചുകൂട്ടിയ സമ്മേളനം ഡയറക്ടറച്ചനാണ് ഉദ്ഘാടനം ചെയ്തത്. എം. കെ. ബാബു, റപ്പായി മേച്ചേരി, പ്രൊഫ. അന്നം ജോൺ, ഫാ. ജോവി കുണ്ടുകുളങ്ങര മുതലായവർ പ്രസംഗിച്ചു. ജാതിമത രാഷ്ട്രീയ ഭേദമെന്യേ മദ്യപിശാചിനെതിരെ നടന്നുവരുന്ന ഈ ജനകീയ പ്രതിഷേധ സമരം വിജയിക്കട്ടെ.

**3. നേതൃത്വപരിശീലനവും, ജനറൽ ബോഡിയും**

അതിരൂപത മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 31 ഞായാറാഴ്ച പാസ്റ്ററൽ സെന്ററിൽ നേതൃത്വപരിശീലന പരിപാടി ഒരുക്കിയിരിക്കുന്നു. ഓരോ യൂണിറ്റിൽ നിന്നും 5 പേർ വീതമെങ്കിലും പങ്കെടുക്കണം. 9.30ന് വി. കുർബ്ബാനയോടുകൂടിയാണ് പ്രോഗ്രാം തുടങ്ങുക. ഫാ. ഡേവീസ് ചിറമ്മൽ, സേവ്യർ പള്ളിപ്പാട്ട്, പി.ഐ. ലാസർ മാസ്റ്റർ, കൃഷ്ണൻകുട്ടി ആന്റണി തുടങ്ങിയവർ ക്ലാസ്സ് എടുക്കുന്നതാണ് ഉച്ചഭക്ഷണത്തിനുശേഷം ജനറൽ ബോഡിയും അർദ്ധവാർഷികാവലോകനവും ഉണ്ടായിരിക്കും.

**4. ക്വിറ്റ് ലിക്കർ ഡേ ആചരണം**

'മദ്യവിമുക്തമായ സഭയും സമൂഹവും' എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി അതിരൂപതാ മദ്യവിരുദ്ധ സമിതിയും ഗുരുവായൂർ ഇടവക യൂണിറ്റും സംയുക്തമായി ഓഗസ്റ്റ് 09 ക്വിറ്റ് ലിക്കർ ഡേ ആയി ആചരിക്കയാണ്. കിഴക്കേ നടയിൽ രാവിലെ മുതൽ ഉപവാസം അരങ്ങേറുന്നു. മുൻഡയറക്ടർ ഫാ. ജോജു പനയ്ക്കലാണ് ഉദ്ഘാടനം ചെയ്യുക. ഉച്ചകഴിഞ്ഞ് 3ന് ആരംഭിക്കുന്ന സമാപന സമ്മേളനത്തിൽ വെരി. റവ. ഫാ. ജോസ് പുന്നോലിപറമ്പിൽ, ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, ഫാ. ജോസ് പുലിക്കോട്ടിൽ, ഇയ്യച്ചേരി കുഞ്ഞിക്കൃഷ്ണൻ, എം. കെ. ബാബു, റപ്പായി മേച്ചേരി, എം. കെ. ജോസഫ്, പി.ഐ. ലാസർ മാസ്റ്റർ, സ്റ്റീഫൺ ജോസ് തുടങ്ങിയവർ പ്രസംഗിക്കുന്നതായിരിക്കും.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**പി. പി. ഡേവീസ്**
പി.ആർ.ഒ.

# ഫ്രാൻസിസ്കൻ അല്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം വടക്കാഞ്ചേരി അസ്സീസിയിൽ വെച്ച് 25.06.2016 ശനിയാഴ്ച രാവിലെ 10 മണിക്ക് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതിൽ കൂടി പ്രവർത്തങ്ങൾ വിലയിരുത്തി. സെക്രട്ടറി പി.ഐ. സൈമൺ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ടി.കെ. ഡേവീസ് കണക്കുകൾ അവതരിപ്പിച്ചു. യോഗത്തിൽ ഫാ. പോൾ അടമ്പുകുളം, ഫാ. നിക്സൺ കോളാട്ടുകൂടി, സി. റോസ്‌ലിൻ പി.വി. ഔസേഫ് എന്നിവർ പ്രസംഗിച്ചു. പ്രവർത്തനങ്ങളിൽ തളർച്ച ബാധിച്ച യുണിറ്റുകളിൽ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായ പ്രവർത്തിക്കുവാൻ നിർദ്ദേശം നൽകി. സെപ്തംബർ 17ന് കുരിശ്ശിന്റെ പുകഴ്ചയുടെയും വിശുദ്ധന്റെ പഞ്ചക്ഷതത്തിന്റേയും തിരുനാൾ സംയ്കുതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. ഈ വർഷം സഭാവസ്ത്രം സ്വീകരിക്കുന്നവർ നിർബന്ധമായും അന്ന് നടക്കുന്ന ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതാണ്.

അഞ്ചു റീജിയണുകളുടെ പുതിയ ആനിമേറ്റർമാരുടെ പേരുകൾ പാലയൂർ : സി. റോസിലിൻ എഫ്. സി. സി., കണ്ടശ്ശാംകടവ് : സി. ഫ്ളവർലിറ്റ് എഫ്.സി.സി., തൃശ്ശൂർ സി. മേരി മാത്യു എഫ്. സി.സി, വടക്കാഞ്ചേരി : സി. ലിറ്റി തെരേസ എഫ്. സി. സി., ഒല്ലൂർ : സി. നിത്യറോസ് എഫ്. സി. സി.

ആഗസ്റ്റ് 11 വിശുദ്ധ ക്ലാരയുടെയും ആഗസ്റ്റ് 15 അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭക്തിപൂർവ്വം ആഘോഷിക്കുവാൻ യൂണിറ്റുകൾക്ക് നിർദ്ദേശം നല്കി.

യേശുവിൽ എളിയ സഹോദരൻ

**സണ്ണി വടക്കൻ**

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**കേരള സർവ്വീസ് ടീം സന്ദർശനം**

കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കേരള സർവ്വീസ് ടീം ജൂൺ 18 വ്യാഴാഴ്ച ആബാ റിന്യൂവൽ സെന്ററിൽ സോണൽ സന്ദർശന പരിപാടി നടത്തി. ഉച്ചകഴിഞ്ഞ് 3 മുതൽ 5.30 വരെ നടന്ന കൂട്ടായ്മയിൽ ഡയറക്ടർ ഫാ.

ഷാജൻ തേർമഠം ചെയർമാൻ ഫാ. വർഗ്ഗീസ് മുണ്ടക്കൽ, വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ, സെക്രട്ടറി സെബാസ്റ്റ്യൻ താണിക്കൽ എന്നിവർ പങ്കെടുത്തു. സബ്സോൺ കോ-ഓർഡിനേറ്റർമാർ, സർവ്വീസ് ടീം അംഗങ്ങൾ, മിനിസ്ട്രി കോ- ഓർഡിനേറ്റർ മാർ എന്നിവരും പങ്കാളികളായി. പ്രാർത്ഥന, വചന വിചിന്തനം, ജൂബിലി ഒരുക്ക പരിപാടികൾ, സോണൽ തല പ്രവർത്തനങ്ങളുടെ അവലോകനം എന്നീ പരിപാടികൾ നടന്നു.

മധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയുടെ കൂട്ടായ്മ ജൂൺ 24 വെള്ളിയാഴ്ച രാവിലെ 10 മുതൽ 4 വരെ നടത്തി. ഡയറക്ടർ ഫാ. ഷാജൻ തേർമഠം വചന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. മിനിസ്ട്രിയുടെ ആനിമേറ്റർ ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ ദിവ്യബലിയർപ്പിച്ചു. സോണൽ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് മിനിസ്ട്രി കോ- ഓർഡിനേറ്റർ വി.ടി. പോൾ എന്നിവർ നേതൃത്വം നല്കി. ഇടവക കൂട്ടായ്മകളിൽ നിന്നുള്ള ഇരുന്നോറോളം പേർ പങ്കെടുത്തു.

**കുടുംബക്കൂട്ടായ്മ**

സോണൽ സർവ്വീസ് ടീമിന്റെ കുടുംബക്കൂട്ടായ്മ സെക്രട്ടറി സി.ടി. സെബാസ്റ്റ്യന്റെ വസതിയിൽ ജൂൺ 25 ശനിയാഴ്ച രാവിലെ 11 മണിക്ക് നടന്നു. ഡയറക്ടർ ഫാ. ഷാജൻ തേർമഠം, അസി. ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി എന്നിവരും സർവ്വീസ് ടീം അംഗങ്ങളും പങ്കെടുത്തു.

| | | |
|---|---|---|
| **സാബു എം. വർഗ്ഗീസ്** | **സി.ടി. സെബാസ്റ്റ്യൻ** | **ഫാ. ഷാജൻ തേർമഠം** |
| കോ-ഓർഡിനേറ്റർ | സെക്രട്ടറി | ഡയറക്ടർ |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

അതിരൂപത കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ജനറൽ ബോഡി മീറ്റിംഗ് 2016 ജൂലൈ 21ന് ഒല്ലൂർ സെന്റ് വിൻസെന്റ് ഡി. പോൾ ഹോസ്പിറ്റലിൽ വെച്ച് വൈകീട്ട് 2ന് അതിരൂപത CNGI ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

ഏങ്ങണ്ടിയൂർ എം. ഐ. ഹോസ്പിറ്റലിൽ "നേഴ്സസ് ഡെ' ദിനാഘോഷത്തിന്റെ ഭാഗമായി എം. ഐ. ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് ആലപ്പാട്ട് ദിവ്യബലിയർപ്പിച്ച്, പ്രചോദനാത്മകമായ സന്ദേശം നൽകി. തുടർന്ന് നടന്ന നടന്ന പൊതുമീറ്റിംഗിൽ മഴക്കാല പ്രതിരോധ ക്യാമ്പുകൾ തീരദേശങ്ങളിൽ നടത്താൻ തീരുമാനം എടുക്കുകയും ഇതിന് സഹായകമാകുന്ന ഒരു ലഘുലേഖ പ്രകാശനം ചെയ്യുകയും ചെയ്തു. കൂടാതെ അന്നേദിവസം എം.

ഐ. ഹോസ്പിറ്റിൽ പ്രിൻസിപ്പാൾ റവ.സി. ചെറുപുഷപം എഫ്. സി. സി. യുടെ ആധുനിക നേഴ്സിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പ്രഭാഷണം റേഡിയോയിൽ സംപ്രേഷണം ചെയ്യുകയുണ്ടായി. കാരുണ്യ വർഷത്തിന് ഊന്നൽ നൽകികൊണ്ട് എം. ഐ. ഹോസ്പിറ്റൽ നിർധനരായ 10 കുടുംബങ്ങളെ ദത്തെടുത്തുകൊണ്ട് മെയ് 12ന് ഹോസ്പിറ്റലിലെ ഏതാനും ഡോക്ടേഴ്സും നേഴ്സസും ചേർന്ന് രോഗികളെ സന്ദർശിച്ച് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുകയും മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്തു. എല്ലാ സ്റ്റാഫ്മാർക്കും, സ്നേഹവിരുന്ന് നൽകികൊണ്ട് നേഴ്സസ് ഡെ സമുചിതമായി ആഘോഷിച്ചു. മെയ് 18ന് ആദ്യത്തെ ഗ്രാമശോഭ എന്ന മെഡിക്കൽ ക്യാമ്പ് ഏത്തായി കടൻപുറത്ത് ആരംഭിച്ചു. ഡോ. ഫാ. ഫ്രാൻസീസ് ആലപ്പാട്ട്, ഡോ. കാതറിൻ, ഡോ. ദീലിയ എന്നിവരുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യപരിശോധനയും ബോധവൽക്കരണക്ലാസ്സും, ലഘുലേഖ വിതരണവും നടന്നു.

06.07.2016ൽ ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ അതിരൂപത സി. എൻ. ജി. ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ടിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശത്തിൽ കാലാനുസൃതം നമ്മുടെ ജീവിതത്തിന്റേയും ഓഡിറ്റിംഗ് നടത്തി ശുശ്രൂഷാ രംഗത്തെ പവിത്രീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അച്ചൻ എല്ലാവരേയും ഉദ്ബോധിപ്പിച്ചു. ദിവ്യബലി മദ്ധ്യേ പഠനം പൂർത്തിയാക്കിയ 16 നേഴ്സസ് സി.എൻ. ജി. ഐ. അംഗത്വം സ്വീകരിച്ച് ശുശ്രൂഷാ രംഗത്തേയ്ക്ക് പ്രവേശിച്ചു. അഡ്മിനിസട്രേറ്റർ റവ.സി. അൽഫോൺസ് മരിയ സി.എം.സി. നേഴ്സിംഗ് സൂപ്രണ്ട് റവ. സി. ജെസ്ന സി.എം.സി., പ്രിൻസിപ്പാൾ, റവ. സി. ലിസാ പോൾ സി. എം.സി. എന്നിവർ നേതൃത്വം വഹിക്കുകയും ചെയ്തു.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ്** FCC
സെക്രട്ടറി

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 700-ാമതും കൂരിയായുടെ 713-ാമതും സമ്മേളനം 2016 ജൂലായ് 3നു ഞായറാഴ്ച കമ്മീസിയം പ്രസിഡണ്ട് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് 2.30ന് ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡണ്ട് ജ്ഞാനവായന നടത്തിയതിനുശേഷം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ

ബ്ര. എ.ജെ. വിൻസെന്റ് വരവ് – ചിലവ് കണക്കും അവതരിപ്പിച്ചു. വൈസ് പ്രസിഡണ്ട് സി. എൽസി. ചുമ്മാർ ഹാജർ വിളിച്ചതിനുശേഷം ബ്ര. പ്രസിഡന്റ് സ്വാഗതം പറഞ്ഞു.

ഏനാമാക്കൽ പുതിയ കൂരിയാ സ്ഥാപിക്കുന്നതിനുള്ള പാവറട്ടി കൂരിയായിൽപ്പെട്ട പ്രസീദിയങ്ങളെ പുതിയ കൂരിയായിൽ ചേർക്കുന്നതിനുള്ള അനുവാദം കമ്മീസിയത്തെ പാവറട്ടി കൂരിയ ഏല്പിച്ചു. പാവറട്ടി കൂരിയായിൽ പെട്ട പ്രസീദിയങ്ങളുടെ സന്ദർശന റിപ്പോർട്ടു ഏനാമാക്കൽ, വടക്കൻ പുതുക്കാട്, ചിറ്റാട്ടുകര, ആർത്താറ്റ്, കോട്ടപ്പടി, പേരകം എന്നി പ്രസീദിയങ്ങളെ ഏല്പിച്ചു.

കമ്മീസിയത്തിന്റെ പുതിയ അസി. ആദ്ധ്യാത്മിക നിയന്താവായ ഡോ. സി. മരിയറ്റ് എ. തേറാട്ടിലിനെ അടുത്ത കമ്മീസിയം മീറ്റിംഗിൽ പ്രത്യേകം പങ്കെടുപ്പിക്കാമെന്ന് തീരുമാനിച്ചു. സൈനീക ജപശൃംഖലയ്ക്ക് ശേഷം പ്രസിഡന്റ് ദുക്റാന തിരുനാളിനെക്കുറിച്ച് പ്രഭാഷണം നടത്തി

അടുത്ത മൂന്ന് വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ പ്രസീദിയങ്ങളിൽ തിരഞ്ഞെടുപ്പ് നടത്തി, അടുത്ത കമ്മീസിയം മീറ്റിംഗിൽ തയ്യാറാക്കിയ ഫോമിൽ എഴുതി കൊണ്ടുവരണമെന്ന് അറിയിച്ചു.

സെപ്തംബർ ആദ്യ ആഴ്ചയിൽ മാതാവിന്റെ ജനനതിരുനാളിന് ഒരുക്കമായി ഒരു ദിവസത്തെ ആരാധന ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്താമെന്ന് തീരുമാനിച്ചു.

സംഘടനയുടെ കണക്ക് പരിശോധിക്കുന്നതിനായി ബ്ര. ജെയിംസ് (കുരിയച്ചിറ) ബ്ര. ജോസ് പാലിയേക്കര (ഒല്ലൂർ) എന്നിവരെ ചുമതലപ്പെടുത്തി.

പുതിയ പ്രസീദിയങ്ങൾ ആരംഭിച്ചതിനുശേഷം 3 മാസം പൂർത്തിയായാൽ നിയമഗ്രന്ഥം അനുസരിച്ചുള്ള മരിയ സൈനികരെ പ്രതിജ്ഞ ചൊല്ലി സ്ഥിരാംഗമാക്കി പ്രവർത്തിക്കുന്നതിന് ഓർമ്മപ്പെടുത്തി.

അത്താണിപള്ളിയിൽ ബഹു. മൂലനച്ചൻ ദിവ്യബലിയർപ്പിച്ചതിനുശേഷം പുതിയ പ്രസീദിയം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും സെക്രട്ടറി അറിയിച്ചു.

മാതാവിന്റെ ജനനതിരുനാൾ സെപ്തംബർ മാസം ആഘോഷിക്കുന്നതിനെക്കുറിച്ച് അറിയിച്ചുകൊണ്ട് അവസാന പ്രാർത്ഥനയ്ക്കുശേഷം കമ്മീസിയം മീറ്റിംഗ് 5 മണിക്ക് പര്യവസാനിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ,

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സി. എൽ. സി.

**സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു**

തൃശ്ശൂർ അതിരൂപത സി. എൽ.സി.യുടെ വി.ഇഗ്നേഷ്യസ് ലെയോള അനുസ്മരണം 31-ാം തിയതി ഉച്ചതിരിഞ്ഞ് 2 മണിക്ക് ഒല്ലൂർ ഫൊറോന പള്ളിയിൽ വെച്ച് നടക്കുന്നു. ആയതിന്റെ സ്വാഗതസംഘം ഓഫീസ് 26.06.2016 ഞായാറാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് ഒല്ലൂർ പള്ളിയിൽ വെച്ച് നടന്നു മീറ്റിംഗിൽ അതിരൂപത സി. എൽ. സി. പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ഡിവിൻ സ്വാഗതം ആശംസിച്ചു.

**അതിരൂപത ജനറൽ ബോഡിയോഗം**

10.07.2016 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് പാസ്റ്ററൽ സെന്ററിൽ വെച്ച് അതിരൂപതാ സി. എൽ. സി. ജനറൽ ബോഡി യോഗം നടന്നു, അതിരൂപത ട്രഷറർ ബിനോയ് കാറളത്തുക്കാരൻ സ്വാഗതം ആശംസിച്ചു. രൂപത സെക്രട്ടറി സെബിൻ സി. കെ. റിപ്പോർട്ട് അവതരിപ്പിച്ചു. സി. എൽ. സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. രൂപതാ പ്രസിഡണ്ട് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് വിനേഷ് ജെ കോളേങ്ങാടൻ ആശംസകൾ അർപ്പിച്ചു. അസിസ്റ്റന്റ് പ്രൊമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി മരിയോത്സവത്തിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകി. ഈ മീറ്റിംഗിൽ വെച്ച് അതിരൂപത കലോത്സവമായ മരിയോത്സവത്തിന്റെയും സി. എൽ.സി സോക്കർ കപ്പിന്റെയും കമ്മിറ്റികൾ രൂപീകരിച്ചു. സി. എൽ.സി. ജോ. സെക്രട്ടറി ഷിൻസി ഫ്രാൻസീസ് നന്ദി പറഞ്ഞു.

**ഫോർമേഷൻ ക്യാമ്പ് 2**

അതിരൂപത സി.എൽ.സി. പ്രവർത്തകർക്കായി അതിരൂപത തലത്തിൽ ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ സി.എൽ. സി. ഓഫീസുമായി ബന്ധപ്പെടുക.

**സി. എൽ. സി. കലാമേള**

ഓഗസ്റ്റ് - സെപ്തംബർ മാസങ്ങളിൽ എല്ലാ ഫൊറോനകളിലും സി. എൽ. സി. കലാമേള സംഘടിപ്പിക്കേണ്ടതാണ്. അതിരൂപത തല സാഹിത്യമത്സരം ഒക്ടോബർ രണ്ടാം തിയതിയും ഒക്ടോബർ 8-ാം തിയതി കലാമത്സരങ്ങളും സെന്റ് തോമസ് കോളേജിൽ വെച്ച് നടക്കുന്നു.

**സി. എൽ. സി. സോക്കർ കപ്പ്**

അതിരൂപത സി. എൽ. സി. സംഘടിപ്പിക്കുന്ന സി. എൽ. സി. സോക്കർ കപ്പ് സെപ്തംബർ 15, 16 തിയതികളിൽ സംഘടിപ്പിക്കുന്നു. താൽപര്യമുള്ള വർ സി. എൽ.സി. അംഗങ്ങളുമായി ബന്ധപ്പെടുക.

| | |
|---|---|
| **റവ. ഫാ. ജിയോ തെക്കിനിയത്ത്** | **ഫാ. ഫ്രജോ വാഴപ്പിള്ളി** |
| പ്രൊമോട്ടർ | അസി. പ്രമോട്ടർ |
| ബിജിൽ സി, ജോസഫ് | സെബിൻ സി. കെ. |
| പ്രസിഡന്റ് | സെക്രട്ടറി |

# കത്തോലിക്ക കോൺഗ്രസ്സ്

കത്തോലിക്ക കോൺഗ്രസ്സ് തൃശ്ശൂർ സംഘടിപ്പിച്ച ജനപ്രതിനിധികൾക്കുള്ള അനുമോദന സമ്മേളനത്തിന്റെ ഉദ്ഘാടനവേളയിൽ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടാൽ കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കന്ന തിനും ജനങ്ങൾക്കു മാതൃകയായി പ്രവർത്തിക്കന്നതിനും തയ്യാറാകണമെന്ന് തൃശ്ശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അഭിപ്രായപ്പെട്ടു.

മന്ത്രിമാരായ പ്രൊ. സി.രവീന്ദ്രനാഥ്, എ.സി. മൊയ്തീൻ, അഡ്വ. വി.എ സ്. സുനിൽകുമാർ, എം. എൽ. എ. മാരായ ശ്രീമതി ഗീത ഗോപി, അനിൽ അക്കര, കെ.വി. അബ്ദുൾ ഖാദർ, മുരളി പെരുനെല്ലി, യു. ആർ. പ്രദീപ്, അഡ്വ. കെ. രാജൻ എന്നിവർക്ക് ആർച്ച്ബിഷപ്പ് ഉപഹാരങ്ങൾ നൽകി.

അതിരൂപത പ്രസിഡന്റ് പ്രൊഫ. കെ.എം. ഫ്രാൻസീസ് അദ്ധ്യക്ഷത വഹി ച്ച യോഗത്തിൽ വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരി, അതിരൂപത ഡയറക്ടർ ഫാ. ജിയോ കടവി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളം എന്നിവർ ആശംസകളർപ്പിച്ചു. തൊമ്മി പിടിയത്ത് സ്വാഗ തവും പ്രഫ. എലിസബത്ത് മാത്യു നന്ദിയും പറഞ്ഞു. ഡേവീസ് പുത്തൂർ ജോൺസൺ ജോർജ്ജ്, ലീല വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ജിയോ കടവി,** ഡയറക്ടർ

| | |
|---|---|
| പ്രൊഫ. കെ. എം. ഫ്രാൻസീസ് | ഡേവീസ് പുത്തൂർ |
| പ്രസിഡന്റ് | സെക്രട്ടറി |

# ഏകോപന സമിതി

**മികച്ച സംഘടന പ്രവർത്തകർക്കുള്ള അവാർഡ് 2016**

**നിർദ്ദേശങ്ങൾ**

1. അതിരൂപതയുടെ സംഘടനാ പ്രവർത്തകർക്കാണ് അവാർഡ് നൽകുക.
2. രണ്ടുവർഷമെങ്കിലും അതിരൂപത ഭാരവാഹിയായി പ്രവർത്തിച്ചിരിക്കണം
3. അതിരൂപതയിലെ ഓരോ സംഘടനയ്ക്കും മൂന്നുപേരെ നാമനിർദ്ദേശം ചെയ്യാം
4. സംഘനടകളുടെ അതിരൂപത സമിതിയ ചർച്ച ചെയ്ത് തീരുമാനിക്കുന്നവരുടെ പേരുകൾ ഡയറക്ടറുടെ കത്ത് അടക്കം ഏകോപന സമിതിക്ക് നൽകണം
5. നാമനിർദ്ദേശം ചെയ്യുന്ന മൂന്നുവ്യക്തികളുടെയും ബയോഡാറ്റയും സംഘടന പ്രവർത്തന പരിചയവും തയ്യാറാക്കി നൽകണം
6. 2016 ആഗസ്റ്റ് 31ന് മുമ്പായി അതിരൂപത കമ്മിറ്റികൾ ഏകോപന സമിതിയെ നാമനിർദ്ദേശങ്ങൾ ഏല്പിക്കണം
7. 2016 നവംബർ 5ന് 2 മണിക്ക് നടക്കുന്ന ഏകോപന സമിതി ജനറൽ ബോഡിയിൽ അവാർഡുകൾ പ്രഖ്യാപിക്കും.
8. അതിരൂപത അവാർഡ് ഡേയ്ക്കാണ് സംഘടനാ അവാർഡുകൾ നൽകുക.

**മോൺ തോമസ് കാക്കശ്ശേരി**
**വികാരി ജനറൽ**

**എ.ഡി. ഷാജു**
**സെക്രട്ടറി**

# ചിൽഡ്രൻസ് മിനിസ്ട്രി

ഫോൺ 0487 2325336, 9947582522

**തിരുബാലസഖ്യം**

തിരുബാലസഖ്യം ആനിമേറേറഴ്സിനും ലീഡേഴ്സിനുമായി അർദ്ധദിന സെമിനാർ ആഗസ്റ്റ് 20ന് ഡി.ബി.സി.എൽ.സി യിൽ വച്ച് ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 വരെ നടക്കുന്നു. പങ്കെടുക്കുന്നവർ ചിൽഡ്രസ് മിനിസ്ട്രി ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ജൂനിയർ സി.എൽ. സി & അൾത്താരസംഘം**

ജൂനിയർ സി എൽ സി യിലെയും അൾത്താരസംഘത്തിലെയും ആനിമേറേറഴ്സിനും ലീഡേഴ്സിനുമുള്ള അർദ്ധദിന സെമിനാർ ആഗസ്റ്റ് 27 ഡി.ബി.സി.എൽ.സി യിൽ വച്ച് ഉച്ചതിരിഞ്ഞ് 2 മണി മുതൽ മണി 4വരെ നടക്കുന്നു. പങ്കെടുക്കുന്നവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിക്കേണ്ടതാണ്

**തിരുബാലസഖ്യം, ജൂനിയർ സി.എൽ. സി & അൾത്താരസംഘം**

ഇടവക തലത്തിൽ തിരുബാലസഖ്യം കുട്ടികൾക്കും, അൾത്താരസംഘം കുട്ടികൾക്കും, ജൂനിയർ സി എൽ സി കുട്ടികൾക്കുമായി ക്രിസ്തീയത നേതൃത്വം എന്ന വിഷയത്തെകുറിച്ച് ഓറിയന്റേഷൻ ക്ളാസ്സ് നടത്താൻ വികാരിയച്ചനും,ആനിമേറ്റേഴ്സും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**അൾത്താരസംഘം**

അൾത്താരസംഘം കുട്ടികൾ അവരുടെ മദ്ധ്യസ്ഥനായ വി.ജോൺ ബെർക്കുമെൻസിന്റെ തിരുന്നാൾ ആഗസ്റ്റ് 13ന് ആചരിക്കുന്നു. ഇടവകതലത്തിൽ മധ്യസ്ഥന്റെ തിരുന്നാൾ ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് ഓർമ്മപ്പെടുത്തുന്നു.അന്നേ ദിവസം കുട്ടികൾ ഒരുമിച്ചു കുർബ്ബാന മദ്ധ്യേ കാഴ്ച സമർപ്പണം നടത്താനും,മീറ്റിംങ് കൂടാനും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. അന്ന് കാരുണ്യവർഷത്തിനോട് കുട്ടികളുടെ ഉപവി പ്രവർത്തനങ്ങൾ ആസ്പദമാക്കി ഒരു ഓറിയന്റേഷൻ ക്ലാസ്സ് നടത്താനും പതാകദിനം നടത്താനും ഓർമ്മിപ്പിക്കുന്നു

**ബൈബിൾ പൂക്കഴേഴ്സ് 2017**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മത

ബോധന വിദ്യാർത്ഥികൾക്കായി ബൈബിളിനെ ആസ്പദമാക്കി പൂക്കളമത്സരം സംഘടിപ്പിക്കുന്നു. 2016 സെപ്തംബർ 12 ന് കുരിയച്ചിറ സെ.ജോസഫ് സ്കൂൾ കോംപ്ലക്സിൽ വച്ച് രാവിലെ 9 മണി മുതൽ 12 മണി വരെയാണ് മത്സരം നടത്തപ്പെടുക. പങ്കെടുക്കുന്നവർ ആഗസ്റ്റ് 27ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

1. പന്ത്രണ്ടാം ക്ലാസ്സും അതിനുതാഴെയുള്ള ക്ലാസ്സുകളിലെ മതബോധന വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2. ഒരു ഇടവകയിൽ നിന്നും ഒരു ടീം മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.ടീമിൽ 7 പേർ കവിയരുത്.

   3.5 അടിയുള്ള സമചതുരത്തിനുള്ളിൽ ഒതുങ്ങുന്ന ഏതാകൃതിയുള്ള പൂക്കളവും നിർമ്മിക്കാവുന്നതാണ്.

4. ബൈബിൾ സംഭവങ്ങളെ ആസ്പദമാക്കി വേണം പൂക്കളം നിർമ്മിക്കാൻ
5. പൂവ് ഉൾപ്പെടെ എന്ത് ഉപയോഗിച്ച് വേണമെങ്കിലും കളം നിർമ്മിക്കാം.മത്സരഹാളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുറത്ത്നിന്ന് യാതൊരു സഹായവും ലഭിക്കുന്നതല്ല.
6. രജിസ്ട്രേഷൻ ഫീസ് 125 രൂപയാണ്.
7. രാവിലെ 8.50ന് നടക്കുന്ന നറുക്കെടുപ്പിലൂടെയാണ് പൂക്കളത്തിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക.
8. ഒന്ന്,രണ്ട്,മൂന്ന് സമ്മാനങ്ങളും കൂടാതെ 10 പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു.പങ്കെടുക്കുന്നവർ ആഗസ്റ്റ് 27ന് മുമ്പായി പാസ്റ്റർ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.രജിസ്റ്റർ ചെയ്യാത്ത ടീമുകളെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

**കലോത്സവം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഫൊറോനതല മത്സരം സെപ്തംബർ 15 മുതൽ ഒക്ടോബർ 15 വരെയുള്ള ദിവസങ്ങളിൽ നടത്താൻ ഫൊറോന പ്രൊമോട്ടർമാരും ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ. കഴിഞ്ഞ വർഷങ്ങളിലെപോലെതന്നെയാണ് മത്സരങ്ങളുടെ നിബന്ധനകൾ

ചിൽഡ്രൻസ് മിനിസ്ട്രി പുതിയ ഫൊറോന ഭാരവാഹികൾ

| Forane | HC Animator | JCLC Animator | ABA Animator |
|---|---|---|---|
| Lourde | Sobha Johnson<br>Beena Sevi<br>Jeevan Joy | Sr. Arpitha .M.C.<br>Sr. Jane Maria | Jeevan Joy<br>Sr. Flosy CMC |
| Basilica | Bindhu Joby<br>Preema Paily | Sr. Amal Theres<br>Sr. Linet | Aji Jose<br>Sr. Jees Rose |
| Chelakkara | Sr. Boby Paul | Sr. Bincy Maria | Sr. Rita Eluvathingal |
| Erumapetty | Preetha Wilson<br>Sheeja Robert | | |
| Kandasankadav | Jiji Johnson<br>Teres T. W. | Siji Roy<br>Ejo Anto K. | Anson C.A<br>Sr. Jaimary |
| KOTTEKKAD | Sr. Hridya CMC | | |
| MATTOM | Mrs. Mary George | | Sr. Pavana CSS |
| OLLUR | Reena Jose<br>Lissy Jose | Sr. Grace Maria | Br. Christo Thekkanath |
| PALAYUR | Rosily Johnson<br>Anuja K. Anto | Sr. Philo SKD<br>Beena Simon | Jessy Shaju<br>Br. Livin Thalakottur |
| PARAPPUR | K.R. Bini<br>Sr. Mimmy Jose | Shiji Joshy | Ribilo Thekkekara<br>Sibi Biju |
| PATTIKAD | Sr. Anisha<br>Sr. Rani Maria | Sr. Sienna<br>Sr. Ann Rose | Sr. Kripa Toms CHF<br>Sr. Nima Rose |
| PAZHUVIL | Sr. Bilgy Anto | | |
| PUDHUKAD | Sr. Annamma Joseph<br>Mrs. Annies Joy | Jessy Joseph<br>Sr. Riya Therese MSMI | Sr. Lissy Antony<br>Sr. Shali SKD |
| PUTHUR | Sr. Clara DSS<br>Sr. Serin Clare FCC | | Sr. Divya Chacko SKD |
| VELUR | Seena Benny<br>Shiny Joseph | Princy Francis<br>Sr. Sneha CSN | Varghese Alappat<br>Austine Joseph |
| WADAKKANCHERY | Sr. Visi Vazhappilly<br>Annie George | Sr. Rose Jane CHF | Sr. Pushpi Anto<br>Sr. Maria Siji FMDA |

**പരിചയപ്പെടുത്തുന്ന വിശുദ്ധ** – വി ക്ളാര (ആഗസ്റ്റ് 11)
**തിരുവചനപഠനം** –കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ് (സങ്കീ 16:5)
**പ്രാർത്ഥനാനിയോഗം** – രാഷ്ട്രീയ സമാധാനത്തിന് വേണ്ടി
**സുകൃതജപം** –എന്റെ ഹൃദയം അങ്ങേ ഹൃദയത്തിന് അനുയോജ്യമായ പൂങ്കാവനമാക്കണമേ
**പ്രവർത്തനം** – സുവിശേഷത്തിന് സാക്ഷ്യം നൽകുക

കോഡിനേറ്റർ
സി. റെജി SSPC

ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി
റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ

# കെ. സി. എസ്. എൽ.

**എ പ്ലസ് നേടിയവരെ അനുമോദിച്ചു**

തൃശ്ശൂർഅതിരൂപതയിലെ വിവിധ സ്കൂളുകളിൽ നിന്ന് SSLC, Plus Two പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ കെ.സി.എസ്. എൽ അംഗങ്ങളെ അതിരൂപത KCSL അനുമോദിച്ചു. 24.06.2016ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന യോഗത്തിൽ 485 ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് മൊമന്റോ നൽകി അനുമോദിച്ചു. അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരി അനുമോദന യോഗം ഉദ്ഘാടനം ചെയ്ത് മൊമന്റോ വിതരണം ചെയ്തു.

**ചാരിറ്റി മാതൃകാ യൂണിറ്റുകൾ**

കഴിഞ്ഞ വർഷത്തെ KCSL ചാരിറ്റി പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച 4 യൂണിറ്റുകളെ അനുമോദിച്ചു. യു. പി. വിഭാഗത്തിൽ സെന്റ് സേവ്യേഴ്സ് യു. പി. എസ്. പുതുക്കാട്, എച്ച് എസ്. വിഭാഗത്തിൽ SHCGHS തൃശ്ശൂരും, L.F. C.G.H.S. ചേലക്കരയും, HSS വിഭാഗത്തിൽ LFCGHSS മമ്മിയൂരും സർട്ടിഫിക്കറ്റും, ട്രോഫിയും ഏറ്റുവാങ്ങി.

**ശില്പശാലകൾ**

KCSL ഈ വർഷത്തെ ശില്പശാലകൾ 13.08.2016ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് HSS ൽ വച്ച് നടത്തപ്പെടുന്നു. സാഹിത്യം, ചിത്രരചന, സ്റ്റഡി സർക്കിൾ എന്നീ മൂന്നുവിഷയങ്ങളിൽ വിദഗ്ദർ ക്ലാസ്സുകൾ നയിക്കുന്നു. എല്ലാ യൂണിറ്റുകളിൽ നിന്നും താല്പര്യമുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്.

**പുസ്തകവിതരണം**

KCSL ഈ വർഷത്തെ പഠനവിഷയ പുസ്തകമായ 'ജീവനും ജീവിതവും സഹജീവികൾക്ക്" എന്ന പുസ്തകത്തിന്റെ വിതരണം 13.08.16ന് ശില്പശാലയോടുകൂടീ നടത്തപ്പെടുന്നു. ഈ പുസ്തകത്തിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്. റവ. ഫാ. ഡേവീസ് ചിറമ്മലാണ്.

**കലോത്സവ, മെമ്പർഷിപ്പ്, സ്കോളർഷിപ്പ് ഫോമുകൾ**

ഈ വർഷത്തെ ബൈബിൾ കലോത്സവത്തിലും സാഹിത്യോത്സവത്തിലും പങ്കെടുക്കേണ്ട കുട്ടികളുടെ ലിസ്റ്റ് 13.08.16ന് കൊണ്ടുവരേണ്ടതാണ്.

ഓരോ യൂണിറ്റും ഈ വർഷത്തെ KCSL അംഗത്വഫോം പൂരിപ്പിച്ച് 10 രൂപ വീതം ഓരോ അഗംത്തിനുവേണ്ടി 13.08.16ന് KCSL ഓഫീസിൽ അടയ്ക്കേണ്ടതാണ്.

KCSL കുട്ടികളുടെ പഠനസഹായത്തിനായി ഏർപ്പെടുത്തിയ മാർ കുണ്ടുകുളം നവതി സ്കോളർഷിപ്പുകൾക്കായുള്ള അപേക്ഷാഫോം 13.08.2016 KCSL ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ജോൺ റാഫേൽ**
പ്രസിഡണ്ട്

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# ഗായകസംഘം

**ഗായക സംഘം ഭാരവാഹികളുടെ കാലാവധി ഏകീകരണം**

21.02.2016ന് കൂടിയ ജനറൽ ബോഡിയോഗത്തിന്റെ നിർദ്ദേശങ്ങൾ അഭ്യർത്ഥനപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ അഭിവന്ദ്യപിതാവ് അനുവദിച്ചു.

1. 2016 ഡിസംബറിൽ നടക്കുന്ന രൂപത തിരഞ്ഞെടുപ്പിനോടൊപ്പം ഇടവക ഫൊറോന, ഭാരവാഹികളുടെയും തിരഞ്ഞെടുപ്പു നടത്തുക.

2. മൂന്നു തലത്തിലേയും ഭാരവാഹികളുടെ കാലാവധി 3 വർഷമായി നിശ്ചയിക്കുക.

3. കാലാവധി ഏകീകരിക്കുന്നതിന്റെ ഭാഗമായി 3 വർഷം പൂർത്തിയാക്കിയ ഫൊറോന ഭാരവാഹികളുടെ കാലാവധി ഈ വർഷത്തിലെ ഇലക്ഷൻ വരെ നീട്ടുക.

ഈ നിർദ്ദേശങ്ങൾ അനുസരിച്ച് തിരഞ്ഞെടുപ്പുകൾ നടത്തുവാൻ ഓരോ തലത്തിലെയും ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

**സംഗീത ജപമാല 'റോസ മിസ്റ്റിക്കാ' 2016**

അതിരൂപത ഗായക സംഘത്തിന്റെ നേതൃത്വത്തിൽ ഇടവക ഫൊരോന തലങ്ങളിൽ 'റോസ മിസ്റ്റിക്ക സംഗീത ജപമാല സംഘടിപ്പിക്കുന്നു. മരിയൻ സന്ദേശവും സംഗീതജപമാലയും വി. കുർബ്ബാനയും ഉൾക്കൊള്ളുന്ന റോസ മിസ്റ്റിക്ക വിവിധ ഇടവകകളിലെയും ഫൊറോനകളിലെയും ഗായകസംഘങ്ങളുടെ നേതൃത്വത്തിൽ ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ സംഘടിപ്പിക്കുന്നു. സംഗീത ജപമാലയുടെ സി.ഡി.കൾക്ക് അതിരൂപതാ ഭാരവാഹികളെ ബന്ധപ്പെടുക. പ്രധാനമായും ഫാ. ആന്റണി കുരുതുകുളങ്ങര നേതൃത്വം നൽകിയ 'ഈശോയോടൊപ്പം അമ്മ മരത്തണലിൽ' എന്ന ആൽബത്തിലെ ഗാനങ്ങളാണ് സംഗീത ജപമാലയിൽ ഉപയോഗിക്കുന്നത് ഒക്ടോബർ മാസം അവസാനം അതിരൂപതാ തലത്തിൽ സംഗീത ജപമാലയുടെ ആഘോഷപൂർവ്വമായ സമാപനം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് അതിരൂപതാ ഗായകസംഘം പ്രസിഡന്റ് ടോമി പന്ത്രണ്ടേൽ (9447352111) സെക്രട്ടറി വർഗ്ഗീസ് ആന്റണി (9605872091) എന്നിവരുമായി ബന്ധപ്പെടുക.

| | | |
|---|---|---|
| ടോമി പന്ത്രണ്ടേിൽ<br>പ്രസിഡണ്ട് | വർഗ്ഗീസ് ആന്റണി<br>സെക്രട്ടറി | ഫാ. പോൾ പുളിക്കൻ<br>ഡയറക്ടർ |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സി.സി. വാർത്തകൾ**

1. റവ. ഫാ. പോൾ വട്ടക്കുഴി, കുറ്റൂർ വനിത കോൺഫ്രൻസ് അംഗം സി. മേരി തോമസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. ബ്ര. റെനാറ്റോ ലിമ ഡി. ഒലിവൈറ സംഘടനയുടെ പ്രസിഡണ്ട് ജനറൽ ഇന്റർനാഷണൽ ആയി തെരഞ്ഞെടുക്കപ്പെട്ടു. 09.09.16 അദ്ദേഹം ചാർജ്ജെടുക്കുന്നതാണ്. സി.സിയുടെ അനുമോദനങ്ങൾ
3. 07.08.2016 ഞായറാഴ്ച 10 am മുതൽ 3 pm വരെ എ.സി. ഭാരവാഹികൾക്കും സി.സി. അംഗങ്ങൾക്കും പരിശീലന ക്ലാസ്സ്, തൃശ്ശൂർ വിൻസെൻഷ്യൽ കോംപ്ലക്സ് ഹാളിൽ വെച്ച് നടത്തുന്നു.
4. വൈലത്തൂർ ഇടവകയിൽ സംഘടനയുടെ 251-ാമത്തെ കോൺഫ്രൻസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 'ക്രൈസ്റ്റ് കിംങ്ങ്' യൂത്ത് കോൺഫ്രൻസ്
5. പുതുക്കാട് എ..സി. പ്രസിഡണ്ടിന്റെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സി. സിയുടെ പ്രതിനിധിയായി വൈ. പ്രസിഡണ്ട് ബ്ര.സണ്ണി ഒല്ലൂക്കാരനെ ചുമതലപ്പെടുത്തി.
6. കാരുണ്യസ്പർശം ഫണ്ടിൽ നിന്ന് ഇതുവരെയായി 3,63,000 രൂപ വിതരണം ചെയ്തിരിക്കുന്നു. അടുത്ത വർഷവും ഈ ഫണ്ടിന്റെ ധനസമാഹരണവും വിതരണവും തുടരുവാൻ തീരുമാനിച്ചു.
7. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കായി വരുന്ന അനാഥരോഗികളെ സഹായിക്കുന്നതിനായി താല്പര്യമുള്ള അംഗങ്ങൾ സി.സി. ഓഫീസിൽ അറിയിക്കണമെന്ന് സി. സി. പ്രസിഡന്റ് അറിയിച്ചു.

| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **ബ്ര. പോൾസൺ കെ. കെ.** |
|---|---|---|
| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കെ. എൽ. എം.

കെ.എൽ.എം അതിരൂപത കേന്ദ്ര സമിതിയുടെ ഒരു യോഗം 2016 ജൂൺ 26ാം തിയ്യതി തൃശ്ശൂർ ഓഫീസിൽ ചേരുകയുണ്ടായി. ഫാ. ജെനേസിയൂസ് അനുസ്മരണം വൻവിജയമാക്കി മാറ്റിയ നെല്ലിക്കുന്ന് യൂണിറ്റിനേയും പങ്കെടുത്ത എല്ലാവരേയും അതിരൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിച്ചു. തൊഴിലാളിഫോറങ്ങളുടെ നേതൃത്വത്തിൽ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ളവർക്കു നല്കുന്ന ആനുകൂല്യങ്ങളെകുറിച്ചും ഓൺലൈൻ രജിസ്ട്രേഷനെ സംബന്ധിച്ചും മറ്റു പ്രവർത്തന പരിപാടികളെ കുറിച്ചും ഫോറങ്ങളുടെ കൺവീനർമാർയോഗത്തെ അറിയിച്ചു. അതിരൂപതാ സമിതിയുടെയും യൂണിറ്റുകളുടേയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള സമയബന്ധിത പ്രവർത്തന പരിപാടികൾക്ക് അതിരൂപതാ സമിതിരൂപം നൽകിയിട്ടുണ്ട്. ഇവയുടെ വിജയത്തിനായ് എല്ലാ യൂണിറ്റു സമിതികളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

**അർദ്ധവാർഷിക ജനറൽ ബോഡി, ജൂലൈ 24, ഞായർ. പാസ്റ്ററൽ സെന്റർ, തൃശ്ശൂർ**

യൂണിറ്റുതലങ്ങളിലെ കെ.എൽ.എം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജൂലൈ 24ാം തിയ്യതി തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽവെച്ച് അർദ്ധവാർഷിക ജനറൽ ബോഡിയോഗം നടന്നു. 24 ഞായറാഴ്ച ഉച്ചക്ക് 02മണിക്ക് ആരംഭിച്ച സമ്മേളനം 4.30 ന് സമാപിച്ചു. യൂണിറ്റുകളിൽ നിന്ന് പ്രസിഡന്റ്, സെക്രട്ടറി, വനിതാവിഭാഗം പ്രസിഡന്റ്, സെക്രട്ടറി, മേഖലാ പ്രസിഡന്റ്, സെക്രട്ടറി എന്നിവരും, തൊഴിലാളി ഫോറങ്ങളുടെ സംസ്ഥാന സമിതി അംഗങ്ങൾ, അതിരൂപതാ സമിതികളുടെ പ്രസിഡന്റ്, സെക്രട്ടറി, കെ. എൽ.എം. സംസ്ഥാന, അതിരൂപത സമിതി അംഗങ്ങൾ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുത്തു.

**തൊഴിലാളിഫോറങ്ങളുടെ ജില്ലാസമ്മേളനങ്ങൾ**

തൊഴിലാളിഫോറങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട രൂപതാ സമിതിയുമായി ആലോചിച്ച് താഴെകൊടുത്തിരിക്കുന്ന തീയതികളിൽ റവന്യൂ ജില്ലാതലത്തിൽ തൊഴിലാളി ഫോറങ്ങളുടെ യോഗങ്ങൾ വിളിച്ചു ചേർക്കാൻ തീരുമാനിച്ചു. പ്രാദേശീകസമിതികളുടെ

ഭാരവാഹികളും യൂണിറ്റ് അംഗങ്ങളും ഈ യോഗത്തിൽ സംബന്ധിക്കണം. ഇതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഫോറങ്ങൾ യൂണിറ്റു സമിതികളെ അറിയിക്കുന്നതാണ്. തൃശ്ശൂർ അതിരൂപത UTA ചെയർമാനായി ഇ. പി. ജോസിനേയും കൺവീനറായി ജോയ് പോളിനേയും നിയോഗിക്കുകയും ജില്ലാസമ്മേളനങ്ങൾ കോഡിനേറ്റ് ചെയ്യുന്നതിന് ഉത്തരവാദിത്വം നല്കുകയുംചെയ്തു.

| നമ്പർ | ഫോറം | തിയ്യതി |
|---|---|---|
| 1 | സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ | 28/08/2016 |
| 2 | കേരള തയ്യൽ തൊഴിലാളിഫോറം | 31/07/2016 |
| 3 | കേരളചെറുകിടതോട്ടംതൊഴിലാളിഫോറം | 06/08/2016 |
| 4 | കേരളമോട്ടോർ ട്രാൻസ്പോർട്ട്തൊഴിലാളിഫോറം | 21/08/2016 |
| 5 | കേരളഗാർഹീകതൊഴിലാളിഫോറം& കൈതൊഴിലാളി, വിദഗ്ദതൊഴിലാളിഫോറം | 07/08/2016 |

കേരള പീടിക തെഴിലാളി ഫോറത്തിന്റെ യോഗം ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഇവയുടെ വിജയത്തിനായ് എല്ലാ യൂണിറ്റു സമിതികളുടേയും സജീവമായസഹകരണം അഭ്യർത്ഥിക്കുന്നു.

**അതിരൂപതക്വിസ് മത്സരം**

കെ.എൽ.എം അതിരൂപത നിയമാവലി, പ്രവർത്തനങ്ങൾ, കത്തോലിക്കാസഭ മാസികയിൽ 2016 ജനുവരി മുതൽ ആഗസ്റ്റ്വരെ അച്ചടിച്ചുവന്നിരുന്ന കെ.എൽ.എം വാർത്തകളുംവിശേഷങ്ങളുംമറ്റും ഉൾപെടുത്തിഅതിരൂപത തലത്തിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. എല്ലാ യൂണിറ്റുകളിൽ നിന്നും അംഗങ്ങളെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. മത്സരം സെപ്തംബറിൽ ആയിരിക്കും. വിശദവിവരങ്ങൾ പിന്നീട്അറിയിക്കുന്നതായിരിക്കും.

**തൊഴിലാളി, തൊഴിലുടമ, ട്രെയ്ഡ്യൂണിയൻ സംഗമം**

കെ.എൽ.എം അതിരൂപത സമിതിയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നടന്നിരുന്നതുപോലെ തൊഴിലാളി, തൊഴിലുടമ, ട്രെയ്ഡ്യൂണിയൻ സംഗമം ഈ വർഷവും ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കുന്നു. വിവിധ തൊഴിലാളി വിഭാഗങ്ങളുടെ ശക്തീകരണത്തിനും സർക്കാരിന്റെ യഥോചിതമുള്ള ഇടപെടലിനും കാരണമാകാറുള്ള സംഗമം

ഈ വർഷം പീടിക തൊഴിലാളികളെ കേന്ദ്രീകരിച്ചാണ് സംഘടിപ്പിക്കുന്നത്. ശ്രീ. ഷാജു പേരാമംഗലത്തിനെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്നു.


**കെ.എൽ.എം സംഘടനാ തിരഞ്ഞെടുപ്പ്**

കെ.എൽ.എം അതിരൂപത നിയമാവലി അനുസരിച്ച് സംഘടനാ തിരഞ്ഞെടുപ്പ് ഈ വർഷം അവസാനത്തോടുകൂടി നടത്തേണ്ടണ്ടതാണെന്ന കാര്യംഓർമപ്പെടുത്തുന്നു. രണ്ടുവർഷങ്ങൾ ആയിരിക്കും തുടർന്നു തിരഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവുധി. യൂണിറ്റു സമിതികൾ സെപ്തംബർ, ഒക്ടോബർ മാസങ്ങളിലും, മേഖലസമിതികൾ (ഫൊറോന) നവംബറിലും അതിരൂപത സമിതി ഡിസംബറിലും തിരഞ്ഞെടുക്കപ്പെടണം. മുൻകൂട്ടി തിരഞ്ഞെടുപ്പ് നടത്തുന്ന ഇടവകസമിതികൾ അക്കാര്യം രൂപതയെ അറിയിക്കേണ്ടതും അതിരൂപത സമിതിയിൽ നിന്നുംഒരാളുടെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടണ്ടതുമാണ്.

സ്നേഹപൂർവ്വം,


ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ
ഡയറക്ടർ

വർഗീസ് കെ. വി.
ജനറൽസെക്രട്ടറി


ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ
വി.ജോൺ മരിയ വിയാനി
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.07.2016
**Aug. 2016**




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005